# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 സെപ്റ്റംബർ 29 | ദീപം 55 | നാളം 29 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




ജോർജ് കള്ളിവയലിൽ



## ഗവർണർ X മുഖ്യമന്ത്രി

# ഇതു കേമത്തമല്ല, ആപത്താണ്

സംസ്ഥാനങ്ങളുടെ ഭരണത്തിൽ ഭരണഘടനയെയും നിയമത്തെയും സംരക്ഷിക്കുക എന്നതാണ് ഗവർണറുടെ പ്രാഥമികധർമം എന്ന് ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം (ആർട്ടിക്കിൾ) 159 പറയുന്നു. അനുച്ഛേദം 156 അനുസരിച്ച് രാഷ്ട്രപതി നിയമിക്കുന്ന ഗവർണർക്ക് അഞ്ചു വർഷമാണു കാലാവധി. സ്വയം രാജിവയ്ക്കുന്നതിനോ, രാഷ്ട്രപതിക്കു പിരിച്ചുവിടുന്നതിനോ തടസ്സമില്ല.

ഗവർണർ സംസ്ഥാനത്തിന്റെ ആചാരപരമായ തലവനാണ്. ജനങ്ങൾ തിരഞ്ഞെടുത്ത മന്ത്രിസഭയുടെ ഉപദേശപ്രകാരം ഗവർണർ പ്രവർത്തിക്കണമെന്നാണു ചട്ടം. സംസ്ഥാനഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുകയാണു ഗവർണറുടെ ദൗത്യം എന്നാണു വയ്പ്. സർക്കാരിനെ പിരിച്ചുവിട്ട് രാഷ്ട്രപതിഭരണത്തിനു ശിപാർശ ചെയ്യാനും ഗവർണർക്ക് അധികാരമുണ്ട്. അത്തരത്തിൽ രാഷ്ട്രപതിഭരണം നിലവിൽ വന്നാൽ ഗവർണർക്കു കാര്യമായ ഭരണാധികാരങ്ങൾ ഉണ്ടായിരിക്കും. രാഷ്ട്രപതിയുടെ (കേന്ദ്രസർക്കാരിന്റെ) ഒരു ഏജന്റായാണു ഗവർണർ ഇക്കാലത്തു പ്രവർത്തിക്കുക.

സർക്കാരിന്റെ നയപ്രഖ്യാപനം വായിക്കാൻ മാത്രമേ ഗവർണർക്കു കഴിയൂ. രാഷ്ട്രീയമായി ഇഷ്ടമില്ലാത്ത കാര്യങ്ങളും ഗവർണർമാരെക്കൊണ്ട് പറയിപ്പിക്കുന്നതു പലതവണ കേരളം കണ്ടു. എന്റെ സർക്കാർ എന്നാണ് നിയമസഭയിൽ ഗവർണർ അഭിസംബോധന ചെയ്യുന്നത്. അതിനാൽത്തന്നെ സർക്കാരിന്റെ മേലധികാരിയല്ല, ഉപദേശകനും സഹായിയുമാകണം ഗവർണർ. കേരളത്തിന്റെ സുപ്രധാനഭരണാധികാരികൾ വിടുവായത്തവുമായി ഏറ്റുമുട്ടിയാൽ ജനങ്ങൾക്കും സംസ്ഥാനത്തിനുമാണു ക്ഷീണം. ‘ആശാനക്ഷരമൊന്നു പിഴച്ചാൽ അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന്’ എന്ന പഴമൊഴി മറക്കരുതല്ലോ.

### തടസ്സപ്പെടുത്തലല്ല ഗവർണറുടെ ദൗത്യം

രാഷ്ട്രപതിഭരണം ഇല്ലാതെ കേന്ദ്രത്തിന്റെ ഏജന്റായി ഗവർണർ പ്രവർത്തിക്കുന്നതും ജനാധിപത്യസർക്കാരിന്റെ ഭരണനിർവഹണ (എക്സിക്യൂട്ടീവ്) അധികാരങ്ങൾ തടസ്സപ്പെടുത്തുകയോ കൈകടത്തുകയോ ചെയ്യുന്നതും ജനാധിപത്യത്തിനു വെല്ലുവിളിയാണ്. സർക്കാരിനെ ഭരണഘടനാപരമായി പ്രവർത്തിക്കുന്നതിൽ സഹായിക്കുകയാണു ഗവർണറുടെ പ്രധാന ദൗത്യം. ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ അട്ടിമറിക്കാനോ ഭരണം തടസ്സപ്പെടുത്താനോ നേരിട്ടു രാഷ്ട്രീയത്തിൽ ഇടപടാനോ ഗവർണറെ ഭരണഘടന അനുശാസിക്കുന്നില്ല.

ഗവർണർമാരുടെ നിയമനിർമാണ അധികാരങ്ങൾ പരിശോധിക്കാം. നിയമസഭയാണു ബില്ലുകൾ ചർച്ച ചെയ്തു പാസ്സാക്കേണ്ടത്. ഇത്തരത്തിൽ സഭ പാസ്സാക്കുന്ന ബില്ലുകൾ (മണി ബിൽ ഒഴികെ) ഗവർണറുടെ അനുമതിക്കായി നൽകണം. സാധാരണഗതിയിൽ ഇത്തരം ബില്ലുകൾക്ക് താമസം കൂടാതെ ഗവർണർ അംഗീകാരം നൽകുന്നു. എന്നാൽ, തന്റെ സമ്മതം തടഞ്ഞുവയ്ക്കാനും വ്യവസ്ഥയുണ്ട്. ഇത്തരം ബിൽ പുനഃപരിശോധനയ്ക്കായി നിയമസഭയ്ക്കു തിരികെ നൽകും. പുനരവലോകനങ്ങളോടെയോ അല്ലാതെയോ സംസ്ഥാന നിയമസഭ വീണ്ടും ഈ നിയമം പാസ്സാക്കുകയാണെങ്കിൽ ഗവർണർ തന്റെ സമ്മതം നൽകണമെന്നാണ് വ്യവസ്ഥയും കീഴ്‌വഴക്കവും. അല്ലെങ്കിൽ രാഷ്ട്രപതിയുടെയും മന്ത്രിസഭയുടെയും പരിഗണനയ്ക്കായി തന്റെ പ്രസ്താവന റിസർവ് ചെയ്യണമെന്നാണു വ്യവസ്ഥ.

നിയമസഭ വിളിച്ചുകൂട്ടാനും പ്രൊറോഗ് ചെയ്യാനും പിരിച്ചുവിടാനും ഗവർണർക്ക് അധികാരമുണ്ട്. പക്ഷേ, ഇതു സാങ്കേതികമാണ്. മന്ത്രിസഭയുടെ ശിപാർശയനുസരിച്ചാണ് കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും പാർലമെന്റും നിയമസഭകളും രാഷ്ട്രപതിയും ഗവർണറും ഈ ചുമതല നിറവേറ്റുക. ജുഡീഷ്യൽ, സാമ്പത്തിക അധികാരങ്ങളുടെ കാര്യത്തിലും ഗവർണർ ഒപ്പുവയ്ക്കുന്നത് പ്രധാനമായും സാങ്കേതികമാണ്. ഉദാഹരണത്തിന്, ഹൈക്കോടതിയിലേക്കു ജഡ്ജിമാരെ നിയമിക്കുമ്പോൾ സംസ്ഥാനഗവർണറുമായി രാഷ്ട്രപതി കൂടിയാലോചിക്കുന്നു എന്നാണു വയ്പ്. എന്നാൽ, സുപ്രീംകോടതി കൊളീജിയത്തിന്റെ ശിപാർശയിന്മേൽ കേന്ദ്രസർക്കാർ എടുക്കുന്ന തീരുമാനം അംഗീകരിച്ചു രാഷ്ട്രപതി ഉത്തരവിറക്കുകയാണു ചെയ്യുന്നത്.

▶8

# റബർകർഷകർക്കെന്നും കഷ്ടദിനങ്ങൾ!



അഡ്വ. വി. സി. സെബാസ്റ്റ്യൻ

കേരളത്തിലെ റബർകൃഷിയുടെ കാലം കഴിയുകയാണോ? റബർമേഖലയിലുണ്ടായിരിക്കുന്ന കഴിഞ്ഞ പത്തു വർഷക്കാലത്തെ തകർച്ചയുടെ ചിത്രം വിരൽചൂണ്ടുന്നത് ഈ ദിശയിലേക്കാണ്. വിലത്തകർച്ച ഉയർത്തുന്ന പ്രതിസന്ധിയിൽ അവഗണിക്കപ്പെട്ട് നിലനില്പുതന്നെ ചോദ്യം ചെയ്യപ്പെട്ടിരിക്കുമ്പോൾ, ഇനിയെന്ത് എന്നതിന് ഉത്തരമന്വേഷിക്കുകയാണ് ചെറുകിട റബർകർഷകർ. വിലയിടിവ് താൽക്കാലികം മാത്രമെന്നുള്ള റബർബോർഡ് ഉന്നതരുടെ സ്ഥിരം പല്ലവി വീണ്ടും വിശ്വസിക്കുന്ന മണ്ടന്മാരല്ല റബർകർഷകർ. ഉത്പാദനം കുറയുന്നുവെന്നു നിരന്തരം വിലപിക്കുന്നവരും കർഷകർക്കു ന്യായവില ഉറപ്പാക്കാൻ നിലവിലുള്ള റബർ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കാൻ ഉത്തരവാദിത്വമുള്ളവരും കർഷകനെ കുരുതികൊടുത്ത് റബർവ്യവസായികളുടെ മാത്രം സംരക്ഷകരായി അവതരിക്കുന്നത് കണ്ണുതുറന്നു കാണാൻ കേരളത്തിലെ കർഷകർക്കു സാധിക്കുന്നു. യാതൊരു അടിസ്ഥാനവും മാനദണ്ഡങ്ങളുമില്ലാത്ത ഉത്പാദന, ഉപഭോഗ, ഇറക്കുമതി, സ്റ്റോക്ക് കണക്കുകൾ അവതരിപ്പിച്ച് വിപണി തകർക്കുന്ന ക്രൂരത, റബർബോർഡിന്റെ കർഷകവിരുദ്ധതയുടെ എക്കാലത്തെയും കുതന്ത്രം വീണ്ടും ആവർത്തിക്കുകയാണിപ്പോഴെന്നു വിലത്തകർച്ചയുടെ ഈ നാളുകളിൽ റബർവിപണിയുടെ ചരിത്രം പഠിക്കുന്നവർക്കറിയാം.

### ആഫ്രിക്കൻരാജ്യങ്ങളിൽ റബർ

ഇക്കാലമത്രയും നാം കേട്ടിരുന്നത് ഇന്തോനേഷ്യ, തായ്‌ലണ്ട്, മലേഷ്യ തുടങ്ങി വിവിധ ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള റബർ ഇറക്കുമതിയാണ്. ആസിയാൻ സ്വതന്ത്രവ്യാപാരക്കരാറുകൾ ഇതിനു പിൻബലവുമേകിയിരുന്നു. എന്നാലിപ്പോൾ പുറത്തുവരുന്ന വിവരങ്ങൾ ആഫ്രിക്കൻരാജ്യങ്ങളിൽനിന്ന്, പ്രത്യേകിച്ച് ഐവറി കോസ്റ്റിൽനിന്നുള്ള റബർ ഇറക്കുമതി കുതിക്കുന്നുവെന്നതാണ്. വ്യാവസായികാടിസ്ഥാനത്തിൽ പ്രകൃതിദത്തറബർ ഉത്പാദിപ്പിച്ചു കയറ്റുമതി ചെയ്യുന്ന നാലാമത്തെ രാജ്യമായി ഐവറി കോസ്റ്റ് മാറിയിരിക്കുന്നു. ലഭ്യമായ കണക്കുകൾ പ്രകാരം ചില മാസങ്ങളിൽ ഇന്ത്യയിലേക്കുള്ള റബർ ഇറക്കുമതിയുടെ 28 ശതമാനവും ആഫ്രിക്കൻരാജ്യങ്ങളിൽനിന്നാണ്. ആഫ്രിക്കൻരാജ്യങ്ങളിൽനിന്നുള്ള ഇറക്കുമതി ചൂണ്ടിക്കാട്ടി തെക്കുകിഴക്കൻ ആസിയാൻ രാജ്യങ്ങളെ സമ്മർദത്തിലാക്കി വിലപേശി വിപണി ഇടിച്ച് നേട്ടംകൊയ്യുന്ന ഇന്ത്യൻ വ്യവസായികളുടെ തന്ത്രങ്ങൾ വിജയം കാണുമ്പോൾ, ആഭ്യന്തര റബർവിപണിയിലും അതിന്റെ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ബാങ്കോക്ക് മാർക്കറ്റിലെ നിലവിലെ വിലയിടിവിനു പിന്നിൽ ഈ വിലപേശൽ തന്ത്രത്തിന്റെ സ്വാധീനവും സംശയിക്കപ്പെടുന്നു.

ഐവറി കോസ്റ്റ് മാത്രമല്ല ഘാന, നൈജീരിയ, കാമറൂൺ തുടങ്ങിയ രാജ്യങ്ങളും വൻ റബറുത്പാദകരാജ്യങ്ങളായി മാറുമ്പോൾ, കുറഞ്ഞ ചെലവിൽ ബ്ലോക്ക് റബർ സുലഭമാകുന്ന സാഹചര്യം ഉണ്ടാവുകയും ആഗോളവിപണിയിൽ ഉത്പാദനവർദ്ധന സൃഷ്ടിക്കുന്ന വിലയിടിവ് വ്യവസായികൾക്കു നേട്ടമാകുകയും ചെയ്യും.


▶12

# ജാതി സംസാരിക്കുന്ന സിനിമകൾ




വീയെൻ

**കൂ**ട്ടുകാരായ രണ്ടു കൊച്ചുകുട്ടികൾ. ഒരാൾ ഹൈന്ദവനും മറ്റെയാൾ മുസ്ലീമും. ഇരുവരും ആരാധനാലയത്തിലേക്കുളള യാത്രയിലാണ്. അതിനിടയിൽ അതിലൊരാൾ ചെറിയൊരു കുസൃതിയൊപ്പിച്ചു. മുസ്ലീം മതവിശ്വാസിയായ കൂട്ടുകാരന്റെ തൊപ്പിയെടുത്ത് അവൻ ധരിച്ചു. അങ്ങനെതന്നെയാണ് അവൻ അമ്പലത്തിലേക്കു കയറിയതും.



അവൻ അമ്പലത്തിൽനിന്ന് ഇറങ്ങിവരുന്നത് ഒരു മുതിർന്ന വ്യക്തി കണ്ടു. ഒരു അഹിന്ദു ക്ഷേത്രത്തിൽ പ്രവേശിച്ച് ക്ഷേത്രം അശുദ്ധമാക്കിയിരിക്കുന്നു. ബാഹ്യമായ അടയാളംകൊണ്ടുമാത്രം ജാതിയും മതവും വിലയിരുത്തി അയാൾ എത്തിച്ചേരുന്ന നിഗമനമാണത്. ഒട്ടും വൈകാതെ ഗ്രാമത്തിൽ ഒരു വർഗീയസംഘർഷം ഉടലെടുത്തു. പലരും മരിച്ചു. പലർക്കും പരിക്കേറ്റു. രാജീവ് അഞ്ചലിന്റെ 'ഗുരു' എന്ന സിനിമയിലെ ഒരു രംഗമാണ് ഇത്. 1997 ലാണ് ചിത്രം പുറത്തിറങ്ങിയത്.

സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികത്തിലാണ് ഇന്ത്യയിൽ ദുഃഖകരമായ ആ വാർത്ത റിപ്പോർട്ടു ചെയ്തത്. മേൽജാതിക്കാർക്കുവേണ്ടി സ്കൂളിൽ പ്രത്യേകം നീക്കിവച്ചിരുന്ന വെള്ളം എടുത്തുകുടിച്ചതിന് അധ്യാപകന്റെ അടിയേറ്റ കീഴ്ജാതിക്കാരനായ വിദ്യാർത്ഥി മരിച്ച സംഭവമായിരുന്നു അത്. അതിനു തൊട്ടുപിന്നാലെ മറ്റൊരു വാർത്തയുമെത്തി. ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ എംഎൽഎ വീട്ടുജോലിക്കാരിയായ ദളിത് സ്ത്രീയെക്കൊണ്ടു മൂത്രം കുടിപ്പിച്ചുവെന്നും ടോയ്‌ലറ്റ് നാവുകൊണ്ടു വൃത്തിയാക്കിച്ചുവെന്നുമൊക്കെയായിരുന്നു ആ വാർത്ത.

സ്വാതന്ത്ര്യം നേടിക്കഴിഞ്ഞിട്ടും ഇന്നും പല കാര്യങ്ങളിലും നാം സ്വതന്ത്രരല്ല എന്നും ജാതിയുടെയും മതത്തിന്റെയും ദുഷിച്ച ചിന്തകളിൽനിന്ന് ഇനിയും മുക്തരായിട്ടില്ല എന്നുമാണ് ഈ സംഭവങ്ങളെല്ലാം വ്യക്തമാക്കുന്നത്. സത്യസന്ധമായി വിലയിരുത്തിയാൽ എല്ലാവരുടെയും ഉള്ളിൽ അവരവരുടെ ജാതി - മതചിന്തകളൊക്കെയുണ്ട്. വിശ്വാസരീതികളോടു മതിപ്പും ആദരവും ഉണ്ടാകേണ്ടത് നല്ലതും അത്യാവശ്യവുമാകുമ്പോഴും മനുഷ്യത്വത്തിനു വിരുദ്ധവും അപമാനകരവുമായ രീതിയിൽ അതു പുറത്തുവരുന്നത് തികച്ചും പരിഹാസ്യമെന്നേ പറയാനാവൂ. അതൊരിക്കലും പ്രോത്സാഹജനകവുമല്ല.

മനുഷ്യരുടെ ഉള്ളിലെ ഇത്തരം ജാതിചിന്തകളെ മറനീക്കി അവതരിപ്പിച്ച രണ്ടു സിനിമകൾ മലയാളത്തിൽ അടുത്തകാലത്ത് ഇറങ്ങുകയുണ്ടായി. മമ്മൂട്ടിയുടെ പുഴുവും ഫഹദ് ഫാസിലിന്റെ മലയൻകുഞ്ഞും.

ജാതീയചിന്തകൾകൊണ്ടു മലീമസമായ കഥാപാത്രമാണ് പുഴുവിലെ കേന്ദ്രകഥാപാത്രമായ കുട്ടന്റേത്. ബ്രാഹ്മണസമുദായാംഗമായ അദ്ദേഹം ഉന്നതപദവിയിലുള്ള ഐപിഎസ് ഓഫീസറാണ്. പക്ഷേ, ഉള്ളിൽ ഇപ്പോഴും ജാതിയെ അയാൾ ആവശ്യത്തിൽക്കൂടുതൽ ഭാരത്തോടെ ചുമന്നു നടക്കുന്നു. സഹോദരി തീയറ്റർ ആർട്ടിസ്റ്റായ കുട്ടപ്പനെ പ്രണയിച്ച് കല്യാണം കഴിച്ചതുകൊണ്ടുമാത്രമല്ല, അയാളൊരു കീഴാളജാതിക്കാരനായതുകൂടിയാണ് കുട്ടനെ അസ്വസ്ഥനാക്കുന്നത്.

ഒരു പ്രത്യേക സാഹചര്യത്തിൽ സഹോദരിയും ഭർത്താവും തൊട്ടടുത്ത ഫ്ളാറ്റിൽ താമസക്കാരായി എത്തുന്നതോടെ ആ അസ്വസ്ഥതകൾ മൂർദ്ധന്യത്തിലെത്തുന്നു. എന്നിട്ടും സഹോദരിയുടെ ക്ഷണം സ്വീകരിച്ച് അയാൾ ഒരുനാൾ ഫ്ളാറ്റിലെത്തുന്നു. തങ്ങൾക്കുണ്ടാകാൻ പോകുന്ന പെൺകുഞ്ഞിന് നങ്ങേലിയെന്നാണ് പേരിടാൻ ഉദ്ദേശിക്കുന്നതെന്നു പറയുമ്പോൾ കുട്ടപ്പന് അവാർഡ് കിട്ടിയ ശില്പം കൊണ്ടുതന്നെ കുട്ടൻ അയാളെ അടിച്ചുകൊല്ലുന്നു. ശബ്ദം കേട്ട് ഓടിയെത്തിയ സഹോദരിയെയും അയാൾ അതേ ശില്പംകൊണ്ടുതന്നെ അടിച്ചു കൊല്ലുന്നു.

നങ്ങേലി എന്ന അധഃസ്ഥിതവർഗത്തിന്റെ പേരാണ് കുട്ടനെ പെട്ടെന്ന് അസ്വസ്ഥനാക്കിയത്. തന്റെ വംശപാരമ്പര്യത്തിന്റെ നൈരന്തര്യങ്ങളിൽ ഒരു കീഴാളവർഗത്തിന്റെ പ്രതിനിധിയുണ്ടാകുന്നത് കുട്ടനു സഹിക്കാനാവുന്നില്ല. അത് അയാളെ സ്വന്തം ചോരയെത്തന്നെ ഹിംസിക്കുന്നവനാക്കി മാറ്റുന്നു.



ജാതിചിന്ത അതിരുകടക്കുമ്പോൾ മനുഷ്യൻ പുഴുവിനെപ്പോലെയാകുന്നുവെന്നതിന് മികച്ച ഉദാഹരണമാണ് കുട്ടൻ. (വർത്തമാനകാലത്തും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുകയാണല്ലോ.) ഗർഭിണിയായ സഹോദരിയെയും അവളുടെ ഭർത്താവിനെയും കൊലപ്പെടുത്താൻ അയാൾ തീരുമാനിക്കുന്നത് പെട്ടെന്നൊരു നിമിഷത്തിലൊന്നുമല്ല, ഏറെ നാളായി ഉള്ളിൽക്കിടക്കുന്ന ജാതിചിന്ത പെട്ടെന്നൊരു നിമിഷം പുറത്തേക്കുവന്ന് ഇരുവരുടെയും ജീവനെടുക്കുന്നുവെന്നേയുള്ളൂ.

ഇതിൽനിന്നു ഭിന്നനാണ് മലയൻകുഞ്ഞിലെ അനിയൻകുഞ്ഞ്. അവിടെയും അയാളുടെ ജാതിചിന്തകൾ രൂക്ഷമാകുന്നതും വിദ്വേഷത്തിലേക്കു രൂപം മാറുന്നതും വിവാഹത്തലേന്ന് സഹോദരി, സ്നേഹിച്ച പുരുഷനൊപ്പം ഇറങ്ങിപ്പോകുന്നതോടെയാണ്. വർഷങ്ങൾക്കുശേഷം സഹോദരീഭർത്താവിന് പിഎസ്‌സിവഴി ജോലികിട്ടിയെന്ന് അറിയുമ്പോഴും ജാതിസംവരണത്തിന്റെ പേരുപറഞ്ഞാണ് അയാൾ അതിനെ അവഗണിക്കുന്നത്.

തൊട്ടടുത്ത വീട്ടിലെ നവജാതശിശുവിന്റെ കരച്ചിൽ അയാളെ അസ്വസ്ഥപ്പെടുത്തുന്നതുപോലും അവർ തന്നെക്കാൾ താണജാതിക്കാരായതുകൊണ്ടാണ്. ജാതിബോധംകൊണ്ട് അങ്ങേയറ്റം മുറിവേറ്റിട്ടും ഏറ്റവും ഒടുവിൽ അയാൾ അതിൽനിന്നു പുറത്തുകടക്കുകയും വൈഡൂര്യം പോലെ ശോഭിക്കുകയും ചെയ്യുന്നുവെന്നതാണ് പ്രത്യേകത. ഇവിടെയാണ് കുട്ടനിൽനിന്ന് അനിയൻകുഞ്ഞ് വ്യത്യസ്തനാണെന്നു പറഞ്ഞതിന്റെ അർത്ഥം.


ജാതിചിന്തകളാൽ മലിനമാക്കപ്പെട്ട് അതിൽത്തന്നെ കുട്ടൻ പിടഞ്ഞുവീഴുമ്പോൾ അത്തരമൊരു ജാതിചിന്തയുടെ മാലിന്യങ്ങളിൽനിന്ന് അനിയൻകുഞ്ഞ് പുറത്തുകടക്കുന്നു. മരിക്കുന്നതുവരെ മാത്രമേ ജാതിയും മതവുമുള്ളൂ എന്ന് മരണത്തിന്റെ തൊട്ടടുത്ത നിമിഷമെത്തുമ്പോൾ തിരിച്ചറിയുന്ന സത്യമാവാം അയാളെ പ്രകാശിപ്പിക്കുന്നത്.

പ്രകൃതിക്ഷോഭത്തിന്റെ കരാളഹസ്തങ്ങളിൽപ്പെട്ടു ജീവിതത്തിലേക്കു തിരികെവരാൻ കഴിയുമോയെന്ന് ആശങ്കപ്പെടുമ്പോൾ അയാൾക്ക് ജീവിതത്തിലേക്കു കിട്ടിയ പിടിവള്ളിയാകുന്നത് അതുവരെ അയാളെ അസ്വസ്ഥപ്പെടുത്തിയിരുന്ന അടുത്തവീട്ടിലെ പിഞ്ചുകുട്ടിയാണ്, അവളുടെ കരച്ചിലാണ്. ആറേഴുപേരുടെ ജീവനെടുത്ത ഉരുൾപൊട്ടൽ അവരെ മാത്രമാണ് അവശേഷിപ്പിക്കുന്നത്. ജാതിയിൽ താണ, മാതാപിതാക്കൾ നഷ്ടപ്പെട്ട ആ കുഞ്ഞിനെ സ്വന്തം കുഞ്ഞായി വളർത്താനും സ്വീകരിക്കാനും തീരുമാനിക്കുകയാണ് അനിയൻകുഞ്ഞ്. മനുഷ്യനിലെ ജാതിചിന്തയെ ദൂരെയകറ്റാൻ ഇത്തിരിപ്പോന്ന കുഞ്ഞിന്റെ നിഷ്കളങ്കതമാത്രം മതിയാവും.

ഈ രണ്ടു കഥാപാത്രങ്ങളും മനോരോഗികളാണ് എന്നതുംകൂടി നിരീക്ഷിക്കേണ്ടതുണ്ട്. പൊതുസമൂഹവുമായി അടുത്തിടപെട്ടു ജീവിക്കുമ്പോഴും പൊതുജീവിതവും പൊതുജനങ്ങളും അസാധ്യമാക്കിത്തീർക്കുന്ന ഒരു രഹസ്യലോകം ഇരുവർക്കുമുണ്ട്. ഒരുതരത്തിൽ അതിരുകടന്ന ജാതിചിന്ത മനോരോഗംതന്നെയാണ്. ചില വർഗീകരണങ്ങൾക്കു നാം വേണ്ടതിൽ കൂടുതലും ആവശ്യത്തിൽ കൂടുതലും പ്രാധാന്യം കൊടുക്കുന്നതാണ് ഇന്നും ജാതിയുടെ പേരിലുള്ള പല പ്രശ്നങ്ങൾക്കും കാരണമായിരിക്കുന്നത്. മനുഷ്യനെ മതത്തിന്റെയും വർണത്തിന്റെയും വർഗത്തിന്റെയും പരിമിതികളങ്ങൾക്കപ്പുറംനിന്നു വീക്ഷിക്കാനും സമീപിക്കാനും കഴിയുമ്പോഴേ മനുഷ്യൻ യഥാർത്ഥ മനുഷ്യനാകൂ, മനുഷ്യത്വമുള്ളവനാകൂ.

■

# ഈ നൊമ്പരങ്ങൾ നാളെയുടേതാണ്



കൊഴുവനാൽ ജോസ്

## ഒക്ടോബർ 1 ലോകവയോജനദിനം

ഇത് ഉണ്ണിയേട്ടന്റെ വീടാണ്. രണ്ടുനില. താഴെ രണ്ടു ബെഡ്റൂം. മുകളിൽ മൂന്നും. ഉണ്ണിയേട്ടനെ കൂടാതെ ഭാര്യ ജോളിയാന്റി മാത്രമേ വീട്ടിലുള്ളൂ. രണ്ടുപേർക്ക് ഇത്ര വലിയ വീട് എന്തിനാണെന്നു ചോദിക്കരുത്. മൂന്നാണും രണ്ടു പെണ്ണുമുൾപ്പെടെ അഞ്ചു മക്കൾ വളർന്നു വലുതായ വീടാണ്. പറക്കാറായപ്പോൾ നാലുപേർ കുടുംബസമേതം പറന്നു. അവർ പുറത്താണ്. അഞ്ചാമത്തെ ആൾ അകത്തുണ്ട്. എന്നുവച്ചാൽ, അഴിക്കകത്ത്. മദ്യം, കഞ്ചാവ്, മയക്കുമരുന്ന് തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് അയാളുടെ പേരിൽ വിവിധ പോലീസ് സ്റ്റേഷനുകളിലായി പതിന്നാലു കേസുകൾ നിലവിലുണ്ട്. ഒന്നിലധികം പ്രതികളുള്ള ആറെണ്ണം വേറെയും. അതിനാൽ, മേപ്പടിയാന്റെ ബോർഡിങ്ങും ലോഡ്ജിങ്ങുമെല്ലാം സർക്കാര് നടത്തിക്കൊള്ളും.

ദോഷം പറയരുതല്ലോ, പുറത്തുള്ള മക്കൾ നാലുപേരും ആഴ്ചയിലൊരിക്കലെങ്കിലും വീട്ടിലേക്കു വിളിച്ച് മാതാപിതാക്കളുടെ സുഖദുഃഖങ്ങൾ ചോദിച്ചറിയാറുണ്ട്. രണ്ടും മൂന്നും വർഷംകൂടുമ്പോൾ നാട്ടിൽ വന്ന് വേണ്ട സൗകര്യങ്ങളൊക്കെ ചെയ്തുകൊടുത്തിട്ടു തിരിച്ചുപോകും. അതിലുപരി അവരെന്തു ചെയ്യാൻ? കുടുംബവും കുട്ടികളും ജീവിതപ്രാരബ്ധങ്ങളുമൊക്കെ അവർക്കുമുണ്ടല്ലോ. പക്ഷേ, ഈ അവസാനനാളുകളിൽ തങ്ങളെ വെറും ആക്രികളായി തഴഞ്ഞിട്ടിരിക്കുന്നതിൽ ആ മാതാപിതാക്കൾക്ക് അതിയായ മനപ്രയാസവും ആശാഭംഗവുമുണ്ട്. ജീവിതത്തിന്റെ സായന്തനത്തിൽ താങ്ങും തണലുമായി അടുത്തുണ്ടാകുമെന്നു കരുതിയവർ നോക്കെത്താദൂരത്തിരുന്ന് നടത്തുന്ന ക്ഷേമാന്വേഷണങ്ങളോ വല്ലപ്പോഴുമുള്ള സന്ദർശനങ്ങളോകൊണ്ട് ഈ മാതാപിതാക്കൾ തൃപ്തരാകുകയില്ലല്ലോ. ഉണ്ണിയേട്ടനു ജോളിയാന്റിയും ജോളിയാന്റിക്ക് ഉണ്ണിയേട്ടനും മാത്രമാണു സഹായമുള്ളത്. എൺപതു കഴിഞ്ഞ ഉണ്ണിയേട്ടന്റെ കണ്ണുകൾക്കും കാതുകൾക്കും ശേഷി നന്നേ കുറഞ്ഞിരിക്കുന്നു. കൈകളും കാലുകളും മടക്കാനും നിവർക്കാനും പറ്റുന്നില്ല. സന്ധികളിൽ അസഹ്യമായ വേദനയുണ്ട്. കുഴമ്പും തൈലവും മറ്റും പുരട്ടിയും തടവിയും കഴിയുന്നു. അതിനെക്കാൾ കഷ്ടമാണ് ജോളിയാന്റിയുടെ അവസ്ഥ. അതുകൊണ്ടുതന്നെ രണ്ടാം നിലയിലേക്ക് ആരും കയറാറേയില്ല. കിടപ്പുമുറികളൊക്കെ പൊടിയും മാറാലയും പിടിച്ചു കിടപ്പുണ്ടാവും. ഭിത്തികൾ അപ്പാടെ നിറം മങ്ങി മുഷിഞ്ഞിരിക്കുന്നു. കുറച്ചുമാസങ്ങൾക്കുമുമ്പുവരെ അടിച്ചുവാരാനും അടുക്കളയിൽ എന്തെങ്കിലുമൊക്കെ സഹായിക്കാനുമായി അയലത്തുള്ള ഒരു സ്ത്രീ വരുമായിരുന്നു. ഗൾഫിലുള്ള ഒരു മലയാളിക്കുടുംബത്തിലെ കുട്ടികളെ നോക്കാൻ അവർ നാടു വിട്ടതോടെ ആ സഹായം നിലച്ചു. എഴുപത്തെട്ടുകാരിയായ ജോളിയാന്റി വിറയ്ക്കുന്ന കൈകൾകൊണ്ട് എന്തെങ്കിലും പാകം ചെയ്യും. ചിലപ്പോൾ പഞ്ചസാരയ്ക്കു പകരം ഉപ്പിടും. തിളയ്ക്കുന്ന എണ്ണയിൽ കടുകിനുപകരം ചായപ്പൊടി ഇട്ടെന്നുവരാം. കൈയിലിരിക്കുന്ന ഒരു വസ്തു തേടി അടുക്കളയാകെ പലവട്ടം ചുറ്റിനടന്നിട്ടുള്ള സന്ദർഭങ്ങൾ നിരവധിയാണ്.

കുറച്ചു റബറുള്ളത് ടാപ്പുചെയ്യാനും പറമ്പു നോക്കാനും കടയിൽ പോകാനും മറ്റുമായി ഉണ്ണിയേട്ടനും ഒരു സഹായി ഉണ്ടായിരുന്നു. ഒരു അറബിയുടെ സൂപ്പർ മാർക്കറ്റിലെ സെയിൽസ്മാനായി അയാൾ സൗദിക്കു പോയി. ടാപ്പുചെയ്യാൻ ആളില്ല. തെങ്ങിൽ കയറാൻ ആളില്ല. മണ്ണിൽ വേല ചെയ്യാനാരുമില്ല. ഭൂമി വില്ക്കാനുണ്ട്; വാങ്ങാനാളില്ല. വല്ലാത്ത സ്ഥിതിവിശേഷം. ഉണ്ണിയേട്ടൻ തപ്പിയും തടഞ്ഞും വിളിച്ചുപറഞ്ഞാൽ പലചരക്കുകച്ചവടക്കാരൻ സാധനങ്ങൾ കൊടുത്തയയ്ക്കും. പത്തു കിലോ കുത്തരി 1500 രൂപ. മറ്റുസാധനങ്ങൾക്ക് അതിനനുസരിച്ച് പൊള്ളുന്ന വില. ഒരു കിലോമീറ്ററിൽതാഴെയുള്ള ദൂരത്തിന് ഓട്ടോക്കൂലി 300 രൂപ.


നമ്മുടെ നാട് അഭിമുഖീകരിക്കാൻപോകുന്ന അത്യന്തം ഭീകരമായ ദുരവസ്ഥയുടെ ചിത്രമാണ് വയോവൃദ്ധരായ ദമ്പതികൾ മാത്രമുള്ള ഉണ്ണിയേട്ടന്റെ വീട് ചൂണ്ടിക്കാണിച്ചത്. ഇതുപോലുള്ള പതിനായിരക്കണക്കിനു ഭവനങ്ങൾ നാട്ടിലങ്ങോളമിങ്ങോളം രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. ഉണ്ണിയേട്ടന്റെ ഭാഷയിൽ ആക്രികൾ മാത്രമുള്ള വീട്. അവസാനനാളുകളിൽ ഒരു തുണയാകുമെന്നാശിച്ച് വളർത്തിയെടുത്ത മക്കൾ ഇങ്ങനെ നാടുവിടാൻ എന്താണു കാരണം? പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞാൽ പിന്നെ ഇവിടെ പിടിച്ചുനില്ക്കാൻ കൗമാരക്കാർക്കു താത്പര്യമില്ല. കൂടുതൽ വിദ്യാഭ്യാസം നേടി പുറത്തുവന്നവരുടെ കാര്യവും വിഭിന്നമല്ല. സ്ഥിരമായ ഒരു തൊഴിലും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും അത്രമേൽ ഉറപ്പുള്ളവരൊഴികെ മറ്റാരും ഇവിടെ നില്ക്കുന്നില്ല. കാരണം, ചെറുപ്പംമുതൽ അവർ കണ്ടറിഞ്ഞ നാടിനോടും നാടിന്റെ രീതികളോടും അവർക്കു പുച്ഛമാണ്. ഇവിടത്തെ സാമൂഹിക പശ്ചാത്തലവും രാഷ്ട്രീയമറിമായങ്ങളും അവർക്ക് ഉൾക്കൊള്ളാനാവുന്നില്ല. അശാന്തിയുടെ കരിമേഘങ്ങളാണെവിടെയും. അക്രമം നടത്തുന്ന വക്രബുദ്ധികൾ നാടുവാഴുന്നു. അടിപിടിയുടെ പൊടിപടലങ്ങൾകൊണ്ടു നാടു നിറയുന്നു. അപകടങ്ങളും ആത്മഹത്യകളും കൊലപാതകങ്ങളും നാൾക്കുനാൾ ഏറിവരുന്നു. പെൺവാണിഭക്കാരും മയക്കുമരുന്നുലോബിയും ധനമോഹികളും രാഷ്ട്രീയകുതന്ത്രക്കാരും ചേർന്ന് ധാർമികതയ്ക്ക് ശവക്കുഴി വെട്ടുന്നു. ഇങ്ങനെയുള്ള അന്തരീക്ഷത്തിൽനിന്നു കഴിയുന്നത്ര വേഗത്തിൽ രക്ഷപ്പെടാൻ സമാധാനജീവിതം കാംക്ഷിക്കുന്നവർ ശ്രമിച്ചാൽ അവരെ കുറ്റം പറയാനാവില്ലല്ലോ. അവരുടെ ഇടയിലേക്കാണ് മോഹങ്ങളെ ഉദ്ദീപിപ്പിക്കാൻ പര്യാപ്തമാകുന്ന പൊടിപ്പും തൊങ്ങലും വച്ചുകെട്ടി സമൂഹമാധ്യമങ്ങളിൽ തലങ്ങും വിലങ്ങും വർണപ്പകിട്ടുള്ള പരസ്യങ്ങളുടെ കുത്തൊഴുക്ക്. ഇഷ്ടപ്പെട്ട വിദേശരാജ്യങ്ങളിൽ പഠിക്കാനും ജോലി ചെയ്യാനും സ്ഥിരതാമസമാക്കാനും ക്ഷണിച്ചുകൊണ്ടുള്ള പരസ്യങ്ങൾ. എന്തു വില കൊടുത്തും അങ്ങോട്ടു കുടിയേറാനുള്ള തത്രപ്പാടാണ് പിന്നീട്. ഒടുവിൽ ആശ്രമം വിജയിക്കുന്നു. അവർ വിമാനം കയറുന്നു. ശബ്ദവും ചലനവും ഇല്ലെന്നായ വീട്ടിൽ ഉണ്ണിയേട്ടന്മാരും ജോളിയാന്റിമാരും മാത്രം ബാക്കി. അവരുടെ നൊമ്പരങ്ങളും നിസ്സഹായതയും ഗദ്ഗദങ്ങളായി ആകാശങ്ങളിൽ അലിഞ്ഞുചേരുന്നു. രണ്ടിൽ ഒരാളെ ദൈവം തിരിച്ചുവിളിച്ചാൽ അവശേഷിക്കുന്നത് പരിതാപകരമായ ദീനതയുടെ ജീവനുള്ള മനുഷ്യക്കോലം മാത്രമാണല്ലോ. അതിഭീകരവും ഭീഷണവുമായ ഈ അവസ്ഥയ്ക്ക് പ്രതിവിധി ഒന്നേയുള്ളു. വിദേശരാജ്യങ്ങളിലേതിനു തുല്യമായ പഠനസൗകര്യങ്ങൾ ഇവിടെ ഉണ്ടാകണം. സമാധാനജീവിതത്തിനുതകുന്ന വിധത്തിൽ കപടതകളില്ലാത്ത സാമൂഹികാന്തരീക്ഷം സംജാതമാകുകയും വേണം. ■






### നിഴൽ


ഗ്രന്ഥകർത്രി : ഡോ. സി. പ്രിൻസി ഫിലിപ്പ്
പ്രസാധനം : കാർമൽ പബ്ലിഷിംഗ് ഹൗസ്, തിരുവനന്തപുരം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 160




*സാധാരണ കാഴ്ചകൾ അവിചാരിതമായി മനസ്സിലുടക്കുമ്പോൾ തെളിഞ്ഞുകിട്ടുന്ന വെളിച്ചനൂലുകളുടെ നൂറ്റിയിരുപത്തഞ്ചു നിഴൽച്ചിത്രങ്ങളും ചിന്തകളും.*

### അബ്ബാ


ഗ്രന്ഥകർത്താ : ഡോ. മൈക്കിൾ കാരിമറ്റം
പ്രസാധനം : പാവനാത്മ പബ്ലിഷിംഗ് ഹൗസ്, കോഴിക്കോട്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 290




*ക്രിസ്തീയവിശ്വാസത്തിന്റെയും ധാർമികതയുടെയും ഒരു സംക്ഷിപ്തരൂപം കർത്തൃപ്രാർത്ഥനയിൽ കാണാം. ദൈവത്തെ സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്നു വിളിച്ചുകൊണ്ടു നടത്തുന്ന ഏഴു യാചനകൾ ഇവിടെ വിശദമായി അപഗ്രഥിക്കുന്നു.*

### IELTS SPEAKING

ഗ്രന്ഥകർത്താ : ഗ്രേസ് മനോജ്
പ്രസാധനം : ജീവൻ ബുക്സ്, ഭരണങ്ങാനം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 400




*വിദേശജോലി സ്വപ്നം കാണുന്ന ഏതൊരു നഴ്സിങ് വിദ്യാർത്ഥിക്കും തടസ്സമായി നില്ക്കുന്ന ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യക്കുറവു സമർത്ഥമായി പരിഹരിക്കുന്ന ഉത്തമഗ്രന്ഥം. ജീവിതബന്ധിയായ ചോദ്യോത്തരങ്ങൾ ഉദാഹരണസഹിതം നല്കിക്കൊണ്ട് ലളിതവും പ്രയോജനകരവുമായ രീതിയിൽ ഇതിലെ പാഠങ്ങൾ ക്രമീകരിച്ചിരിക്കുന്നു.*

സാന്ത്വനം

# ജീവിതാനുഭവങ്ങളിൽനിന്നു പഠിക്കേണ്ടേ?



സിസ്റ്റർ ഡോ. നിക്കോൾ എസ്.വി.എം

സജിമോന് ആരോടും സ്നേഹമില്ല. വീട്ടിലും സ്കൂളിലും ആരെയും അനുസരിക്കില്ല. ദേഷ്യം വന്നാൽ കണ്ണിൽ കാണുന്നത് എറിഞ്ഞുടയ്ക്കും. സ്കൂളിൽനിന്ന് എന്നും പരാതി. ബെഞ്ചിന്റെ കാലൊടിച്ചു. മറ്റു കുട്ടികളോടു മോശമായി പെരുമാറി, ടീച്ചേഴ്സിനോടു ബഹുമാനമില്ലാതെ സംസാരിക്കുന്നു, അവരെ കമന്റടിക്കുന്നു, സ്കൂളിലെ നിയമങ്ങൾ ഒന്നും അനുസരിക്കില്ല തുടങ്ങി പരാതികളുടെ ഒരു നീണ്ട ലിസ്റ്റുമായാണ് സജിമോന്റെ പപ്പ അവനുമായി വന്നത്. പതിനാറുവയസ്സുള്ള സജിമോനെക്കുറിച്ച് കൂടുതലായി അന്വേഷിച്ചു: അവൻ ആരുടെയും വികാരങ്ങളെ മനസ്സിലാക്കാറില്ല, മാനിക്കാറില്ല. അവനു തോന്നതുപോലെ ചെയ്യും. തന്റെ സ്വന്തം സാധനങ്ങളെക്കാൾ പൊതുവായ സാധനങ്ങൾ നശിപ്പിക്കാനാണു പ്രവണത കൂടുതൽ. ഇടയ്ക്ക്, എതിരെന്നു തോന്നുന്നവരെ കൊല്ലണം, നശിപ്പിക്കണം, പണികൊടുക്കണം, സ്വയം ഇല്ലാതാകണം എന്നൊക്കെ പറയും. സംസാരത്തിൽ കണിശതയും ആത്മവിശ്വാസവും. എന്നാൽ, തന്നെ ആർക്കും ഇഷ്ടമല്ല, എല്ലാവരും എനിക്കെതിരാണ് എന്നൊക്കെ അവൻ കൂടക്കൂടെ പറയുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു.

ഇത് അധികമാരും ശ്രദ്ധിച്ചിട്ടില്ലാത്ത, എന്നാൽ, വളരെ സാധാരണമായി കുട്ടികളിലും മുതിർന്നവരിലും കണ്ടുവരുന്ന സ്വഭാവവൈകല്യമാണ്. ഒരു കൂട്ടം പെരുമാറ്റവൈകല്യങ്ങളോടു കൂടിയ ഈ വൈകാരികപ്രശ്നം സാധാരണ കൊച്ചുകുട്ടികളിലോ, കൗമാരപ്രായത്തിൽ എത്തിനിൽക്കുന്നവരിലോ കണ്ടുവരുന്നു. ഈ ഡിസോർഡർ ഉള്ളവർ, അവർ ആയിരിക്കുന്ന സ്ഥലത്തെ നിയമങ്ങൾ അനുസരിക്കാൻ ബുദ്ധിമുട്ടുള്ളവരും, കുടുംബത്തിനും



സമൂഹത്തിനും നിരക്കുന്ന രീതിയിൽ പ്രവർത്തിക്കാൻ കഴിയാത്തവരുമാണ്. ഇപ്പോഴത്തെ പഠനങ്ങളിൽ പറയുന്നത്, ഇത് ഏതു പ്രായക്കാരിൽ എപ്പോൾമുതൽ അല്ലെങ്കിൽ എപ്പോൾവരെ എന്നു പറയാൻ പറ്റില്ല എന്നാണ്.

സ്വഭാവവൈകല്യം ഉണ്ടോയെന്നറിയാൻ താഴെപ്പറയുന്നവയിൽ ഒന്നോ, ഒന്നിൽക്കൂടുതലോ ലക്ഷണങ്ങൾ ശ്രദ്ധിച്ചാൽ മതിയാവും.

1. ആക്രമണസ്വഭാവം : ഇവർ തങ്ങളുടെതന്നെ പ്രവൃത്തികൾകൊണ്ട് മറ്റുള്ളവരെ വേദനിപ്പിക്കുക, ഭീഷണിപ്പെടുത്തുക, ഭയപ്പെടുത്തുകയൊക്കെ ചെയ്യും. തന്റെ ഇഷ്ടം നിറവേറ്റാൻ തടസ്സം നിൽക്കുന്നവരോടാണ് കൂടുതലും എതിർപ്പ്. അതുപോലെ മനുഷ്യരുടെ മാത്രമല്ല, മൃഗങ്ങളുടെ ശരീരവും വേദനിപ്പിക്കുകയോ മുറിപ്പെടുത്തുകയോ ചെയ്യാം. കൂടാതെ, തങ്ങളുടെ സുരക്ഷയ്ക്കോ മറ്റുള്ളവരെ ആക്രമിക്കാനായോ ആയി ആയുധം കൊണ്ടുനടക്കുകയുമാവാം.

2. നശീകരണ സ്വഭാവം: പൊതുനിയമങ്ങളെ ലംഘിച്ചുകൊണ്ട്, ഒരു സമരമോ ഹർത്താലോ വരുമ്പോൾ വണ്ടിക്കും സ്ഥാപനങ്ങൾക്കും തീവയ്ക്കുകയും കല്ലെറിയുകയുമൊക്കെ ചെയ്യുന്നത് ഇത്തരക്കാരിൽ ചിലരുടെ ഒരു പ്രവണതയാണ്. ഇതിലൂടെ ഒരു ആശ്വാസം അനുഭവിക്കുകയാണിവർ. മറ്റുള്ളവരുടെ അവകാശങ്ങളെ ഇവർ തടസ്സപ്പെടുത്തുന്നു. കമിതാക്കൾ തെറ്റിയാലുടൻ കൊല്ലുക, തീകൊളുത്തി നശിപ്പിക്കുക, ആസിഡ് ഒഴിക്കുക ഒക്കെയും ഈ ഗണത്തിൽപ്പെടുന്നവരുടെ രീതിയാണ്. മദ്യോപയോഗം ലൈംഗിക പ്രേരിതസ്വഭാവം തുടങ്ങിയവയും ഇവർക്കുണ്ട്.

3. വഞ്ചിക്കുന്ന സ്വഭാവം: പൊതുവെ നുണ പറയുന്നവരും നുണയെ സത്യമായി സമർത്ഥിക്കുന്നവരുമാണ്. കയറിച്ചെല്ലാൻ അനുവാദമില്ലാത്തിടത്ത് അതു നശിപ്പിച്ച് അവിടെ കയറുക എന്നതും ഇവരുടെ പ്രത്യേകതയാണ്. വ്യാജരേഖകൾ ഉണ്ടാക്കുക, കഥകൾ കെട്ടിച്ചമയ്ക്കുക തുടങ്ങിയവയാണ് ഇവരുടെ മറ്റൊരു രീതി. കൊച്ചുകുട്ടി ആയിരിക്കുമ്പോൾ പ്രോഗ്രസ് കാർഡിൽ സ്വയം ഒപ്പിടുക, മാതാപിതാക്കൾ എഴുതേണ്ട ലീവ് ലെറ്ററിൽ സ്വയം എഴുതി ഒപ്പിടുക തുടങ്ങിയ കാര്യങ്ങൾക്ക് ഒരു മടിയുമില്ല ഇക്കൂട്ടർക്ക്.

ഈ ഡിസോർഡറിന്റെ കാരണമായി പറയുന്നത് ജനിതക, പരിസ്ഥിതിത്തകരാറുകളാണ്. നല്ല പ്രചോദനങ്ങളുടെയും പ്രേരണകളുടെയും കുറവും, സ്വയം നിയന്ത്രിക്കാനുള്ള കഴിവുകുറവും മറ്റുള്ളവരുടെ നിയന്ത്രണത്തിൽ നിൽക്കാനുള്ള സന്നദ്ധതക്കുറവും ഭാവിയെക്കുറിച്ച് വ്യക്തമായ ധാരണയില്ലായ്മയും അനുഭവങ്ങളിൽനിന്നു പഠിക്കാനുള്ള കഴിവും ഇവരെ പ്രശ്നക്കാരികളാക്കുന്നു. കുട്ടിയായിരിക്കുമ്പോൾ ആരെങ്കിലും ദുരുപയോഗിച്ചതും കുടുംബത്തിലുള്ള വഴക്കുകളും ചേർച്ചക്കുറവും മാതാപിതാക്കളുടെ മയക്കുമരുന്നുപയോഗവും കുടുംബത്തിലെ ദാരിദ്ര്യവുമെല്ലാം പരിസ്ഥിതിഘടകങ്ങളാണ്.

പെരുമാറ്റത്തിലും ചിന്തയിലും മാറ്റം വരുത്തുക, മാറ്റംവരുത്താൻ പരിശീലിപ്പിക്കുക എന്നതാണ് പരിഹാരം. ചെറുപ്പത്തിലേ മനസ്സിലാക്കിയാൽ കൗൺസലിങ്ങിലൂടെയും തെറാപ്പിയിലൂടെയും നിയന്ത്രിക്കാം. പറ്റുന്നില്ലായെങ്കിൽ സൈക്യാട്രിക് ചികിത്സ വേണ്ടിവരും. ■

---

ബാലകഥ

സത്യൻ താന്നിപ്പുഴ

# വേണ്ടത് വേണ്ടപ്പോൾ ചെയ്യണം

എൽദോസ് സാഹിത്യകാരനാണ്. അൻപതിൽപ്പരം കൃതികളുടെ കർത്താവാണ്. നല്ലൊരു ഗ്രന്ഥശേഖരമുണ്ട് അദ്ദേഹത്തിന്. മൂന്ന് അലമാര നിറയെ പുസ്തകങ്ങളുണ്ട് അദ്ദേഹത്തിന്റെ ലൈബ്രറിയിൽ.

വിലകൊടുത്തുവാങ്ങിയ പുസ്തകങ്ങളും താൻ എഴുതിയ പുസ്തകങ്ങളും അമൂല്യനിധിപോലെ സൂക്ഷിച്ചിരുന്നു. എഴുത്തും വായനയുമായി കഴിഞ്ഞിരുന്നപ്പോൾ നാടും നഗരവും ഒന്നാക്കിക്കൊണ്ട് 2018 ഓഗസ്റ്റ് 15 ന് പ്രളയം വന്നു.

താഴ്ന്ന സ്ഥലത്തെ താമസക്കാർ ജീവരക്ഷാർത്ഥം കര തേടിപ്പോയി. എൽദോസിന്റെ വീടിരിക്കുന്ന സ്ഥലം കുറച്ച് ഉയർന്ന പ്രദേശമാണ്. വീടിന്റെ മുൻവശത്തുകൂടി ജനങ്ങൾ സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിലേക്കു പോയിക്കൊണ്ടിരുന്നു. പോകുന്നവർ എൽദോസ് വീടിന്റെ മുൻവശത്ത് കസേരയിൽ ഇരുന്നു വായിക്കുന്നതു



കണ്ട് അവർ ചോദിച്ചു: ‘‘എന്താ സാറ് ക്യാമ്പിൽ പോകുന്നില്ലേ?’’

“ഇല്ല, ഞാൻ പോകുന്നില്ല. ഇവിടെ ഇതുവരെ വെള്ളം കയറിയിട്ടില്ല. പശുക്കളെ സ്കൂളിന്റെ അടുത്ത് എന്റെ അനിയന്റെ മകൻ വീടുപണിയാൻ വാങ്ങിച്ചിട്ടിരിക്കുന്ന പറമ്പിൽ കൊണ്ടുപോയിക്കെട്ടി. ഞങ്ങൾ പോകുന്നില്ല.”

“പോകുന്നതാണ് നല്ലത്? ഡാം തുറന്നിട്ടിരിക്കുകയാണ്. എല്ലാവരും കരഭാഗം തേടിപ്പോകണം എന്നു പഞ്ചായത്തിൽനിന്ന് അറിയിപ്പുണ്ടായി. വരൂ നമുക്ക് സ്കൂളിലെ ക്യാമ്പിൽ കൂടാം.” എൽദോസിന്റെ സുഹൃത്ത് വിളിച്ചു.

എൽദോസ് പോയില്ല. കുട്ടികളെ പറഞ്ഞുവിടാൻ തീരുമാനിച്ചു. പേരക്കുട്ടികൾ പോകാൻ തയ്യാറായില്ല. ഞങ്ങൾ പോകണമെങ്കിൽ അപ്പൂപ്പൻ കൂടെപ്പോരണം എന്നു നിർബന്ധമായി. അവസാനം, ആറുമണിയായപ്പോൾ എൽദോസ് പോകാൻ തയ്യാറായി. രാത്രി വെള്ളം കയറിയാൽ എന്തു ചെയ്യും എന്ന ചിന്ത അലട്ടി.

അലമാര നിറയെ പുസ്തകങ്ങൾ ഉണ്ടായിരുന്നു. ആ പുസ്തകങ്ങൾ എടുത്ത് മുകളിലെ മുറിയിൽ വയ്ക്കാൻ കഴിഞ്ഞില്ല. പോകാൻ തീരുമാനിച്ചപ്പോൾ പുസ്തകം എടുത്തു വയ്ക്കണമെന്നു തോന്നി. പുസ്തകം എടുത്തു വയ്ക്കാൻ നിന്നാൽ സമയം രാത്രിയാകും. ഡ്രസ് മാത്രം എടുത്തുകൊണ്ടു ക്യാമ്പിലേക്കു പോയി. രാവിലെ വരാം എന്നായിരുന്നു മനസ്സിലെ പ്ലാൻ. എല്ലാം തെറ്റിച്ച് രാത്രി വെള്ളം ഇരച്ചു കയറി അലമാരിയിലിരുന്ന പുസ്തകങ്ങൾ നനഞ്ഞു നാശമായി.

നാലുദിവസം കഴിഞ്ഞാണ് വീട്ടിൽ വരാൻ കഴിഞ്ഞത്. അപ്പോഴാണ് വെള്ളം ഇറങ്ങിപ്പോയത്. വീട്ടിൽ വന്നപ്പോൾ വീടും മുറ്റവുമെല്ലാം ചെളിയിൽ മുങ്ങിയിരിക്കുകയായിരുന്നു. ചെളിമാറ്റി വീടു തുറന്നു നോക്കിയപ്പോൾ അലമാരിയിലിരുന്ന പുസ്തകങ്ങളെല്ലാം നനഞ്ഞു കുതിർന്നിരിക്കുന്നതു കണ്ടു.

ആ കാഴ്ച എൽദോസിനെ ദുഃഖിതനാക്കി. പുസ്തകങ്ങൾ നേരത്തേയെടുത്തു സുരക്ഷിതമായി മുകളിലെ മുറിയിൽ വയ്ക്കാമായിരുന്നു എന്നു തോന്നി. അങ്ങനെ ചെയ്തിരുന്നെങ്കിൽ ഈ നഷ്ടം സംഭവിക്കുമായിരുന്നില്ല. അതിനു കഴിഞ്ഞില്ലല്ലോ എന്നോർത്തപ്പോൾ വലിയ ദുഃഖം തോന്നി.

ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്ത് ചെയ്യേണ്ട രീതിയിൽ ചെയ്തില്ലെങ്കിൽ ദുഃഖിക്കേണ്ടിവരും. ■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



കർത്താവിൽ ആശ്രയിക്കുന്നവർ അചഞ്ചലമായി എന്നേക്കും നിലകൊള്ളുന്ന സീയോൻപർവ്വതംപോലെയാണ്.

സങ്കീർത്തനങ്ങൾ 125:1

**എഡിറ്റോറിയൽ**

# രാസലഹരിയിൽ മയങ്ങുന്നുവോ കേരളം?

**മ**യക്കുമരുന്നുകളുടെ ഏറ്റവും വിപണനസാധ്യതയുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുന്നുവെന്നത് ഞെട്ടലോടെ മാത്രമേ ഓരോ മലയാളിക്കും കേൾക്കാനാവൂ. വീര്യം കൂടിയ സിന്തറ്റിക് മയക്കുമരുന്നുകളുടെ പണിപ്പുരകൾ കേരളത്തിൽ ഡ്രഗ് മാഫിയകൾ സജീവമാക്കിയിരിക്കേ, പൊലീസും എക്സൈസും മയക്കുമരുന്നുകടത്തുകാരുടെയും ചില്ലറ വില്പനക്കാരുടെയും മാത്രം പിറകേ പായുന്നുവെന്നത് സംശയമുളവാക്കുന്നു.

ലഹരിയുപയോഗം സംബന്ധിച്ച് 2020 ൽ 4650 ഉം 2021 ൽ 5334 ഉം കേസുകളാണു രജിസ്റ്റർ ചെയ്തത്. 2022 സെപ്റ്റംബർ 15 വരെമാത്രമുള്ള കണക്കുപ്രകാരം 16,986 കേസുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നുവെന്ന റിപ്പോർട്ട് നമ്മുടെ ഭീതി വർദ്ധിപ്പിക്കുന്നുണ്ട്. 2020 ൽ 5674 പേരെയും 2021 ൽ 6704 പേരെയുമാണ് അറസ്റ്റു ചെയ്തതെങ്കിൽ, 2022 ൽ ഇതുവരെ 18,743 പേരാണ് അറസ്റ്റു ചെയ്യപ്പെട്ടത്. 1364.49 കിലോ കഞ്ചാവും 7.7 കിലോ എം.ഡി.എം.എയും 23.73 കിലോ ഹഷീഷ് ഓയിലും ഈ വർഷം പിടിച്ചെടുത്തു.

ബംഗളൂരു, ഡൽഹി, ഗുജറാത്ത് എന്നിവിടങ്ങളിലെ സിന്തറ്റിക് ഡ്രഗ് ഉത്പാദനകേന്ദ്രങ്ങളിൽനിന്ന് അസംസ്കൃതവസ്തുക്കളുമായി അതിവിദഗ്ധരായ നിർമാതാക്കളെ അതിരഹസ്യമായെത്തിക്കുന്ന രാസലഹരിസങ്കേതങ്ങൾ കേരളത്തിൽ പെരുകുന്നുവെന്നാണ് ഇന്റലിജൻസ് റിപ്പോർട്ടുകൾ. മയക്കുമരുന്നിനടിമകളായി നമ്മുടെ കുട്ടികളും യുവജനങ്ങളും ഡ്രഗ്മാഫിയാസംഘത്തിന്റെ വിശ്വസ്ത ഏജന്റുമാരായി പ്രവർത്തിക്കുന്നതും പണം സമ്പാദിക്കുന്നതുമൊന്നും രക്ഷിതാക്കളോ അധ്യാപകരോ അറിയുന്നില്ല; അഥവാ അറിയുന്ന ചിലരെങ്കിലും വേണ്ട ഗൗരവം കാണിക്കുന്നുമില്ല. ചില മയക്കുമരുന്നുലോബികൾ പണത്തെക്കാളുപരി രാസലഹരിയുടെ വീര്യമറിയാനുള്ള പരീക്ഷണമാണു നടത്തുന്നത്. പരീക്ഷിതരാകട്ടെ, ഏജന്റുമാരായി തിരഞ്ഞെടുക്കപ്പെടുന്ന പാവം കുട്ടികളും. മിടുക്കരായ നമ്മുടെ ആൺകുട്ടികളും പെൺകുട്ടികളും സംഘങ്ങളായി രാസലഹരിക്കടിമപ്പെട്ട് ഉറഞ്ഞുതുള്ളി ഉന്മാദമാടുന്ന ഭീകരദൃശ്യങ്ങൾ ഈയിടെ സമൂഹമാധ്യമങ്ങളിൽ കാണേണ്ടിവന്നത് ആരെയാണു നൊമ്പരം കൊള്ളിക്കാത്തത്! രാസലഹരിക്കടിമകളായ പെൺകുട്ടികളുടെ എണ്ണം നാൾക്കുനാൾ വർധിക്കുന്നതായ സമീപകാലറിപ്പോർട്ടുകൾ സഗൗരവം വിലയിരുത്തേണ്ടതാണ്.

ലഹരിയുപയോഗവും വിതരണവും തടയുന്നതിനു ബഹുമുഖകർമപദ്ധതികളുമായി ഗാന്ധിജയന്തിദിനത്തിൽ കേരളസർക്കാർ ജനകീയ പോരാട്ടത്തിനു തുടക്കം കുറിക്കുന്നതു സ്വാഗതാർഹമാണ്. ലഹരിമരുന്നിനെ നേരിടാൻ ഒക്ടോബർ 2 മുതൽ നവംബർ 1 വരെ തീവ്രപ്രചാരണപരിപാടികളാണു സർക്കാർ സംഘടിപ്പിക്കുന്നത്. നവംബർ ഒന്നിന് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പരമാവധി പേരെ പങ്കെടുപ്പിച്ചു ലഹരിവിരുദ്ധ ചങ്ങല സൃഷ്ടിക്കും. അന്നേദിവസം പ്രതീകാത്മകമായി ലഹരിവസ്തുക്കൾ കത്തിച്ചുനശിപ്പിക്കും. വരുംദിവസങ്ങളിൽ സ്പെഷൽ ഡ്രൈവ് സംഘടിപ്പിക്കുമെന്നും അതിർത്തികളിൽ കർശനപരിശോധന നടത്തുമെന്നും ആഭ്യന്തരവകുപ്പിന്റെ ചുമതലകൂടിയുള്ള മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നു.

സംസ്ഥാനത്തു വർദ്ധിച്ചുവരുന്ന മയക്കുമരുന്നുറാക്കറ്റുകളെ അമർച്ച ചെയ്യാനും സിന്തറ്റിക് നാർകോട്ടിക് മരുന്നുത്പാദകരെയും വില്പനക്കാരെയും തളയ്ക്കാനും സർക്കാർ നടത്തുന്ന ശ്രമങ്ങൾക്കു സർവപിന്തുണയും നല്കിക്കൊണ്ടുതന്നെ പ്രബുദ്ധരായ പൗരസമൂഹം ചോദിക്കുന്നു; വല്ലതും ശരിയാകുമോ? നമ്മുടെ നാടു നന്നാകുമോ എന്നതുതന്നെയാണു ചോദ്യം. മയക്കുമരുന്നുറാക്കറ്റുകളെ ചങ്ങലയ്ക്കിടാൻ ഉത്തരവാദിത്വപ്പെട്ടവർതന്നെ അവരുടെ കെണികളിൽപ്പെട്ട് അവർക്കു ദാസ്യവേല നടത്തി കോടികൾ സമ്പാദിച്ച ചരിത്രമാണ് നാളിതുവരെയുള്ളത്. കറുത്തകൃത്യങ്ങൾക്ക് ഓശാന പാടാനും ഓഹരി പങ്കിടാനും മത്സരിക്കുന്ന 'പഠിച്ച കള്ളന്മാർ' കപ്പലിൽ വാഴുന്ന വർത്തമാനകാലത്ത്, എന്തെങ്കിലും നന്മയുണ്ടാകുമോ എന്ന ചോദ്യം സ്വാഭാവികംമാത്രം.

ചുരുക്കത്തിൽ, ലഹരിപ്പിശാചിനെതിരേ ബഹുമുഖകർമപരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കിയാൽ നാടിനു നന്ന്. സ്വർണക്കടത്തുകേസിലും മരംമുറിക്കേസിലും മറ്റും സംഭവിച്ചതിന്റെ തനിയാവർത്തനങ്ങൾ മയക്കുമരുന്നുകേസിലുമുണ്ടാകരുതേ എന്നു മാത്രമാണാഗ്രഹം. മയക്കുമരുന്നിനെതിരേ നടപടിയെടുക്കേണ്ടവർതന്നെ അത്തരം മാഫിയാസംഘങ്ങളോടു ചങ്ങാത്തം കൂടുന്ന വൈരുധ്യാത്മകത സാംസ്കാരികകേരളത്തിനു ഭൂഷണമല്ല. ഇത്തരം അപരാധങ്ങൾ ആവർത്തിക്കാൻ പാടില്ലെന്നു മാത്രമല്ല, വച്ചുപൊറുപ്പിക്കാനുമാവില്ല. മയക്കുമരുന്നുറാക്കറ്റുകൾക്കു നിർലോപം പ്രവർത്തിക്കാൻ മൗനാനുമതി നല്കുന്ന 'മാന്യകരങ്ങൾ'ക്കു വിലങ്ങണിയിക്കാൻ ഭരണകൂടത്തിന് ഇച്ഛാശക്തിയുണ്ടാകണമെന്നു സാരം.

■

# ആരോഗ്യസാക്ഷരതയിൽ അഭിമാനനേട്ടവുമായി പാലാ മാർ സ്ലീവാ മെഡിസിറ്റി

പാലാ: ആരോഗ്യസാക്ഷരത മുഖമുദ്രയാക്കി പ്രവർത്തിക്കുന്ന ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയുടെ കുതിപ്പ് കേരളത്തെ അതിശയിപ്പിക്കുന്നു. കേവലം മൂന്നുവർഷത്തിനുള്ളിൽത്തന്നെ ചികിത്സാരംഗത്തും മെഡിക്കൽ വിദ്യാഭ്യാസരംഗത്തും വിസ്മയാവഹമായ നേട്ടങ്ങളാണ് മാർ സ്ലീവാ മെഡിസിറ്റി കൈവരിച്ചിരിക്കുന്നത്. ഇതരജില്ലകളിൽനിന്നുപോലും ചികിത്സതേടി ആയിരക്കണക്കിനു ജനങ്ങൾ ഇതിനകം മാർ സ്ലീവാ മെഡിസിറ്റിയിൽ എത്തിത്തുടങ്ങിയിരിക്കുന്നു.

മെട്രോ നഗരങ്ങളിലെ വമ്പൻ ആശുപത്രികളിൽനിന്നുപോലും പ്രഗല്ഭരായ ഡോക്ടർമാർ പാലാ മെഡിസിറ്റിയിലേക്കു സേവനത്തിനായി എത്തുന്നുവെന്നത് ആരോഗ്യരംഗത്ത് ആശുപത്രി നേടിയെടുത്ത പേരിനും പെരുമയ്ക്കും മികച്ച ദൃഷ്ടാന്തമാണ്. കുറഞ്ഞ കാലത്തിനുള്ളിൽ കേരളത്തിന്റെ ആരോഗ്യരംഗത്തുതന്നെ മാതൃകയാക്കാവുന്ന നിരവധി പദ്ധതികൾ ആശുപത്രി നടപ്പാക്കി. കൊവിഡ് മഹാമാരിയുടെ കാലത്തു കാഴ്ചവച്ച സേവനം മുഖ്യമന്ത്രിയുടെ അടക്കം പ്രശംസയും അഭിനന്ദനവും നേടിയെടുത്തു.




**പദ്ധതികളുടെ വർഷം**

മാർ സ്ലീവാ മെഡിസിറ്റി പാലാ മൂന്നാംവാർഷികത്തോടനുബന്ധിച്ചു വിവിധ കർമപരിപാടികൾക്കു കഴിഞ്ഞ ദിവസം തുടക്കം കുറിച്ചു. മാർ സ്ലീവാ മെഡിസിറ്റി പാലായുടെ ഫൗണ്ടറും പേട്രണുമായ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ ഒരു കൊല്ലം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളുടെയും പരിപാടകളുടെയും പ്രതീകമായ ലോഗോ 'മാർ സ്ലീവാ മെഡിസിറ്റി പാലാ 4.0' പ്രകാശനം ചെയ്തു.

**കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ**

കുറഞ്ഞ ചെലവിൽ ഏറ്റവും മികച്ച ചികിത്സ ജനങ്ങൾക്കു ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയായിരുന്നു മാർസ്ലീവാ മെഡിസിറ്റിയുടെ തുടക്കം. മൂന്നു വർഷം പിന്നിടുമ്പോൾ ഈ രംഗത്ത് ആശുപത്രി അഭിമാനകരമായ പ്രവർത്തനമാണ് കാഴ്ചവച്ചത്. ഡോക്ടർ കൺസൾട്ടേഷൻ ഫീസ് വെറും അമ്പതു രൂപയായി നിശ്ചയിച്ചതിൽ തുടങ്ങി മാർ സ്ലീവായുടെ സാമൂഹികപ്രതിബദ്ധതയോടെയുള്ള പ്രവർത്തനം.

ചികിത്സ തേടി വരുന്നവർക്ക് പ്രഥമപരിഗണന നൽകി 'പേഷ്യന്റ് സെന്റേർഡ് കെയർ' ആശയത്തിൽ പ്രവർത്തിച്ച് ഏറ്റവും മികച്ചതും ഗുണനിലവാരമുള്ളതുമായ ചികിത്സാ സേവനങ്ങൾ മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ഈ മൂന്നുവർഷം നൽകാനായത് ആശുപത്രിയുടെ വിജയമായി പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് കാണുന്നു.

**ജനങ്ങൾക്കൊപ്പം**

കൊവിഡ് ഉൾപ്പെടെ പ്രതിസന്ധികൾ ഉണ്ടായ സമയത്തു പൊതുജനങ്ങൾക്ക് ഏറ്റവും മെച്ചപ്പെട്ട ചികിത്സാസേവനങ്ങൾ നൽകാനായെന്നും ജനങ്ങളുടെ വിശ്വാസം നേടി കേരളത്തിലെ മുൻനിര ആശുപത്രികളുടെ പട്ടികയിലേക്കു മാർ സ്ലീവാ മെഡിസിറ്റിയെ എത്തിക്കാൻ സാധിച്ചെന്നും ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ജോസഫ് കണിയോടിക്കൽ പറഞ്ഞു.

**18 പദ്ധതികൾ**

പുതിയ വെബ്സൈറ്റ്, അക്യൂട്ട് റീഹാബിലിറ്റേഷൻ യൂണിറ്റ്, പുതിയ സർവീസ് സെന്ററുകൾ, സീനിയർ സിറ്റിസൺസ് സേവനങ്ങൾ, നാച്ചുറോപ്പതി, ജീവനക്കാർക്കുള്ള പ്രത്യേക ചികിത്സാപദ്ധതി, മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റ് സേവനങ്ങൾ തുടങ്ങി പതിനെട്ടോളം പദ്ധതികളാണ് ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുക. നൂതനമായ ടെക്നോളജി സംവിധാനങ്ങളുടെ സഹായത്തോടെ ജനങ്ങൾക്കു ഗുണമേന്മയുള്ള സേവനങ്ങൾ നൽകാനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ആശുപത്രിമേഖലയിൽത്തന്നെ ആദ്യമായി ജീവനക്കാർ ആവിഷ്കരിച്ച് അവർ നേരിട്ടു നടപ്പിൽ വരുത്തുന്ന ആറു പദ്ധതികളും ഇതിൽ ഉൾപ്പെടും. അടുക്കോടും ചിട്ടയോടും കാലോചിതമായ പരിഷ്കാരങ്ങളോടുംകൂടി ആശുപത്രിയെ മുന്നോട്ടു നയിക്കുന്ന മാനേജ്മെന്റ് ആശുപത്രിയെ ജനമനസ്സുകളിലേക്കാണ് കൈപിടിച്ചുചേർക്കുന്നത്.




# നിങ്ങൾ ഔട്ടിങ്ങിനൊന്നും പോകാറില്ലേ?



ജസ്റ്റിൻ തോമസ്

**എന്താണ് ഔട്ടിങ്?**

സാധാരണ ചെയ്യുന്ന അനുദിന പ്രവൃത്തികളിൽനിന്നു വ്യത്യസ്തമായി വ്യക്തി ഒറ്റയ്ക്കോ മറ്റുള്ളവർക്കൊപ്പമോ വീടിനു പുറത്തേക്കിറങ്ങി ആനന്ദകരമായ ചില കാര്യങ്ങൾ ചെയ്യുമ്പോൾ അത് ഔട്ടിങ്ങായി കണക്കാക്കാം. ഔട്ടിങ് എന്നത് സാധനങ്ങൾ വാങ്ങാൻ പുറത്തുപോകുന്നതല്ല. ഔട്ടിങ്ങിന്റെ ലക്ഷ്യം സന്തോഷിക്കുക, ആനന്ദിക്കുക എന്നിവയൊക്കെയാവണം. ഔട്ടിങ്ങിൽ ബിസിനസ് ലക്ഷ്യങ്ങൾ ഇല്ല. രോഗീസന്ദർശനവുമില്ല. ഔട്ടിങ്ങിനു പോകാറുണ്ടോ എന്ന എന്റെ ചോദ്യത്തോട് ഒരു വ്യക്തി പ്രതികരിച്ചത് 'ഞങ്ങൾ എല്ലാ മാസവും ഒരു മാനസികരോഗപുനരധിവാസകേന്ദ്രം സന്ദർശിക്കും. മനുഷ്യരുടെ ബുദ്ധിമുട്ട് മക്കൾ മനസ്സിലാക്കണം' എന്നാണ്. ഇത് ഔട്ടിങ് അല്ല എന്ന തിരിച്ചറിവിലേക്ക് ഈ വ്യക്തിയെ എത്തിക്കാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷവാനാണ്. ചില ഔട്ടിങ്ങുകൾക്കുദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസാരിക്കാനും ഭക്ഷണം കഴിക്കാനും പുതിയ സ്ഥലത്തേക്കോ ഇഷ്ടപ്പെട്ട ഇടങ്ങളിലേക്കോ പോകുന്നു. 2. സിനിമ, നാടക തീയേറ്ററുകളിൽ പോകുന്നു. 3. സുഹൃത്തുക്കൾ, കുടുംബാംഗങ്ങൾ എന്നിവരുടെ വീടുകളിൽ സന്തോഷം പങ്കിടാനായി പോകുന്നു. 4. പുതിയ സ്ഥലങ്ങൾ സന്ദർശിക്കുന്നു.

(ഏതെങ്കിലും തരത്തിലുള്ള ശീലങ്ങൾക്കു വ്യക്തി/ വ്യക്തികൾ അടിമകളാണെങ്കിൽ, അത്തരം ആവശ്യങ്ങൾ നിറവേറ്റാൻ അവർ പുറത്തുപോകുന്നതും പരിപാടികളിൽ പങ്കെടുക്കുന്നതും ഔട്ടിങ് അല്ല. ഉദാ. ക്ലബിൽപോയി അമിതമായി മദ്യപിക്കുന്നത്.)

**ഔട്ടിങ്ങിന്റെ ഗുണങ്ങൾ**

അനേകം പ്രശ്നങ്ങൾക്കു പരിഹാരവും ജീവിതത്തിന് അർത്ഥവും നല്കുന്ന ഒന്നാണ് ഔട്ടിങ്. ഔട്ടിങ്ങിന്റെ ശാസ്ത്രീയമേന്മകൾ ചുവടെ ചേർക്കുന്നു:

1. ഉണർവു നൽകുന്നു. 2.ബോറടി മാറ്റുന്നു. 3. പിരിമുറുക്കം കുറയ്ക്കുന്നു. 4. നഷ്ടബോധം ഒഴിവാകുന്നു. 5. ബന്ധങ്ങൾ ഊഷ്മളമാകുന്നു. 6. മാനസിക, ശാരീരികാരോഗ്യം മെച്ചപ്പെടുന്നു. 7. സന്തോഷം പ്രദാനം ചെയ്യുന്നു.

**കുടുംബത്തിലെ ഔട്ടിങ് എങ്ങനെ ആയിരിക്കണം?**

കുടുംബത്തിൽ വ്യത്യസ്തമനോഭാവമുള്ളവർ ഉണ്ട്. അതുകൊണ്ടുതന്നെ, ഔട്ടിങ്ങിനു പോകുമ്പോൾ ആവുന്നത്ര കുടുംബാംഗങ്ങളെയും ചേർത്തുനിർത്താൻ ശ്രദ്ധിക്കണം. ഔട്ടിങ് ബുദ്ധിപൂർവം പ്ലാൻ ചെയ്യാൻ ഉതകുന്ന ചില മാർഗങ്ങൾ ചുവടെ ചേർക്കുന്നു:

**എല്ലാവരെയും ഉൾപ്പെടുത്തിയുള്ള ഔട്ടിങ്**

കിടപ്പുരോഗികൾ ഒഴികെ വീട്ടിൽ ആരൊക്കെയുണ്ടോ അവരെ എല്ലാവരെയും ഇതിൽ ഉൾപ്പെടുത്തുന്നു. വീൽചെയറിൽ



ജീവിതം കഴിക്കുന്ന തന്റെ സഹോദരനെയും ഔട്ടിങ്ങിനുൾപ്പെടുത്തുന്ന ഒരു കുടുംബനാഥനെ പരിചയമുണ്ട്. പ്രായമായ മാതാപിതാക്കളും ഈ യാത്രയിൽ ഉണ്ടാവണം. എല്ലാവരും ഒരുമിച്ചുള്ള ഇത്തരം ഔട്ടിങ്ങിൽ ഏവർക്കും ആസ്വദിക്കാവുന്ന രീതിയിൽ ഔട്ടിങ് ക്രമീകരിക്കണം. ഇത് രണ്ടു മാസത്തിൽ ഒരിക്കലാവാം.

**വിഭജിച്ചുള്ള ഔട്ടിങ്**

ഭർത്താവും ഭാര്യയും മക്കളും ഒരുമിച്ചുള്ള ഔട്ടിങ് ഏതൊരു ദമ്പതികളും ആഗ്രഹിക്കും. ചില വീടുകളിൽ ഇത്തരം ഔട്ടിങ്ങിനു നേരേ മുഖം കറുപ്പിക്കുന്ന മുതിർന്ന മാതാപിതാക്കളെ കണ്ടിട്ടുണ്ട്. ഈ മുഖംകറുപ്പിക്കൽനാടകം ഒഴിവാക്കാൻ അവർക്കിഷ്ടമുള്ള ഒരു സ്ഥലത്തേക്ക് അവരെ പറഞ്ഞയയ്ക്കുക. (അവർ വാശിപിടിച്ച് വീട്ടിൽത്തന്നെ ഇരിക്കുകയാണെങ്കിൽ അതിനനുവദിക്കുക. അത്തരം വാശികൾക്ക് അമിതപ്രാധാന്യം നൽകാതിരിക്കുക). ഇവിടെ കുടുംബാംഗങ്ങളെ രണ്ടായി ഭാഗിച്ച് അവരവരുടെ ഇഷ്ടപ്പെട്ട മേഖലകളിലേക്ക് ഔട്ടിങ്ങിനായി പറഞ്ഞയയ്ക്കുന്നു. (ഭാര്യയ്ക്കും ഭർത്താവിനും മാത്രമായി ഔട്ടിങ്ങിനു പോകണമെങ്കിൽ മക്കളെ സുരക്ഷിതമായി മറ്റൊരു സ്ഥലത്തേക്കു പറഞ്ഞയയ്ക്കാം.) ഇത്തരം ഔട്ടിങ്ങുകൾ സുപ്രധാനംതന്നെ.

**ഒഴിവാക്കിയുള്ള ഔട്ടിങ്**

ചില പ്രത്യേകസാഹചര്യത്തിൽ കുടുംബത്തിലെ ചിലരെ ഒഴിവാക്കി ഔട്ടിങ്ങിനു പോകേണ്ടിവരാം. ഇവിടെ നാം ശ്രദ്ധിക്കേണ്ടത് വീട്ടിലുള്ളവരുടെ സുരക്ഷ ഉറപ്പുവരുത്തുകയെന്നതാണ്. എന്റെ സുഹൃത്തിന്റെ വീട്ടിലെ കിടപ്പുരോഗിയായ തൊണ്ണൂറ്റിരണ്ടു വയസ്സുള്ള വല്യമ്മച്ചി മക്കൾ ഔട്ടിങ്ങിനു പുറത്തുപോയില്ലെങ്കിൽ ശകാരിക്കും. അവരുടെ വാക്കുകൾ ഹൃദയസ്പർശിയാണ്: "എന്നെ നോക്കി നീ മുഴുവൻ സമയവും ഇവിടെയിരുന്നാൽ നിന്റെ നല്ല കാലം ഇങ്ങനെ തീരും. നീയൊന്ന് അവനെക്കൂട്ടി പുറത്തുപോയി വാ." (ഈ മനോഭാവമുള്ളവരെ ഒഴിവാക്കി പുറത്തുപോകാൻ നമുക്കു മനസ്സുവരില്ല. അവരുടെകൂടെ സമയം ചെലവഴിക്കുന്നത് ഔട്ടിങ്ങിനു തുല്യമാണ്.) വീട്ടിൽ സഹായി ഉണ്ടായിട്ടും ബിസിനസുകാരനായ മകൻതന്നെ നാലുനേരവും മരുന്നെടുത്തുകൊടുക്കണമെന്നും മരുമകൾതന്നെ അഞ്ചുനേരവും ഭക്ഷണം എടുത്തുകൊടുക്കണമെന്നും വാശിപിടിക്കുന്ന മറ്റൊരു അമ്മച്ചിയെ പരിചയമുണ്ട്. ഇത്തരക്കാരോട് കാര്യം വ്യക്തമായി പറഞ്ഞ് അവരെ ഒഴിവാക്കിത്തന്നെ ഔട്ടിങ്ങിനു പോവാം. അതു ചെയ്തില്ലെങ്കിൽ പിന്നീട് നഷ്ടങ്ങൾ അനുഭവിക്കേണ്ടിവരും.

ചുരുക്കത്തിൽ, ഔട്ടിങ് വ്യക്തികളുടെ മാനസികോല്ലാസത്തിനും കുടുംബത്തിന്റെ കെട്ടുറപ്പിനും അനിവാര്യമാണ്. ബുദ്ധിപൂർവകമായ നീക്കങ്ങളിലൂടെ ഇതു സാധ്യമാക്കണം. ■



ടി.പി. ശാസ്തമംഗലം




# വിചിത്രമായ സത്യം

**ഇ**ത്രയ്ക്കു വിഷയദാരിദ്ര്യമോ? അടിക്കും ഇടിക്കുംവരെ പാട്ടിറങ്ങിയിരിക്കുന്ന കാലമാണിത്. വെറുതെ പറയുന്നതല്ല. മുമ്പ് 'ഇടി' (ഇൻസ്പെക്ടർ ദാവൂദ് ഇബ്രാഹിം' എന്നു മുഴുവൻ പേര്) എന്ന പടത്തിൽ ഇങ്ങനെയൊരു പാട്ടു കേട്ടു.

"ആരെടാ ഞാനെടാ വാടാ കൂമ്പിനിടി
പോരെടാ കാണെടാ കൂടാം മുട്ടനിടി
അമ്പിളി ഇമ്പിളി ഈന്തപ്പഴം കഴിച്ചപ്പോ
പ്രാ പ്രീ പ്രൂ ഇടി"

(രചന–ജോസഫ് വിജിഷ്; സംഗീതം–രാഹുൽരാജ്; ആലാപനം - സാജിദ് യഹിയ, രാഹുൽ രാജ്)

സർവത്ര ഇടി. വന്നുവന്ന് പാട്ടിന്റെ നിലവാരം എത്രത്തോളമുണ്ടെന്നു തെളിയിക്കുന്നതാണ് ഈ വരികൾ. ശുദ്ധ അസംബന്ധമാണ് വിളമ്പിയിരിക്കുന്നത്. ഇതൊക്കെ മിടുക്കായി അവതരിപ്പിക്കുകയാണ്. കഷ്ടം!

ഇപ്പോൾ ഇതാ അടിയെക്കുറിച്ചും പാട്ടു വന്നിരിക്കുന്നു.

"ഒരു അടിക്കാരൻ
ഒരഞ്ചാറ് അടിയുള്ള
കണ്ടാൽ മൊഞ്ചുള്ള
പഞ്ചാരയടിക്കാരൻ
ഓന് കൊണ്ട അടികളിൽ
ഏറ്റം ഏറ്റം പവറാർന്നൊരടി
ഓളെ മെലഡി മെലഡി ഓളെ മെലഡി മെലഡി"

(ചിത്രം - തല്ലുമാല; രചന - മുഹ്സിൻ പരാരി; സംഗീതം - വിഷ്ണു വിജയ്; ആലാപനം - ഹരിചരൺ, ബെന്നി ദയാൽ, സലിം കുമാർ)

പാട്ടെഴുത്തുകാരൻ എന്തോ ഒന്ന് ഉദ്ദേശിക്കുന്നുണ്ട്. പക്ഷേ, അതു വരികളിൽ പ്രകടമായില്ല. ഇതു കേട്ടാൽ നമുക്കു തോന്നുക 'ഓളെ മെലഡി'യാണ് എല്ലാത്തിനും കുഴപ്പം എന്നാണ്. ശരിയാണ്, മെലഡിയുള്ള (Melody=സ്വരമാധുര്യം) ഗാനങ്ങളെ കശാപ്പു ചെയ്ത് സാഹിത്യത്തെയും സംഗീതത്തെയും ഒരുപോലെ ദ്രോഹിക്കുകയാണല്ലോ ഇക്കൂട്ടർ ചെയ്യുന്നത്. ഇങ്ങനെയൊക്കെ എഴുതാൻ എങ്ങനെ മനസ്സുവരുന്നു എന്നാണ് ഞാൻ ആലോചിക്കുന്നത്. കേട്ടാലും കേട്ടാലും മതിവരാത്ത പാട്ടുകൾ പിറന്ന ഈ മണ്ണിൽ, അവയുടെ ആശയസൗഭഗം ആസ്വദിച്ച് നാം അനുഭൂതിയിലാറാടിയ ഈ മണ്ണിൽ ഇന്നു പിറക്കുന്നതു മുഴുവൻ ചാപിള്ളകൾ മാത്രം. അവയെ താലോലിച്ചുകൊള്ളാൻ പരോക്ഷമായി ആഹ്വാനം ചെയ്യുകയാണ് പുത്തൻകൂറ്റുകാരായ ചലച്ചിത്രഗാനശില്പികൾ.



ഗാനത്തിന്റെ പല്ലവി കഴിഞ്ഞാൽ ഗദ്യരൂപേണയുള്ള ചില വാക്യങ്ങൾ കേൾക്കാം. ഈ ഗാനത്തെ സംബന്ധിച്ചിടത്തോളം ഗദ്യവും പദ്യവും തത്ത്വത്തിൽ ഒന്നുതന്നെ.

"പ്രസാദാത്മകമായ അബദ്ധങ്ങൾ പ്രണയപാതയിൽ ചിന്നം പിന്നം വാരിവിതറിക്കൊണ്ട് അവൻ വരികയാണ്. ആര് വരാണ്...? ഞമ്മളെ മജ്നു. എങ്ങനെയാ വരണത്? കുതിരപ്പുറത്ത് ലൈല നിക്കാണ്. ലൈല എങ്ങന്യാ നിക്കണത്? മാരിവില്ലങ്ങാടീല് പൂക്കള് വിക്കണ നഴ്സറീല് വെളിച്ചപ്പൂക്കള് പൂത്തു നിക്കണ സിദറത്തുൽ മുൻതഹ മാതിരി. ന്താപ്പയിന്റെ മലയാളം..."

പേർഷ്യൻ മഹാകവിയായ നിസാമിയുടെ മൂലകഥയെ അടിസ്ഥാനപ്പെടുത്തി 'ലൈലാ മജ്നു' എന്ന പേരിൽ മലയാളമുൾപ്പെടെ ഭാരതീയഭാഷകൾ പലതിലും ചലച്ചിത്രങ്ങൾ നിർമിച്ചിട്ടുണ്ട്. ആ കഥയിലെ നായകനെയും നായികയെയുമാണ് ഈ ഗാനത്തിൽ പരാമർശിച്ചിരിക്കുന്നത്. ഒരാവശ്യവുമില്ലാതെയാണ് അവരെ ഗാനത്തിലേക്കു കൊണ്ടുവന്നു പലതും പുലമ്പുന്നത്. ദീർഘമാർന്ന ഗാനത്തിൽ ഇങ്ങനെയും ചില വരികൾ.

"അടി കൊണ്ടോന്റെ ചിരി കണ്ടോളി
ഓൻ വാങ്ങും തോനേ
അതു താങ്ങാനോ നേ
ഓനെ താങ്ങ് കോനേ."

മനസ്സിലാകാത്ത മലയാളം (കൃത്രിമഭാഷ) നവീനകവിതകളിൽ മാത്രമേ സ്ഥാനം പിടിക്കാറുള്ളു എന്നു കരുതിയിരുന്ന എനിക്കു തെറ്റു പറ്റി. ഇക്കാലത്തെ പാട്ടുകളിലും അത്തരം ഭാഷ കടന്നുവരും. ഒരാളും ഇതൊന്നും കേട്ട് ആസ്വദിക്കുന്നില്ല. സ്വന്തം പറമ്പിൽ എന്തെല്ലാം പാഴ്ച്ചെടികൾ പൊടിക്കാറുണ്ട്. അതാരെങ്കിലും ഗൗനിക്കാറുണ്ടോ? അധികമായാൽ വെട്ടി നശിപ്പിക്കും. ചലച്ചിത്രത്തിന്റെ പറമ്പിൽ ഗാനങ്ങളാകുന്ന കളകൾ മാത്രമേ ഇന്നു മുളയ്ക്കാറുള്ളൂ. എന്നിട്ടും അവയെക്കുറിച്ചു പ്രശംസനീയമായ രീതിയിൽ സംസാരിക്കുന്നവർ നമ്മുടെ സമൂഹത്തിൽ ഉണ്ടെന്നതത്രേ ഏറ്റവും വിചിത്രമായ സത്യം. ■




**ഒക്ടോബർ 2**
**ഏലിയ – സ്ലീവ – മൂശെ**
**നാലാം ഞായർ**

**ഉത്പ 41 : 37 – 45**
**പ്രഭാ 47 : 2 – 3; 8 – 11**
**ഹെബ്രാ 1 : 1 – 4**
**യോഹ 12 : 27 – 36**



# ഭൂമിയിൽ ഉയർത്തപ്പെടുന്നവരും ഭൂമിയിൽനിന്ന് ഉയർത്തപ്പെടുന്നവരും



**ഡോ. ജോസഫ് കരികുളം**

**ദൈ**വത്തിന്റെ മഹത്ത്വത്തിന്റെ സഹവാസത്തിലേക്ക് എത്തിച്ചേരുകയെന്നതാണ് രക്ഷയുടെ കാതൽ. നിത്യജീവൻ/നിത്യരക്ഷ/സ്വർഗരാജ്യം/ദൈവരാജ്യം എന്നീ പ്രയോഗങ്ങളെല്ലാം സൂചിപ്പിക്കുന്നത്, ദൈവത്തിനുമുമ്പിൽ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് നിരന്തരം പാടി പ്രകീർത്തിക്കുന്നവരോടൊപ്പം നമുക്കും അവിടത്തെ പാടി സ്തുതിക്കാൻ കഴിയുന്ന അവസ്ഥയാണ്. ഈ അവസ്ഥയിലേക്ക് എത്തിച്ചേരേണ്ടവരാണ് നാം. ഈ അവസ്ഥ നമുക്കു കരഗതമാകും, അത് നമുക്കു വാഗ്ദാനം ചെയ്യപ്പെട്ടതാണ് എന്ന ഉറപ്പ് നമുക്കു ലഭിക്കുന്നത് ഈശോമിശിഹായുടെ ജീവിതത്തിലൂടെയും പ്രവൃത്തികളിലൂടെയും വാക്കുകളിലൂടെയുമാണ്. ഈശോമിശിഹായിൽ പ്രകടമാകുന്ന ദൈവമഹത്ത്വത്തെ മനസ്സിലാക്കുന്നതിനൊപ്പം ദൈവമഹത്ത്വത്തെ ഈ ലോകത്തിൽ മനസ്സിലാക്കിയ ചില വ്യക്തിത്വങ്ങളെ മനസ്സിലാക്കുന്നതും വളരെ നല്ലതാണ്. ജോസഫും ദാവീദും പൊതുജനമധ്യത്തിൽ മഹത്ത്വപ്പെടുന്നത് ദൈവത്തിന്റെ മഹത്ത്വത്തെ അവർ അംഗീകരിച്ചതുകൊണ്ടാണ്. ദൈവത്തിന്റെ മഹത്ത്വത്തെ മനുഷ്യർ അംഗീകരിക്കുമ്പോൾ അവർക്കുണ്ടാകുന്ന ഉന്നതിയും ഈശോമിശിഹായിൽ പ്രകടമാകുന്ന ദൈവമഹത്ത്വത്തെക്കുറിച്ചുള്ള ചിന്തകളുമാണ് ഏലിയാ–സ്ലീവാ–മൂശക്കാലങ്ങളുടെ നാലാം ഞായറാഴ്ച നാം ധ്യാനിക്കുന്നത്.

**തിരസ്കാരത്തിൽനിന്ന് മഹത്ത്വത്തിലേക്ക് ജോസഫ്**

ഉത്പത്തിപ്പുസ്തകത്തിലെ ജോസഫിന്റെ ജീവിതം നമുക്കു പ്രചോദനവും മാതൃകയുമാണ്. ദൈവത്തിന്റെ പദ്ധതികൾ ലളിതവും സുന്ദരവുമാണ്. പക്ഷേ, അവയെ മനസ്സിലാക്കാൻ മനുഷ്യൻ പലപ്പോഴും അശക്തനാണ്. ജോസഫിന്റെ ജീവിതത്തെ ദൈവം ക്രമീകരിക്കുന്ന വിധം വായിക്കുന്നതിലൂടെ നമ്മുടെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കുന്ന വിധവും തിരിച്ചറിയാൻ നമുക്കു കഴിയേണ്ടതുണ്ട്.

സഹോദരങ്ങളുടെ തിരസ്കാരവും ഒറ്റപ്പെടുത്തലും വിൽക്കലും ജോസഫിനെ തന്റെ കുടുംബത്തിൽത്തന്നെ വേണ്ടാത്തവനാക്കുന്നു (ഉത്പ. 37:1–36). തനിക്കുണ്ടായ ദുരവസ്ഥയിൽ ദുഃഖിതനാണെങ്കിലും ജോസഫ് പതറിപ്പോകുന്നതായി നാം കാണുന്നില്ല. തന്റെ സഹനങ്ങളെ നേരിടാൻ ജോസഫിനു കഴിഞ്ഞതെങ്ങനെ എന്ന ചോദ്യത്തിന് 'ജോസഫിന്റെകൂടെ കർത്താവ് ഉണ്ടായിരുന്നു' (ഉത്പ. 39:2) എന്ന ഒറ്റവാചകത്തിൽ വി. ഗ്രന്ഥം ഉത്തരം നല്കുന്നു.

സഹനങ്ങളിൽ ദൈവത്തിന്റെ സാന്നിധ്യവും ആശ്വാസവും പ്രതീക്ഷിക്കുന്നവരാണ് വിശ്വാസികൾ. സഹനങ്ങളുടെ നേരത്ത് ദൈവം ആശ്വാസമായെത്തണം എന്നതാണ് നമ്മുടെ ആഗ്രഹം. എന്നാൽ, സദാസമയവും നമ്മോടൊപ്പമുള്ള, ഒരിക്കലും നമ്മിൽനിന്നകലാത്ത ദൈവത്തെ തിരിച്ചറിയാൻ ജോസഫിന്റെ അനുഭവം നമ്മെ പ്രാപ്തമാക്കണം.

'കർത്താവ് ജോസഫിന്റെ കൂടെയുണ്ടായിരുന്നു' എന്ന വചനം ജോസഫിനുണ്ടായ ദൈവാനുഭവത്തെ പിന്നീടു രേഖപ്പെടുത്തുന്ന ഭാഷയുടെ രീതിയാണ്. 'കൂടെയുണ്ടായിരുന്നു' എന്നത് ഭൂതകാലപ്രയോഗമാണ്. എന്നാൽ, വർത്തമാനകാലം മാത്രമുള്ള ഇന്നലെയും ഇന്നും നാളെയും മാറ്റമില്ലാത്ത സത്തയായിരിക്കുന്ന ദൈവത്തിന്റെ ഭാഗത്തുനിന്നു പറയുമ്പോൾ 'ജോസഫിന്റെകൂടെ കർത്താവ് ഉണ്ട്' എന്ന പ്രയോഗമാണ് ശരി. ഭാഷാശാസ്ത്രമനുസരിച്ച് തെറ്റാണെങ്കിലും ദൈവശാസ്ത്രപ്രകാരം അതാണു ശരി.

ജോസഫിന്റെ ബുദ്ധിമുട്ടുകളിൽ 'കർത്താവ് കൂടെയുണ്ട്'; നമ്മുടെ സഹനങ്ങളിലും 'കർത്താവ് കൂടെയുണ്ട്'. വരുന്ന തലമുറകളിലെ ഓരോ മനുഷ്യന്റെയും സഹനങ്ങളിൽ 'കർത്താവ് കൂടെയുണ്ട്.' സഹനങ്ങളുണ്ടാകുമ്പോൾ കൂടെയുള്ള ദൈവത്തെ തിരിച്ചറിയുകയാണു വേണ്ടത് എന്ന വിശ്വാസത്തിന്റെ പാഠം ജോസഫ് നമ്മെ പഠിപ്പിക്കുന്നുണ്ട്. ഇതു കൃത്യമായി മനസ്സിലാക്കി പ്രവർത്തിക്കുന്ന ജോസഫിനെ ദൈവം ഈ ലോകത്തിൽത്തന്നെ, സമൂഹമധ്യത്തിൽ, വിജാതീയരുടെ വാക്കുകളിൽ മഹത്ത്വപ്പെടുത്തുന്നു. (ഒന്നാം വായന: ഉത്പ. 41:37–45).

**സൗഭാഗ്യത്തിൽനിന്ന് മഹത്ത്വത്തിലേക്ക് – ദാവീദ്**

കൂടെയുള്ള ദൈവത്തെ തിരിച്ചറിയാനുള്ള കഴിവ് ദാവീദിന്റെ ജീവിതത്തെയും ഈ ലോകത്തിൽ മഹത്ത്വത്തിലേക്കു നയിക്കുന്നു. ദാവീദിന്റെ ജീവിതം കൂടുതലും സന്തോഷകരമായ ജീവിതമായിരുന്നു. സൗഭാഗ്യകരമായ ജീവിതത്തിലേക്കു തന്നെ തിരഞ്ഞെടുത്തത് ദൈവമാണെന്ന ഉത്തമബോധ്യം ദാവീദിനുണ്ടായിരുന്നു. ഇതേക്കുറിച്ചുള്ള പ്രഭാഷകന്റെ വിലയിരുത്തലാണ് ഇന്നത്തെ രണ്ടാംവായന (പ്രഭാ. 47:1–3, 8–11). ദാവീദിന്റെ 'എല്ലാ പ്രവൃത്തികളിലും അവൻ അത്യുന്നതന്റെ മഹത്ത്വം പ്രകീർത്തിച്ചു പരിശുദ്ധനായ ദൈവത്തിനു കൃതജ്ഞതയർപ്പിച്ചു' (പ്രഭാ.47:8).

ദാവീദിന് ദൈവം എല്ലാ അംഗീകാരങ്ങളും നൽകുമ്പോഴും അവൻ ചെയ്ത പാപത്തിന് ദൈവം എന്തു ശിക്ഷ നൽകി എന്നൊരു ചോദ്യം മിക്കവാറും ഉയർന്നുവരാറുണ്ട്. വി. ഗ്രന്ഥം ഈ ചോദ്യത്തെ കൃത്യമായി അഭിസംബോധന ചെയ്യുന്നുമുണ്ട്. "കർത്താവ് അവന്റെ പാപം നീക്കിക്കളയുകയും അവന്റെ അധികാരം എന്നേക്കും ഉറപ്പിക്കുകയുംചെയ്തു" (പ്രഭാ. 47:11). ദാവീദിന്റെ പാപത്തെ 'ദൈവം നീക്കിക്കളഞ്ഞു' എന്നു പറയുന്നത് കിട്ടാക്കടം എഴുതിത്തള്ളുന്നതുപോലെയല്ല. ഉത്തമമായ മനസ്താപത്താൽ നീറിക്കരഞ്ഞ് ദൈവത്തിന്റെ സന്നിധിയിൽ ദാവീദ് ക്ഷമ യാചിച്ചതുകൊണ്ടാണ് അവന്റെ പാപം ദൈവം നീക്കിക്കളയുന്നത് (1 സാമു. 12:13). ദാവീദിന് ദൈവത്തിന്റെ സ്വഭാവം നന്നായറിയാം. "ഞാൻ അവന്റെയടുക്കൽ ചെല്ലുകയല്ലാതെ അവൻ എന്റെയടുക്കലേക്കു വരികയില്ല" (1 സാമു. 12:13). ക്ഷമ ചോദിക്കുന്നവരോടു ദൈവം ക്ഷമിക്കുന്നു. സോളമന്റെ ജീവിതത്തിൽ ദൈവത്തോടു ക്ഷമ ചോദിക്കലിന്റെ പ്രക്രിയ നടക്കാത്തതുകൊണ്ട് അവന്റെ ജീവിതവും രാജ്യത്തിന്റെ ഭാവിയും അപകടത്തിലാകുന്നത് നമ്മൾ കാണുന്നുമുണ്ട് (പ്രഭാ. 47:19–21).

**ദൈവത്തിന്റെ യഥാർത്ഥ മഹത്ത്വം – ഈശോമിശിഹായിൽ**

ഈശോമിശിഹായെ പരിചയപ്പെടുത്തിക്കൊണ്ടുള്ള ഹെബ്രായലേഖനത്തിന്റെ ആമുഖമാണ് ഇന്നത്തെ ലേഖനഭാഗം (ഹെബ്രാ. 1:1–4). ഈശോമിശിഹായുടെ മഹത്ത്വം ദൈവത്തിന്റെ മഹത്ത്വംതന്നെയാണ്. കാരണം, അവൻ ദൈവംതന്നെയാണ്. പൂർവകാലങ്ങളിൽ പ്രവാചകന്മാർവഴി ദൈവം ജനത്തോടു സംസാരിച്ചിട്ടുണ്ട്. ജോസഫും ദാവീദും പിതാക്കന്മാരുടെയും പ്രവാചകന്മാരുടെയും പ്രതീകങ്ങളാണ്. അവരോടും അവർ വഴിയും ദൈവം സംസാരിക്കുകയായിരുന്നു. ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ടവർവഴി സംസാരിക്കുന്നതുകൊണ്ടുമാത്രം രക്ഷാകരചരിത്രം പൂർണതയിൽ എത്തില്ല. അതുകൊണ്ട്, ത്രിത്വത്തിലെ രണ്ടാമത്തെ ആളായ ഈശോമിശിഹാ മനുഷ്യനായി ജനിക്കുന്നു. അവന്റെ മഹത്ത്വമാകട്ടെ ദൈവത്തിന്റെ മഹത്ത്വമാണ്.

ഭൂമിയിൽനിന്ന് ഉയർത്തപ്പെടുന്ന ഈശോമിശിഹായെ കണ്ടവരെല്ലാം അവനിൽ വിശ്വസിച്ച് രക്ഷയിലേക്കു നയിക്കപ്പെടുന്നു (യോഹ. 12:27–36). "ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും" (യോഹ. 12:32). ഈശോ കുരിശിൽ ഉയർത്തപ്പെടുമ്പോൾ കാൽവരിയിൽ കുരിശിൻചുവട്ടിൽ നിന്നവർ മാത്രമല്ല, അവനിലേക്കാകർഷിക്കപ്പെട്ടത്. ദൈവത്തിന്റെ വർത്തമാനകാലത്തിൽ വ്യാഖ്യാനിക്കുമ്പോൾ, തന്നിലേക്കു മനുഷ്യരെ ആകർഷിക്കുന്ന ഈശോയുടെ പ്രവർത്തനം നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. ഈശോയ്ക്കു മുമ്പും പിമ്പുമുണ്ടായിരുന്നവരും ഇപ്പോഴുള്ളവരും നാളെ ഉണ്ടാകാനിരിക്കുന്നവരും അവനിലേക്ക് ആകർഷിക്കപ്പെടുന്നു. മനുഷ്യനുവേണ്ടി നിരന്തരം രക്ഷ സാധിക്കുന്ന ഈശോയുടെ പ്രവർത്തനം കുരിശിൽ അനുനിമിഷം 'പൂർത്തിയാകുന്നു.'

മിശിഹാ (ദൈവത്തിന്റെ അഭിഷിക്തൻ) എന്നേക്കും നിലനില്ക്കുന്നവനാണ് (eternal) എന്ന് ഇസ്രായേൽജനത്തിന് അറിവുള്ളവതാണെന്ന് അവരുടെ വാക്കുകൾതന്നെ സൂചിപ്പിക്കുന്നുണ്ട് (യോഹ. 12:34). നിരന്തരം 'ആകുന്ന' (I AM WHO AM. പുറ. 3:14) ദൈവമാണ് മിശിഹാ (യോഹ. 8:24). ദൈവം മനുഷ്യനായി പ്പിറക്കുന്നത് സൃഷ്ടികൾക്കുവേണ്ടിയുള്ള പാപപരിഹാരദൗത്യത്തിന്റെ 'ഈ മണിക്കൂറിലേക്കാണ്' (യോഹ. 12:27). കാലാതിവർത്തിയായ (eternal) ദൈവം കാലത്തിന്റെ അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നത് (Incarnation) മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടിയാണ്. ദൈവത്തിന്റെ മഹത്ത്വമായ ഈശോമിശിഹാ മനുഷ്യന്റെ മഹത്ത്വത്തിനായി ഭൂമിയിൽനിന്ന് ഉയർത്തപ്പെടുന്നു.

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**മേരി ആൻ**
കുര്യനാട്

# ഇതു കേമത്തമല്ല, ആപത്താണ്

ഒന്നാം പേജ് തുടർച്ച

**ഭരണഘടനാപരമല്ല സമീപനം**

കേരളത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാനും മുഖ്യമന്ത്രി പിണറായി വിജയനും തമ്മിലുള്ള പോര് സർവസീമകളും കടന്നുകഴിഞ്ഞു. സംസ്ഥാനമന്ത്രിസഭയും ഇടതുമുന്നണിയും ഒരു വശത്തും ഗവർണറും ബിജെപിയും ആർഎസ്എസും മറുവശത്തുമായി നിന്നു നടത്തുന്ന പോർ ഒട്ടും ഭരണഘടനാപരമല്ല. വന്നുവന്ന് താൻ നയിക്കുന്ന സർക്കാരിനെതിരേ ഗവർണർ പത്രസമ്മേളനം വിളിച്ച് പരസ്യമായി അതിരൂക്ഷ ആക്രമണം നടത്തുന്നു. തീർത്തും തെറ്റാണിത്.

ഇന്ത്യയുടെ 75 വർഷത്തെ ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്തതാണ് രാജ്ഭവനിലെ ഇത്തരത്തിലുള്ള രാഷ്ട്രീയപത്രസമ്മേളനം. മറുവശത്ത് മുഖ്യമന്ത്രിയും മന്ത്രിമാരും ഇടതുമുന്നണിനേതാക്കളും ഗവർണർക്കെതിരേ പത്രസമ്മേളനങ്ങളിലും പൊതുയോഗങ്ങളിലും രൂക്ഷവിമർശനവും തുടരുന്നു. അരിയും തിന്ന് ആശാരിച്ചിയെയും കടിച്ചിട്ടു മതിയായില്ലെന്ന മട്ടിലാണു ഗവർണറും സർക്കാരും.

സ്വന്തം നിലയിൽ കേരള വിസി നിയമനം നടത്താൻ ഒരുമ്പെടുന്നതും മന്ത്രിമാരോ, സെക്രട്ടറിമാരോ രാജ്ഭവിലെത്തിയാൽ മാത്രമേ തർക്കമില്ലാത്ത ബില്ലുകളിൽപോലും ഒപ്പിടുവെന്നും ഗവർണർ പറയുന്നത് അത്ര ശരിയല്ല. സാധാരണ ബില്ലുകൾ ഒപ്പിടാനും നിബന്ധന വയ്ക്കുക, സർക്കാർ ചെലവിൽ നിരന്തരം ഡൽഹിയിൽ പോയി കാലതാമസം വരുത്തുക തുടങ്ങിയ നടപടികളും പന്തികേടാണ്.

**ചോര കുടിക്കാൻ കാത്ത് ചിലർ**

മുട്ടനാടുകൾ തമ്മിലടിക്കുന്നതു കണ്ടു ചോര കുടിക്കാൻ കാത്തിരിക്കുന്ന കുറുക്കന്റെ മട്ടിലാണ് യുഡിഎഫിന്റെ പ്രതികരണങ്ങൾ. ഗവർണറെയും സർക്കാരിനെയും അനുകൂലിക്കാനും വയ്യ, എന്നാൽ ഏതെങ്കിലുമൊരാളെ മാത്രമായി കുറ്റപ്പെടുത്താനും വയ്യ. സർക്കാരും ഗവർണറും ശരിയല്ലെന്ന നിലപാടിലാണ് കോൺഗ്രസ് നേതാക്കളുടെ പ്രസ്താവനകൾ. രാഹുൽ ഗാന്ധിയുടെ ഭാരത് ജോഡോ യാത്രയുടെ പ്രഭാവം കുറയ്ക്കാനാണ് ഈ സമയത്ത് ഗവർണറും സർക്കാരും ചക്കളത്തിപ്പോരാട്ടം കൊഴുപ്പിക്കുന്നതെന്ന് കെ.സി. വേണുഗോപാലും കെ. സുധാകരനും വി.ഡി. സതീശനും കരുതുന്നു. അവരെ കുറ്റം പറയാനാകില്ല.

ഗവർണർക്കു പിന്തുണയുമായി ബിജെപി പരസ്യമായി രംഗത്തെത്തുമ്പോൾ എങ്ങനെ സംശയിക്കാതിരിക്കും? പ്രോട്ടോക്കോൾ പരിഗണിക്കാതെ ആർഎസ്എസ് തലവനെ അങ്ങോട്ടു പോയി ഗവർണർ കണ്ടതു പ്രധാനമന്ത്രി നരേന്ദ്രമോദിയുടെയും ആഭ്യന്തരമന്ത്രി അമിത്ഷായുടെയും പിന്തുണ ഊട്ടിയുറപ്പിക്കാനാണെന്നു സംശയിക്കാതെ തരമില്ല. ഗവർണറുടെ നടപടികളെയും ആർഎസ്എസ് തലവനെ കണ്ടതിനെയുമെല്ലാം ന്യായീകരിക്കാൻ കേന്ദ്ര സഹമന്ത്രി വി. മുരളീധരനും ബിജെപി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രനും ബിജെപി നേതാവ് ശോഭാ സുരേന്ദ്രനും എല്ലാം മൽസരിക്കുകയാണ്.

**കാറ്റിൽ പറന്ന അന്തസ്സ് കീഴ്വഴക്കങ്ങൾ**

കണ്ണൂരിൽ 2019 ഡിസംബറിൽ നടന്ന ചരിത്ര കോൺഗ്രസ് സമ്മേളനത്തിൽ തന്നെ അപായപ്പെടുത്താൻ മുഖ്യമന്ത്രിയടക്കം ഗൂഢാലോചന നടത്തിയെന്നും പ്രതിഷേധിച്ചവരെ കസ്റ്റഡിയിലെടുക്കുന്നത് മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി കെ.കെ. രാഗേഷ് തടഞ്ഞുവെന്നുമൊക്കെ വർഷങ്ങൾക്കുശേഷം ഉളുപ്പില്ലാതെ ഗവർണർ തട്ടിവിടുന്നു. വയോധികനും യുപിയിലെ തന്റെ അയൽനാട്ടുകാരനും പ്രമുഖ ചരിത്രകാരനുമായ ഇർഫാൻ ഹബീബ് തന്നെ വധിക്കാനാണു ശ്രമിച്ചതെന്ന ഗവർണറുടെ ആരോപണം ബാലിശമായി.

കണ്ണൂർ സർവകലാശാല വൈസ് ചാൻസലറായി ഗോപിനാഥ് രവീന്ദ്രനെ പുനർനിയമിക്കാനുള്ള മുഖ്യമന്ത്രിയുടെ സമ്മർദത്തിനു താൻ വഴങ്ങിയെന്നും അതു തെറ്റായെന്നുംകൂടി പറയുമ്പോൾ ഗവർണറോടു സഹതപിക്കാനേ കഴിയൂ. രാജ്ഭവനിൽ ഔദ്യോഗികപത്രസമ്മേളനം വിളിച്ചു മുഖ്യമന്ത്രി പിണറായി വിജയനും സർക്കാരിനുമെതിരേ ഗവർണർ പുറത്തുവിട്ട രേഖകളും വീഡിയോകളും നനഞ്ഞ പടക്കമായതും നാണക്കേടാണ്. അതീവഗൗരവമുള്ള കാര്യങ്ങൾ പത്രക്കാരോടല്ല, മുഖ്യമന്ത്രിയോടും മന്ത്രിമാരോടും ചീഫ് സെക്രട്ടറിയോടും നേരിട്ടാണു ഗവർണർ സംസാരിക്കേണ്ടതെന്ന് ഇന്നേവരെയുള്ള മറ്റെല്ലാ ഗവർണർമാർക്കും ബോധ്യമുണ്ടായിരുന്നു.

ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ വാർത്താസമ്മേളനം അടിക്കടി നടത്തി പത്രലേഖകരോടു സംസാരിക്കുന്നത് അദ്ഭുതകരവും ആപത്കരവുമാണ്. അറിയിക്കേണ്ട കാര്യങ്ങൾ പത്രക്കുറിപ്പിലൂടെ അറിയിക്കുകയാണു മുൻ ഗവർണർമാരെല്ലാം ചെയ്തത്. മുഖ്യമന്ത്രിയോടു നേരിട്ടു ചോദിക്കേണ്ടതു മാധ്യമങ്ങളിലൂടെയല്ല, ഏറെക്കാലം ഗവർണറായിരുന്നു മുതിർന്ന നേതാവ് പറയുന്നു. അതാണു ശരി.

**പ്രതിപക്ഷനേതാവല്ല ഗവർണർ**

പ്രതിപക്ഷനേതാവിന്റെ റോളിലേക്ക് ഗവർണർ തരംതാണാൽ അത് ആപത്കരവും ജനാധിപത്യവിരുദ്ധവും ഭരണഘടനയ്ക്കു ചേരാത്തതുമാണ്. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് നിയമനങ്ങളും പെൻഷനും സർക്കാരിലും സർവകലാശാലകളിലും നടക്കുന്ന ബന്ധുനിയമനങ്ങളുമടക്കം ഗവർണർ ഉന്നയിക്കുന്ന പ്രശ്നങ്ങൾ ന്യായമാണ്. എന്നാൽ, രാജ്ഭവനിലെ സ്റ്റാഫുകളുടെ എണ്ണവും അടക്കമുള്ള ചെലവുകളും സംഘപരിവാർ അനുകൂലികളുടെ നിയമനവും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ മുഴുവൻ സത്യാവസ്ഥയും പുറത്തുവിടാൻ ഗവർണർ തയ്യാറായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ആരോപണങ്ങളെ ജനം മുഖവിലയ്ക്കെടുക്കുമായിരുന്നു.

2018 ജനുവരിയിലെ ഒരു വിവരാവകാശരേഖയനുസരിച്ച് രാഷ്ട്രപതിഭവനിൽ മാത്രം 545 ജീവനക്കാരാണുള്ളത്. പ്രതിവർഷം ശമ്പളബിൽ മാത്രം 16 കോടിയിലേറെ രൂപയാണ് (പ്രതിമാസം 1,34,68,927 രൂപ). ഇപ്പോഴിതു വീണ്ടും വളരെയധികം കൂടി. പ്രധാനമന്ത്രിയും മന്ത്രിമാരും പറയുന്നിടത്ത് ഒപ്പുവയ്ക്കാനുള്ള ഒരു രാഷ്ട്രപതിക്ക് എന്തിനാണ് ഇത്രയേറെ ജീവനക്കാരും ചെലവുകളുമെന്നു ജനം ചോദിക്കാത്തതാണു തെറ്റ്?

**വേണം പരസ്പര ബഹുമാനം**

കൊളോണിയൽ കാലത്തെ രീതികളും പേരുകളും മാറ്റുന്ന നരേന്ദ്ര മോദി സർക്കാർ, കൊളോണിയൽ സംസ്കാരത്തിന്റെ ഭാഗമായ രാഷ്ട്രപതി, ഉപരാഷ്ട്രപതി, ഗവർണർ തുടങ്ങിയ തസ്തികകൾ അവസാനിപ്പിക്കാൻ മുൻകൈയെടുക്കട്ടെ. ഇവരെയെല്ലാം തീറ്റിപ്പോറ്റുന്ന പണത്തിന്റെ പകുതിയെങ്കിലും രാജ്യത്തെ 30 കോടിയിലേറെ വരുന്ന പട്ടിണിപ്പാവങ്ങൾക്കും കഷ്ടതയനുഭവിക്കുന്ന മൽസ്യ, കർഷകത്തൊഴിലാളികൾക്കും നൽകട്ടെ.

ഗവർണറും മുഖ്യമന്ത്രിയും പരസ്പരം വാളെടുക്കുന്ന രീതി കേരളത്തിന്റെ താത്പര്യങ്ങൾക്കു ഹാനികരമാണ്. നവകേരളമെന്നത് സംസ്ഥാനത്തിന്റെ മേധാവികൾക്കു തമ്മിൽത്തല്ലി രാഷ്ട്രീയമുതലെടുപ്പിനുള്ളതല്ല. പരസ്പരബഹുമാനത്തോടെയും ഭരണഘടനാ, ജനാധിപത്യമൂല്യങ്ങൾക്കനുസരിച്ചുമാകണം ഗവർണറും മുഖ്യമന്ത്രിയും പ്രവർത്തിക്കേണ്ടത്. ജനക്ഷേമകരമായ ജനകീയഭരണം ഉറപ്പാക്കാനായി ഈ രണ്ടു പദവികളിലുമുള്ളവർ കൈകോർത്തു പ്രവർത്തിക്കുകയാണു വേണ്ടത്. ■

# വ്യത്യസ്ത കൃഷിരീതികളുമായി മാത്യു തുരുത്തിക്കര

വ്യത്യസ്ത കൃഷിരീതികളുമായി ശ്രദ്ധേയനാവുകയാണ്, പാലാ നരിയങ്ങാനം തുരുത്തിക്കര ടി.എ. മാത്യു. നാട്ടുകാർ കുട്ടിച്ചേട്ടൻ എന്നു വിളിക്കുന്ന ഈ എൺപത്തിമൂന്നുകാരൻ, രാവിലെ അഞ്ചുമണിക്കുണരും. പ്രഭാതകൃത്യങ്ങൾക്കുശേഷം ഈശ്വരപ്രാർഥനയും ബൈബിൾ പാരായണവും കഴിഞ്ഞ് ആറുമണിയോടെ കൃഷിയിടത്തിലേക്ക് ഇറങ്ങുകയായി. പാരമ്പര്യ കർഷകരുടെ തൊപ്പിപ്പാളയും തോർത്തുമുണ്ടുമാണു വേഷം. മാതാപിതാക്കന്മാരിൽ നിന്നു ലഭിച്ച കൃഷിയറിവുകളാണ് കുട്ടിച്ചേട്ടന്റെ മുതൽക്കൂട്ട്.



അവാർഡുകളുമായി മാത്യു തുരുത്തിക്കര



മാത്യു തുരുത്തിക്കര മകൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മിയോടൊപ്പം കൃഷിയിടത്തിൽ

കൃഷിയിൽ മുഖ്യം പച്ചക്കറിയിനങ്ങളാണ്. വെണ്ട, ഇഞ്ചി, വിവിധ ഇനത്തിലുള്ള മുളകുകൾ, പയർ, കോവൽ, ചീര, കുമ്പളം, തക്കാളി, മുരിങ്ങ, കപ്പളം എന്നിങ്ങനെ ഒട്ടുമിക്ക പച്ചക്കറിയിനങ്ങളും കൃഷിയിടത്തെ അലങ്കരിക്കുന്നു. വാഴയിനത്തിൽ ഞാലിപ്പൂവനും റോബസ്റ്റയും കൂടാതെ, തെങ്ങ്, കമുക്, റബ്ബർ, ഏലം എന്നിവയും കൃഷി ചെയ്തുവരുന്നു.

ഈ വിളകൾക്കെല്ലാം ചാണകപ്പൊടിയും ആട്ടിൻകാഷ്ഠവും കോഴിവളവുമാണ് ഉപയോഗിക്കുന്നത്. എന്തു നടുന്നതിനുമുമ്പും കുഴിയിൽ ജൈവവളങ്ങൾ അടിസ്ഥാന വളമായി ഇടുന്നു.

ഓരോ വിളയും ഇനം തിരിച്ചാണ് നട്ടിരിക്കുന്നത്. ഈ വ്യത്യസ്തത നിറഞ്ഞ കൃഷിരീതിയുടെ അടിസ്ഥാനത്തിൽ തലപ്പലം കൃഷിഭവൻ എട്ടുതവണ മികച്ച കർഷകനായി കുട്ടിച്ചേട്ടനെ തിരഞ്ഞെടുക്കുകയുണ്ടായി.

ഈയടുത്തകാലത്ത് പ്ലാശനാൽ, നരിയങ്ങാനം സ്കൂളുകളിലെ കുട്ടികൾ ഒരാഴ്ചക്കാലം കുട്ടിച്ചേട്ടന്റെ കൃഷിയിടത്തിൽ വന്ന് കൃഷിയനുഭവങ്ങൾ കണ്ടു മനസ്സിലാക്കി.

1968 ഒക്ടോബർ 30 കുട്ടിച്ചേട്ടനെ സംബന്ധിച്ചിടത്തോളം മറക്കാനാവാത്ത ദിനമാണ്. അന്ന് ഒരു ബന്ധുവീട്ടിൽ നിന്നു ലഭിച്ച ഒരുകുല തേങ്ങയിൽനിന്നു വിപുലീകരിച്ചു വളർത്തിയവയാണ് ഇപ്പോൾ കാണുന്ന തെങ്ങുകളത്രയും.


ഈ വർഷത്തെ ഓണച്ചന്തയ്ക്ക് 125 കിലോഗ്രാം പച്ചക്കറികളാണ് കർഷകമാർക്കറ്റിൽ കൊടുത്തത്. ജൈവപച്ചക്കറിയായതിനാൽ പത്തു ശതമാനം വില കൂടുതൽ ലഭിക്കുകയും ചെയ്തു. 'ഞങ്ങളും കൃഷിയിലേക്ക്' എന്ന കൃഷിഭവന്റെ പ്രോഗ്രാമിലും ഇദ്ദേഹം പ്രവർത്തിച്ചുവരുന്നു.

വീടിന്റെ ടെറസിലുമുണ്ട് കോവൽ, പാവൽ, വഴുതന കൃഷികൾ.

വീട്ടിൽ മാത്രമല്ല കൃഷിയിടത്തിലും ഭാര്യ ലില്ലിക്കുട്ടി കൂട്ടായുണ്ട്. മക്കൾ : മേഴ്സി, നിർമല ജിമ്മി (കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്), രാജു മാത്യു (തലപ്പലം സർവ്വീസ് സഹകരണ ബാങ്ക്).

**ജോസഫ് കുമ്പുക്കൻ**

# ഒരായിരം കഥകളുമായി ഒളിമങ്ങാത്ത മുത്ത്



തോമസ് കുഴിഞ്ഞാലിൽ

ഒന്നേമുക്കാൽ നൂറ്റാണ്ടു മുമ്പ് നമ്മുടെ രാജ്യത്തിന്റെ സ്വന്തമായിരുന്നതും പിന്നീട്, ബ്രിട്ടീഷ് ഭരണാധികാരിയുടെ കിരീടത്തിൽ സ്ഥാനംപിടിച്ചതുമായ അമൂല്യമായ ഒരു വജ്രമുണ്ട് - കോഹിനൂർ. വിലമതിക്കാനാവാത്ത ഈ വജ്രത്തിന്റെ ഇന്ത്യയിലെ വിപണിമൂല്യം 2,329 കോടി രൂപയിലധികമാണെന്നറിയുമ്പോൾ ആരും അദ്ഭുതപരതന്ത്രരാകും. 2800 ലേറെ മുത്തുകളും വജ്രങ്ങളും പതിപ്പിച്ചിരിക്കുന്ന പ്ലാറ്റിനത്തിൽ നിർമിച്ച രാജകിരീടത്തിന്റെ ആകെ മൂല്യം 69,584 കോടി രൂപയാണെന്നും കണക്കാക്കിയിരിക്കുന്നു.

ഈ മാസം 8-ാം തീയതി സ്കോട്ട്ലന്റിലെ ബാൽമോറൽ കൊട്ടാരത്തിൽ 96-ാം വയസ്സിൽ അന്തരിച്ച രണ്ടാം എലിസബത്തു രാജ്ഞിയുടെ വിയോഗത്തോടെയാണ് ലോകത്തെ ഏറ്റവും വിലകൂടിയ വജ്രങ്ങളിലൊന്നായ കോഹിനൂരും വാർത്തകളിൽ നിറയുന്നത്.

'വെളിച്ചത്തിന്റ മല' എന്നോ, 'പ്രകാശത്തിന്റെ പർവതം' എന്നോ വിശേഷിപ്പിക്കപ്പെടുന്ന കോഹിനൂരിന് അയ്യായിരം വർഷത്തിലേറെ പഴക്കമുണ്ടാകാമെന്നു കണക്കാക്കിയിട്ടുണ്ട്. 14-ാം നൂറ്റാണ്ടിൽ കകാത്തിയ രാജവംശത്തിന്റെ ഭരണകാലത്ത് ആന്ധ്രപ്രദേശിലെ ഗോൽകൊണ്ടയ്ക്കടുത്തുള്ള കൊല്ലൂർ ഖനിയിൽനിന്നു കണ്ടെടുത്ത കോഹിനൂരിന് 700 വർഷത്തെ അറിയപ്പെടുന്ന ചരിത്രമുണ്ട്. ഖനിയിൽനിന്നു പുറത്തെടുക്കുമ്പോൾ 739 കാരറ്റു തൂക്കമുണ്ടായിരുന്ന വജ്രം രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന വാറംഗലിലെ ഭദ്രകാളീക്ഷേത്രത്തിലുള്ള ദേവീവിഗ്രഹത്തിന്റെ കണ്ണുകളിലൊന്നായി പ്രതിഷ്ഠിക്കുകയും ചെയ്തു.

**കോഹിനൂർ കടൽ കടന്ന കഥ**

എ ഡി 1310 ലെ വാറംഗൽയുദ്ധത്തിൽ ഡൽഹി ഭരിച്ചിരുന്ന സുൽത്താൻ അലാവുദീൻ ഖിൽജിയുടെ സേനാതലവനായിരുന്ന മാലിക് കഫൂർ കകാത്തിയ രാജാവായിരുന്ന പ്രതാപരുദ്രയെ പരാജയപ്പെടുത്തിയതോടെ കോഹിനൂരിന്റെ യാത്രയ്ക്കും തുടക്കംകുറിച്ചു. ഭദ്രകാളീക്ഷേത്രം കൊള്ളയടിക്കുകയും ദേവീവിഗ്രഹം തകർക്കുകയും ചെയ്ത മാലിക് കഫൂർ ഡൽഹിയിൽ തിരിച്ചെത്തി അസാമാന്യതിളക്കമുള്ള കോഹിനൂർവജ്രം സുൽത്താനു കാഴ്ചവച്ചു.

രണ്ടു നൂറ്റാണ്ടുകൾക്കുശേഷം എ ഡി 1526 ലെ ഒന്നാം പാനിപറ്റ് യുദ്ധത്തിൽ ഡൽഹി സുൽത്താനായിരുന്ന ഇബ്രാഹിം ലോധിയെ പരാജയപ്പെടുത്തിയ മുഗൾ സാമ്രാജ്യസ്ഥാപകനായ ബാബർ, കോഹിനൂരിനെ സ്വന്തമാക്കുകയും ചെയ്തു. 'ബാബർനമ' എന്ന പേരിൽ ബാബർ കുറിച്ചുവച്ച ഡയറിക്കുറിപ്പുകളിൽ കോഹിനൂരിനെക്കുറിച്ചുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തിയത് കണ്ടെടുത്തിയിട്ടുള്ളതായി ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ കൈവശമിരുന്ന കാലത്ത് 'ബാബറിന്റെ വജ്രം' എന്ന ഖ്യാതിയും കോഹിനൂരിനുണ്ടായിരുന്നു. ബാബറിന്റെ പിൻഗാമികളിലൊരാളായ ഷാജഹാൻ മാർബിളിൽ നിർമിച്ച മയൂരസിംഹാസനത്തിലെ നൂറു കണക്കിനു രത്നങ്ങൾക്കു നടുവിൽ കോഹിനൂരും പ്രതിഷ്ഠിച്ചു.

എഡി 1739 ൽ നടന്ന കർണാൽയുദ്ധത്തിൽ, അക്കാലത്തെ മുഗൾചക്രവർത്തിയായിരുന്ന മുഹമ്മദ് ഷായെ കീഴടക്കിയ പേർഷ്യൻവംശജനും അഫ്ഷാരിദ് രാജവംശസ്ഥാപകനും അഫ്ഗാനിസ്ഥാനിലെ എമീറുമായിരുന്ന നാദിർ ഷാ ഡൽഹി പിടിച്ചെടുക്കുകയും വ്യാപകമായ കൊള്ളയും കൊള്ളിവയ്പും അഴിച്ചുവിടുകയും ചെയ്തു. മുഹമ്മദ് ഷായുടെ തലപ്പാവിൽ പിടിപ്പിച്ചിരുന്ന വജ്രത്തിന്റെ അസാധാരണതിളക്കം കണ്ട നാദിർ ഷാ 'കോഹിനൂർ' എന്ന് ആർത്തുവിളിച്ചതായി പറയപ്പെടുന്നു. കോഹിനൂരിന് ആ പേര് കൈവന്നത് അങ്ങനെയാണ് എന്നാണു നിഗമനം. മുഗൾ രാജകൊട്ടാരങ്ങളിൽനിന്നു കവർച്ച ചെയ്ത എണ്ണിയാലൊടുങ്ങാത്ത സമ്പത്തുമായി തിരികെപ്പോയ നാദിർ ഷാ കോഹിനൂരിനൊപ്പം ഷാജഹാന്റെ മയൂരസിംഹാസനവും കടത്തിക്കൊണ്ടുപോയി. പണവും വജ്രങ്ങളും സ്വർണാഭരണങ്ങളും വിലകൂടിയ പാത്രങ്ങളും മൃഗങ്ങളുമടക്കം അക്കാലത്തെ തോതനുസരിച്ച് 100 കോടിയിലധികം വരുന്ന സമ്പത്ത് നാദിർ ഷാ ഇന്ത്യയിൽ നിന്ന് കൊണ്ടുപോയിട്ടുണ്ടാകാമെന്നാണ് ചരിത്രകാരന്മാരുടെ സാക്ഷ്യം. തന്റെ കങ്കണത്തിൽ - (ബ്രേസ്ലെറ്റ്) ബന്ധിച്ച കോഹിനൂരുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ മടക്കയാത്ര. 1747 ജൂൺ 19-ാം തീയതി അഫ്ഗാനിസ്ഥാനിലെ ഖൊറാസൻ മേഖലയിലുള്ള ഫത്ത്ഹാബാദിൽവച്ച് ഉറങ്ങിക്കിടക്കവേ തന്റെ കീഴുദ്യോഗസ്ഥനാൽ കുത്തേറ്റു വീഴുമ്പോഴും ഈ ബ്രേസ്ലെറ്റ് നാദിർ ഷാ ധരിച്ചിരുന്നുവെന്നും നിരീക്ഷിക്കുന്നവരുണ്ട്. മരണാസന്നനായി കിടക്കുമ്പോൾ അമൂല്യമായ ഈ നിധി അതീവരഹസ്യമായി തന്റെ കൊച്ചുമകനായ ഷാ ഷൂജ ഡുറാനിയെ ഭരമേല്പിച്ചിട്ടാണ് അദ്ദേഹം അന്ത്യശ്വാസം വലിച്ചത്.

പിതാമഹനായ നാദിർ ഷായെപ്പോലെതന്നെ ഷാ ഷൂജയും ഈ കൈയാഭരണം ധരിക്കുമായിരുന്നു. രാജാധികാരത്തിനുവേണ്ടിയുള്ള തർക്കങ്ങൾ യുദ്ധത്തിലേക്കു നീങ്ങിയപ്പോൾ യുവാവായ ഷാ ഷൂജ ഇന്ത്യയിലേക്കു പലായനം ചെയ്യുകയായിരുന്നു. 'പഞ്ചാബിന്റെ സിംഹം' എന്ന പേരിൽ പ്രശസ്തനായിരുന്ന ലാഹോർ ഭരണാധികാരിയും സിക്ക് സാമ്രാജ്യസ്ഥാപകനുമായ രഞ്ജിത് സിങ്ങിന്റെ സഹായത്തോടെ അഫ്ഗാനിസ്ഥാൻ എമീറായി അധികാരം പിടിച്ചെടുത്ത ഷാ ഷൂജ, തന്നെ സഹായിച്ചതിന്റെ നന്ദിസൂചകമായി



രഞ്ജിത് സിങ്ങ് മഹാരാജാവിനു സമ്മാനിച്ചത് പൈതൃകമായി തനിക്കു ലഭിച്ച ബ്രേസ്ലെറ്റായിരുന്നു.

വൈദേശികാധിപത്യത്തെ ശക്തമായി എതിർത്തു തോല്പിച്ച മഹാരാജാ രഞ്ജിത്സിങ് 1739 ൽ മരണമടഞ്ഞതോടെ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ മുന്നേറ്റങ്ങളെ ചെറുത്തുനിന്നത് റീജന്റായി ഭരണം നടത്തിയ റാണി ജിൻഡ് കൗറാണ്. 1843 ൽ അഞ്ചു വയസ്സു മാത്രമുണ്ടായിരുന്ന ദുലീപ് സിങ് രാജകുമാരനെ മഹാരാജാവായി അവരോധിച്ചശേഷം മഹാറാണി തന്നെ ബ്രിട്ടീഷ് സൈന്യത്തെ നേരിട്ടു. 1845 ലെയും 1848 ലെയും ആംഗ്ലോ - സിക്ക് യുദ്ധങ്ങളിൽ ലാഹോറിനെ പരാജയപ്പെടുത്തിയ അക്കാലത്തെ വൈസ്രോയ് ഡെൽഹൗസി, മഹാറാണിയെ ജയിലിലടയ്ക്കുകയും 10 വയസുകാരനായ ദുലീപ് സിങ്ങിനെ അമ്മയിൽനിന്നകറ്റി വീട്ടുതടങ്കലിൽ പാർപ്പിക്കുകയും ചെയ്തു. ബാലനായ ദുലീപ് സിങ്ങിനെ ബലപ്രയോഗത്തിലൂടെ ഒപ്പിടുവിച്ച ലാഹോർ ഉടമ്പടിയിൽ കോഹിനൂർവജ്രത്തെ ബന്ധപ്പെടുത്തിയ ഭാഗം ഇപ്രകാരമായിരുന്നു: "അഫ്ഗാനിസ്ഥാനിലെ എമീറായ ഷാ ഷൂജ-ഉൽ-മാലിക്കിൽനിന്ന് രഞ്ജിത് സിങ് മഹാരാജാവ് സ്വന്തമാക്കിയ കോഹിനൂർ എന്നു വിളിപ്പേരുള്ള വിശിഷ്ടവജ്രം ഈ കരാറനുസരിച്ച് ഇംഗ്ലണ്ടിന്റെ രാജ്ഞിക്ക് അടിയറ വയ്ക്കുന്നു."

**വിക്ടോറിയ മുതൽ എലിസബെത്തുവരെ**

1848 മുതൽ വീട്ടുതടങ്കലിലായിരുന്ന ദുലീപ് സിങ് മഹാരാജാവിനോടൊപ്പം കോഹിനൂർ വജ്രവുമായി 1850 ൽ ലണ്ടനിലെത്തിയ ഡെൽഹൗസി വിക്ടോറിയ രാജ്ഞിയുടെ മുന്നിലെത്തി. അതുവരെ കണ്ടെത്തിയതിൽവച്ച് ഏറ്റവും വലിയ വജ്രവും കുഞ്ഞിക്കൈകളിൽ നീട്ടിപ്പിടിച്ചുകൊണ്ട് തന്റെ മുമ്പിൽ നില്ക്കുന്ന ബാലനായ മഹാരാജാവിനെ തന്നോടു ചേർത്തുനിർത്തി മഹാരാജ്ഞി വിശേഷങ്ങളാരാഞ്ഞു. ലോകത്തെ ഏറ്റവും വിലകൂടിയ തൊണ്ടിമുതലുമായി തന്നെ മുഖംകാണിക്കാനെത്തിയ ഡെൽഹൗസിയെ പ്രഭുസ്ഥാനവും കൈനിറയെ പാരിതോഷികങ്ങളും നൽകി മഹാരാജ്ഞി ആദരിച്ചു. ചെയ്തു. ലണ്ടനിലെ ഹൈഡ് പാർക്കിലൊരുക്കിയ പ്രത്യേകവേദിയിലായിരുന്നു കോഹിനൂരിന്റെ കൈമാറ്റച്ചടങ്ങുകളും മഹാരാജാവിനുള്ള സ്വീകരണവും സംഘടിപ്പിച്ചിരുന്നത്. ഒരു മഹാരാജാവിനു ചേർന്ന ഭക്ഷണവും താമസസൗകര്യങ്ങളും നല്കാൻ ഉത്തരവിടുകയും ചെയ്തു.

കോഹിനൂരിനെ ചുണ്ടോടു ചേർത്തു ചുംബിച്ചശേഷം മാറോടു ചേർത്തുവച്ച് ഭംഗി ആസ്വദിച്ച മഹാരാജ്ഞി, വജ്രത്തിന്റെ വലുപ്പത്തെക്കുറിച്ച് ഡൽഹൗസിയോടു പരിഭവം പറഞ്ഞു. വലുപ്പം കുറയ്ക്കാനായാൽ ഉടുപ്പിലണിയുന്ന സൂചിപ്പതക്കമായി ഉപയോഗിക്കാനാകുമെന്ന മഹാരാജ്ഞിയുടെ നിർദേശമനുസരിച്ച് വിദഗ്ധരായ ഡയമണ്ട് കട്ടർമാർക്കുവേണ്ടിയുള്ള അന്വേഷണവും തുടങ്ങി. ലോകപ്രശസ്ത ശില്പിയായ ഡച്ചുകാരൻ ലെവി ബെഞ്ചമിൻ വൂർസാംഗറിനാണ് ആ ഭാഗ്യമുണ്ടായത്. വിശ്രമമില്ലാത്ത 38 ദിവസങ്ങൾകൊണ്ട് ഇന്നത്തെ രൂപത്തിലേക്കു കോഹിനൂരിനെ മാറ്റിയെടുത്തതിന് വൂർസാംഗർ 8,000 പൗണ്ടും കൈപ്പറ്റി. പക്ഷേ, ചെത്തിയും മിനുക്കിയും രൂപഭംഗി വരുത്തിയപ്പോഴേക്കും 739 കാരറ്റ് ഉണ്ടായിരുന്ന കോഹിനൂരിന്റെ തൂക്കം 105.602 കാരറ്റായി കുറഞ്ഞുപോയിരുന്നു (21.12 ഗ്രാം) നിറമില്ലാത്ത അർദ്ധവൃത്താകൃതിയിലുള്ള വജ്രം സൂചിപ്പതക്കമായിത്തന്നെയാണ് വിക്ടോറിയ മഹാരാജ്ഞി ഉടുപ്പിലണിഞ്ഞത്.

ബ്രിട്ടണിലെ രാജ്ഞിമാരുടെ രാജകീയവസ്ത്രങ്ങളിൽ പിന്നിയിടുന്ന ബ്രൂച്ചായി ഉപയോഗിച്ചുവന്ന കോഹിനൂർ വജ്രത്തെ രണ്ടാം എലിസബത്ത് രാജ്ഞിയുടെ അമ്മയ്ക്കുവേണ്ടി പ്ലാറ്റിനത്തിൽ തീർത്ത കിരീടത്തിൽ ഉറപ്പിക്കാൻ തീരുമാനിച്ചത് ജോർജ് ആറാമൻ രാജാവാണ്. 1937 ലെ അദ്ദേഹത്തിന്റെ കിരീടധാരണവേളയിലാണ് അമ്മമഹാറാണിയുടെ ശിരസ്സിൽ രാജകിരീടം ചാർത്തിയത്.

**ശാപം ഏറ്റുവാങ്ങിയ നിധി**

"ഈ വജ്രം സ്വന്തമാക്കുന്ന ഒരു വ്യക്തിക്ക് ലോകം മുഴുവൻ നേടാനാകുമെങ്കിലും അതിന്റെ സകല ദൗർഭാഗ്യങ്ങളും അനുഭവിക്കേണ്ടിവരും. അയാളുടെ സത്കീർത്തിയും വസ്തുവകകളും നഷ്ടപ്പെടുമെന്നു മാത്രമല്ല, മരണംവരെ സംഭവിക്കാം. അപായംകൂടാതെ ഇതു ധരിക്കാൻ ദൈവത്തിനോ ഒരു സ്ത്രീക്കോ മാത്രമേ കഴിയൂ."

ഐതിഹ്യങ്ങളിൽനിന്നോ നാടോടിക്കഥകളിൽനിന്നോ രൂപപ്പെട്ട ഈ ശാപം കോഹിനൂരിനെ പിന്തുടരുന്നുണ്ടെന്നതിന് ചരിത്രം തന്നെയാണ് സാക്ഷി. യുദ്ധത്തിലൂടെയോ കൊള്ളയിലൂടെയോ വഞ്ചനയിലൂടെയോ കൈമാറ്റത്തിലൂടെയോ പ്രതിസമ്മാനമായോ, ഏതുവിധത്തിലുമാകട്ടെ, ഈ വജ്രം കൈവശംവച്ച ഒരു രാജ്യവും പഴയ പ്രതാപത്തിൽ ഇപ്പോൾ നിലനില്ക്കുന്നില്ല എന്നതുതന്നെയാണ് ചരിത്രസാക്ഷ്യം. കകാത്തിയ, ഖിൽജി, ലോധി, മുഗൾ, മറാത്ത, പേർഷ്യ, ദുറാനി, അഫ്ഗാൻ, സിക്ക് തുടങ്ങിയ സാമ്രാജ്യങ്ങളെല്ലാം തകർന്നു തരിപ്പണമായി. മാലിക് കഫൂർമുതൽ നാദിർ ഷാ വരെയുള്ളവർ അനുചരന്മാരാലോ ബന്ധുക്കളിലോ വധിക്കപ്പെട്ടു. വിക്ടോറിയാ മഹാരാജ്ഞിയുടെ ഭർത്താവ് ആൽബർട്ട് രാജകുമാരൻ അജ്ഞാതകാരണങ്ങളാൽ അകാലമൃത്യു വരിച്ചതും, സൂര്യനസ്തമിക്കാത്ത സാമ്രാജ്യമായിരുന്ന ബ്രിട്ടന്റെ പ്രതാപം നഷ്ടപ്പെട്ടതും കോഹിനൂരുമായി ബന്ധപ്പെട്ട ചരിത്രസംഭവങ്ങളായി എണ്ണപ്പെടുന്നുണ്ട്.

700 വർഷത്തെ എഴുതപ്പെട്ട ചരിത്രമുണ്ടെങ്കിലും കോഹിനൂർ ഒരിക്കൽപ്പോലും വില്ക്കപ്പെടുകയോ ലേലം വിളിക്കപ്പെടുകയോ ചെയ്തിട്ടില്ലെന്നത് ഇതിന്റെ മാത്രം പ്രത്യേകതയാണ്. വിലമതിക്കാനാകാത്ത ഈ നിധി തിരിച്ചുകിട്ടുന്നതിനുള്ള നിയമപോരാട്ടങ്ങൾ ഇന്ത്യയിൽ തുടങ്ങിക്കഴിഞ്ഞതായി വാർത്തകൾ വരുന്നുണ്ട്. ഇറാനും അഫ്ഗാനിസ്ഥാനും പാക്കിസ്ഥാനും അവകാശവാദവുമായി രംഗത്തുവന്നുകഴിഞ്ഞു. രാജചെങ്കോലിൽ പിടിപ്പിച്ചിട്ടുള്ള കുള്ളിനാൻ വജ്രം സൗത്ത് ആഫ്രിക്കയിൽനിന്നു ബ്രിട്ടനിലെത്തിയതാണ്, 530.400 കാരറ്റാണ് തൂക്കം. രാജകിരീടവും രാജചെങ്കോലും ലണ്ടൻ ടവറിലെ ജൂവൽ ഹൗസിൽ പ്രദർശനത്തിനു വച്ചിരിക്കുന്നു.

■

# നായ്ക്കൾ വാഴുന്ന നാട്



**സിൽജി ജെ. ടോം**

നാട്ടിലെങ്ങും ആക്രമണകാരികളായ നായകളുടെ സൈ്വരവിഹാരമാണ്. ജനങ്ങൾക്കു പേടിച്ചിട്ടു വഴി നടക്കാനാവാത്ത അവസ്ഥ. വളരെ ഭീതിദമായ സാഹചര്യമാണു നിലനിൽക്കുന്നത്. വീട്ടിനകത്തു കയറിപ്പോലും നായ കടിക്കുന്ന വാർത്തകളാണ് പുറത്തുവരുന്നത്. എന്തു ചെയ്യണമെന്നറിയാതെ ജനം നിസ്സഹായരാവുന്നു. കഴിഞ്ഞദിവസം കോട്ടയത്ത് പാമ്പാടിയിൽ ഒരു വീട്ടമ്മയെ അവരുടെ വീട്ടിൽക്കയറി തെരുവുനായ ആക്രമിക്കുന്നതിന്റെ ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു. അവരുടെ ദേഹത്ത് 38 കടിയേറ്റു എന്നത് എത്ര ദയനീയമായ അവസ്ഥയാണ്!

ഉത്തരവാദപ്പെട്ട അധികാരികൾ പ്രസ്താവനകളിറക്കുന്നതല്ലാതെ മറ്റൊന്നും ചെയ്യുന്നില്ല. തെരുവുനായ്ക്കളെ എത്രയും വേഗം സംരക്ഷണകേന്ദ്രങ്ങളിലേക്കു മാറ്റിയേ തീരൂ. ചർച്ചകളും പഠനങ്ങളും വന്ധ്യംകരണവുമൊക്കെ കഴിഞ്ഞ് നടപടിയെടുക്കാനാണെങ്കിൽ ഇനിയും പട്ടി കടിച്ചുള്ള മരണങ്ങളേറെ കാണേണ്ടിവരും. അഭിരാമിയെയും അജിനെയും ശ്രീലക്ഷ്മിയെയും ചന്ദ്രികയെയുംപോലെ കുട്ടികളടക്കം ഇനിയും നിരവധി മനുഷ്യജീവനുകൾ പട്ടികൾ മൂലം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാവും, അത് അനുവദിച്ചുകൂടാ.

**വാക്സിനെച്ചൊല്ലിയും ആശങ്ക**

പട്ടികടിയേറ്റ് വാക്സിനെടുത്തവർപോലും മരിക്കുന്ന സാഹചര്യവും ഭീതിയുയർത്തുന്നു. വാക്സിന്റെ ഫലപ്രാപ്തിയെക്കുറിച്ചു ഗൗരവമായ ആശങ്കകളാണ് ഉയരുന്നത്. നായ കടിച്ച് കുത്തിവയ്പ്പെടുത്ത 12 വയസ്സുകാരി അഭിരാമി മരിച്ചത് പേവിഷബാധയുടെ ലക്ഷണങ്ങളോടെയാണ്. ഇക്കൊല്ലം ഇതുവരെ പേവിഷബാധയേറ്റ് 21 പേർ സംസ്ഥാനത്തു മരിച്ചെന്നാണു കണക്കുകൾ. അതിൽ ആറു പേർ വളർത്തുനായുടെ കടിയേറ്റവരാണ്. മരിച്ചവരിൽ പകുതിയിലേറെപ്പേരും വാക്സിനെടുത്തിരുന്നുവെന്നാണു വാർത്തയെങ്കിലും ആരോഗ്യവകുപ്പ് ഇതു സ്ഥിരീകരിക്കുന്നില്ല. മിക്കവരും വാക്സിനെടുക്കാത്തവരാണെന്നും ചിലർ യഥാസമയം വാക്സിനെടുക്കാഞ്ഞതാണു മരണകാരണമെന്നുമാണ് ആരോഗ്യവകുപ്പിന്റെ വാദം. എന്നാൽ, വാക്സിൻ പരാജയപ്പെട്ട നാലു സംഭവങ്ങൾ ഈ വർഷം ഉണ്ടായതായി ആരോഗ്യമന്ത്രി കഴിഞ്ഞദിവസം നിയമസഭയിൽ വെളിപ്പെടുത്തുകയും ചെയ്തു.

**നായ്പേടിയിൽ ജനം**

പുറത്തിറങ്ങിയാൽ പട്ടികടിയേൽക്കാതെ തിരിച്ചെത്താമെന്ന് ഒരു ഉറപ്പുമില്ലാത്ത സ്ഥിതിയിലാണ് ജനം. തെരുവിലൂടെ നടന്നുപോകുന്നവരെ മാത്രമല്ല സൈക്കിളിലോ സ്കൂട്ടറിലോ ബൈക്കിലോ പോകുന്നവരെയും പട്ടികൾ ഉപദ്രവിക്കുന്നു. വീട്ടുമൃഗങ്ങളെ കടിച്ചുകൊല്ലുന്നു, ഉപദ്രവിക്കുന്നു.

വീടിനു മുന്നിൽ കളിച്ചുകൊണ്ടുനിന്ന കുട്ടിയുടെ മുഖം നായ് കടിച്ചുപറിച്ചു, യുവതിയെ കിടപ്പുമുറിയിൽ കയറി നായ് കടിച്ചു, വഴിയാത്രക്കാരി നായ കടിച്ച് ഗുരുതരാവസ്ഥയിൽ തുടങ്ങി നിരവധി വാർത്തകളാണ് ദിവസവും റിപ്പോർട്ട് ചെയ്യപ്പെടുന്നത്. നായ റോഡിനു കുറുകെ ചാടിയും മറ്റും വാഹനം നിയന്ത്രണം വിട്ടുണ്ടാവുന്ന അപകടങ്ങൾ വേറെയും.

ബേക്കലിൽ ഒരു വ്യക്തി കുട്ടികളുമായി തോക്കിന്റെ സുരക്ഷയിൽ പുറത്തിറങ്ങാൻ നിർബന്ധിതമാകുന്ന സാഹചര്യം പോലും റിപ്പോർട്ടു ചെയ്യപ്പെട്ടു, അതിനെച്ചൊല്ലി കേസുമുണ്ട്.

ഇതിനിടെ, നായ്ക്കളെ അതിക്രൂരമായി കൊല ചെയ്യുന്ന സംഭവങ്ങളുമുണ്ട്. ഇത്തരം സംഭവങ്ങൾ പരക്കെ വിമർശിക്കപ്പെടുമ്പോഴും അപലപിക്കപ്പെടുമ്പോഴും എന്തുകൊണ്ട് അങ്ങനെയൊരു സാഹചര്യമുണ്ടായി എന്ന വസ്തുതയും കണക്കിലെടുത്തേ പറ്റൂ. നായ്ക്കൾ ജനജീവിതത്തിനു ഭീഷണിയാവുമ്പോൾ സർക്കാർ അതിനെ ഗൗരവമായി കാണാതെ നോക്കുകുത്തിയായി നിന്നാൽ ജനമെന്തു ചെയ്യും? നിസ്സഹായരായ ജനം സ്വയരക്ഷയ്ക്കായി എന്തുചെയ്യണം? തെരുവിൽ അലയുന്ന നായ്ക്കളെ പിടികൂടി ഒഴിപ്പിക്കാത്തിടത്തോളം കാലം ഇവ ജനത്തിനു ഭീഷണിയായി വിഹരിച്ചുകൊണ്ടേയിരിക്കും.

പൊതുവഴികൾ, മത്സ്യ-മാംസച്ചന്തകൾ, മൈതാനങ്ങൾ എന്നുവേണ്ട എല്ലായിടത്തും നായ്ക്കളുടെ ശല്യമുണ്ട്. കൊല്ലാനാവില്ലെങ്കിൽ തെരുവുനായ്ക്കളെ സംരക്ഷണകേന്ദ്രങ്ങളിലേക്കു മാറ്റണം. ജനത്തിനു സമാധാനത്തോടെ വഴിനടക്കാനാവണം.

മൃഗസ്നേഹത്തെക്കുറിച്ചു ഘോരഘോരം പ്രസംഗിക്കുന്നവർക്കൊക്കെ പട്ടികടിയേറ്റാലുള്ള ദുരവസ്ഥ അറിയില്ലെന്നുണ്ടോ? അധികാരത്തിന്റെ ശീതളച്ഛായയിലിരിക്കുന്നവരെപ്പോലെ പൊതുജനത്തിന് എപ്പോഴും പട്ടികടിയിൽനിന്നു സുരക്ഷിതമായ കാർയാത്ര തരപ്പെടില്ലല്ലോ. മനുഷ്യനു വഴിയിലിറങ്ങി നടക്കാനാവാത്ത സാഹചര്യമുണ്ടായിട്ടും ആളുകൾ മരിച്ചുവീഴുമ്പോഴും തെരുവുനായ്ക്കളെ ഒന്നും ചെയ്യരുതെന്നും അവയുടെ സുരക്ഷിതത്വത്തിനു പ്രാധാന്യം കല്പിക്കണമെന്നും വാദിക്കുന്നതിലെ സാംഗത്യം മനസ്സിലാവുന്നില്ല. പക്ഷിപ്പനി വന്നാൽ ലക്ഷക്കണക്കിനു കോഴികളെയും താറാവുകളെയും കൊന്നൊടുക്കുന്നതിനു പ്രശ്നമില്ല. ആക്രമണകാരികളായ നായ്ക്കളെ കൊല്ലണമെന്നു പറയുമ്പോൾ മാത്രമാണ് മൃഗസ്നേഹം വാഴ്ത്തിപ്പാടുന്നത്.

പേവിഷത്തിനെതിരായ വാക്സിൻ നിർമിക്കുന്ന കമ്പനികളാണ് ഈ മൃഗസ്നേഹത്തിനു പിന്നിലെന്ന് ആരോപിക്കപ്പെടുന്നുണ്ട്. 2,800 കോടി രൂപയുടെ ആന്റി റാബീസ് വാക്സിനാണ് കമ്പനികൾ ഇന്ത്യയിൽ വിറ്റഴിക്കുന്നതത്രേ. പട്ടികളെ കൊന്നുകളഞ്ഞാൽ ഈ വാക്സിന്റെ വിപണനം കുറയും, ഇക്കൂട്ടരുടെ സാമ്പത്തികലാഭവും. നായ്ക്കൾ പെരുകിയാലേ അവരുടെ കമ്പനികൾക്കു നിലനില്പുള്ളൂ.

ആക്രമണകാരികളായ നായ്ക്കളിൽനിന്നു ജനത്തിനു സുരക്ഷ നൽകാൻ സർക്കാരിനു ബാധ്യതയുണ്ടെന്നും അത്തരം നായകളെ കണ്ടെത്തി പൊതുസ്ഥലങ്ങളിൽനിന്നു മാറ്റണമെന്നും കേരള ഹൈക്കോടതി നിർദേശിച്ചത് കഴിഞ്ഞ ദിവസമാണ്. പക്ഷേ, ഇനിയും നടപടികളായില്ലെന്നു മാത്രം. നിയമം കൈയിലെടുത്ത് തെരുവുനായ്ക്കളെ ഉപദ്രവിക്കുന്നതിൽനിന്ന് ജനങ്ങളെ തടയണമെന്നും തെരുവുനായ്ക്കളെ കൊല്ലുന്ന സംഭവത്തിൽ കേസെടുക്കണമെന്നും ഉത്തരവിൽ പറയുന്നുണ്ട്.

സംസ്ഥാനത്ത് പത്തു ലക്ഷം നായ്ക്കളുണ്ടെന്നാണ് 2019 ലെ കണക്ക്. ഇതിൽ ഏഴു ലക്ഷം വളർത്തുനായ്ക്കളും മൂന്നു ലക്ഷം തെരുവുനായ്ക്കളുമാണ്. തെരുവുനായ്ക്കളുടെ എണ്ണം ഇപ്പോൾ നാലു ലക്ഷമായത്രേ.



**മെല്ലെപ്പോക്കു വേണ്ട, അതിവേഗത്തിലാവട്ടെ നടപടികൾ**

2025 ഓടെ പേവിഷബാധയേറ്റ് ആരും മരിക്കാൻ പാടില്ലെന്ന മഹത്തായ ലക്ഷ്യം കേരളം പ്രഖ്യാപിച്ചിരിക്കുന്നത് നല്ലതുതന്നെ. എന്നാൽ, കഴിഞ്ഞ വർഷംമാത്രം 2.34 ലക്ഷം പേർക്ക് പട്ടികടിയേറ്റെന്ന കണക്കുകൾക്കിടെ ഇതൊക്കെ എങ്ങനെ സാധ്യമാവാനാണ്? ഈ വർഷം ഇതുവരെ രണ്ടു ലക്ഷം പേർക്കു കടിയേറ്റിരിക്കുന്നു.

പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ സർക്കാരിന് ഏറെക്കുറെ ബോധ്യമായിട്ടുണ്ട്. പക്ഷേ, എന്നിട്ടും ഈ മെല്ലെപ്പോക്ക് നയമാണ് ജനത്തിന്റെ എതിർപ്പു വിളിച്ചുവരുത്തുന്നത്. തദ്ദേശ-ആരോഗ്യ - മൃഗസംരക്ഷണ വകുപ്പുകൾ പട്ടിശല്യത്തിനെതിരേ നടപടികൾക്കു തുടക്കമിട്ടിട്ടുണ്ട് എന്നതുതന്നെ ആശ്വാസം. ആരോഗ്യവകുപ്പ് സംസ്ഥാനത്ത് 514 ഹോട്ട് സ്പോട്ടുകൾ കണ്ടെത്തി. മൃഗസംരക്ഷണ വകുപ്പിന്റെ കണക്കിൽ 170 ഹോട്ട് സ്പോട്ടുകളടക്കം 618 എണ്ണം. ഈ പ്രദേശങ്ങളിൽ ആക്രമണകാരികളായ തെരുവുനായ്ക്കൾ ഉണ്ടെന്നാണ് റിപ്പോർട്ടുകൾ. നായ്ക്കളുടെ കടിയേറ്റു ചികിത്സ തേടിയവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഹോട്ട് സ്പോട്ട് തിരഞ്ഞെടുത്തിരിക്കുന്നത്. പത്തിലധികം പേർക്ക് പട്ടികടിയേറ്റ പഞ്ചായത്തുകളാണു പോലും ഹോട്ട്സ്പോട്ട് പദവിയിലേക്ക് ഉയരുക. ഇത്രയും പഞ്ചായത്തുകളിൽ നായ്ക്കളുടെ താണ്ഡവം നടക്കുന്നുവെന്നു സമ്മതിച്ചതുതന്നെ വലിയ കാര്യം.

വാക്സിൻകൊണ്ടും വന്ധ്യംകരണംകൊണ്ടുംമാത്രം പ്രശ്നം പരിഹരിക്കാനാവില്ല, അതിനു കാലതാമസമെടുക്കും. ജനങ്ങൾക്കു സുരക്ഷിതത്വബോധം പകരാൻ ഷെൽട്ടറുകൾ സ്ഥാപിച്ച് മുഴുവൻ തെരുവുനായ്ക്കളെയും പുനരധിവസിപ്പിക്കണം. വളർത്തുനായ്ക്കൾക്കടക്കം അതിവേഗം സമയബന്ധിതമായി വാക്സിൻ നൽകണം.

മൃഗങ്ങളിലെ പേവിഷബാധ മുമ്പെങ്ങും ഇല്ലാതിരുന്നവിധം ഉയരുന്നുവെന്നാണു കണക്കുകൾ. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസിൽ 300 സാമ്പിളുകൾ പരിശോധനക്കെടുത്തതിൽ 168 ലും പേവിഷബാധയ്ക്കു കാരണമായ റാബിസ് വൈറസിന്റെ സാന്നിധ്യം കണ്ടെത്തിയെന്നാന്നു കണക്കുകൾ.

തെരുവുനായ്ക്കളുടെ വംശവർധന തടയാൻ ലക്ഷ്യമിട്ടു തുടങ്ങിയ എ.ബി.സി പദ്ധതി (അനിമൽ ബെർത്ത് കൺട്രോൾ) യും ഇപ്പോൾ പ്രവർത്തനക്ഷമമല്ല. തെരുവിൽ തള്ളുന്ന ഭക്ഷണാവശിഷ്ടങ്ങൾ കഴിച്ച് നായ്ക്കൾ പെറ്റുപെരുകി. വീടുകളിൽ വളർത്തിയിരുന്ന നായ്ക്കളെയും നായ്ക്കുട്ടികളെയും തെരുവിൽ ഉപേക്ഷിക്കുന്ന സ്ഥിതി വന്നു, ഇത് നായ്ക്കളുടെ എണ്ണം വർധിക്കാനിടയാക്കി.

നിരവധി ജീവനുകൾ നഷ്ടമായിക്കഴിഞ്ഞു, ഇനിയെങ്കിലും അധികാരികളുടെ ഭാഗത്തുനിന്ന് അലംഭാവമില്ലാത്ത നടപടികൾ ജനം പ്രതീക്ഷിക്കുന്നു. ജനങ്ങളുടെ ജീവന് സുരക്ഷ ഉറപ്പാക്കിയിട്ടു മതി തെരുവുപട്ടികളെ സംരക്ഷിക്കലെന്ന് ബന്ധപ്പെട്ട എല്ലാവരും ഇനിയെങ്കിലും മനസ്സിലാക്കുമെന്നു പ്രതീക്ഷിക്കാം. ■

---

**നുറുങ്ങുകഥ** — **ഉണ്ണി വാരിയത്ത്**

## ഇന്നുതന്നെ

അവൻ കുഴിമടിയനാണ്. പക്ഷേ, അവന്റെ മോഹങ്ങളുടെ അതിര് ആകാശമാണ്.

വെറുതെ മോഹിച്ചാൽ പോരല്ലോ! ലക്ഷ്യം തിരഞ്ഞെടുത്താൽ പോരല്ലോ!

ജീവിതത്തിന്റെ കാലയളവ് തിട്ടമല്ലാതിരിക്കെ കാത്തിരിപ്പിന് ഒരു പ്രസക്തിയുമില്ല. നാളെ എന്നത് ഇല്ലെന്ന മട്ടിൽ ഇന്നുതന്നെ ഉണർന്നുപ്രവർത്തിക്കാത്ത അവൻ ജയിക്കാൻ പോകുന്നില്ല.

നോവൽ 31



# ദേവാങ്കണം

ഗിരീഷ് കെ. ശാന്തിപുരം

'പെരുവിള'യുടെ ആകാശത്തിൽ നക്ഷത്രങ്ങളോ നിലാവോ ഉണ്ടായിരുന്നില്ല. രാക്കാറ്റ് മരച്ചില്ലകളിൽ ഉറക്കം പിടിച്ചു. അവർണിീയമായ ഒരു മൗനത്താൽ രാത്രി തന്റെ ഹൃദയത്തെ അടക്കിപ്പിടിച്ചിരുന്നു.

ഫാദർ മധുരേന്ദ്രസ്വാമികൾ ദേവസഹായത്തെ ഏറെനേരം നിശ്ശബ്ദനായി നോക്കിയിരുന്നു. അദ്ദേഹത്തിന്റെ ഹൃദയം വല്ലാത്തൊരു സങ്കടമനുഭവിച്ചു. ഇത്രയേറെ മുറിവുകളും വ്രണങ്ങളും പേറുന്ന ഒരു ശരീരത്തിനുള്ളിൽ ഇപ്പോഴും ഒരു ജീവൻ അവശേഷിക്കുന്നു എന്നുള്ളത് മധുരേന്ദ്രസ്വാമികളെ അതിശയിപ്പിച്ചു. സഹനങ്ങളുടെ ഗ്രീഷ്മവർഷങ്ങൾ താണ്ടിപ്പോന്ന ഒരാൾ. അഗ്നിയിൽ വെന്ത വർഷങ്ങൾ ആ കണ്ണുകളിൽ തപിച്ചുകിടക്കുന്നു.

പീഡാസഹനങ്ങളുടെ മറ്റൊരു പേരാണോ ദേവസഹായം പിള്ള?

മധുരേന്ദ്രസ്വാമികളുടെ മൗനം കണ്ടിട്ടെന്നവണ്ണം ദേവസഹായം ചോദിച്ചു:

"എന്റെ സഹനങ്ങളെപ്രതിയാണോ അങ്ങ് വ്യാകുലം അനുഭവിക്കുന്നത്..."

മധുരേന്ദ്രസ്വാമികൾ കണ്ണുകളുയർത്തി ദേവസഹായത്തെ നോക്കിയതല്ലാതെ ശബ്ദിച്ചില്ല. ആ മൗനത്തിന്റെ ആഴങ്ങളിൽനിന്ന് അതേ എന്നൊരുത്തരം ദേവസഹായം വായിച്ചെടുത്തു.

''പുണ്യാത്മാവേ... ഈ പീഡാസഹനങ്ങളും ശേഷം മരണവും മാത്രമല്ല എനിക്കുള്ളത്. ഉത്ഥാനവുമുണ്ട്." ദേവസഹായം പറഞ്ഞു. ഒരു ഞെട്ടലോടെയാണു മധുരേന്ദ്രസ്വാമികൾ കേട്ടത്. ഇത്രമേൽ വിശ്വാസപൂരിതനായ ഒരു മനുഷ്യനെ മുമ്പൊരിക്കലും അദ്ദേഹം കണ്ടിട്ടില്ല. പരംജ്യോതി സ്വാമികളിൽനിന്നു ദേവസഹായത്തെപ്പറ്റി കേട്ടതത്രയും ശരി. പക്ഷേ, നേർക്കാഴ്ചയിൽ കേട്ടതിലും എത്രയോ വലിയ ശരി.

പിന്നെ താമസമുണ്ടായില്ല. മധുരേന്ദ്രസ്വാമികൾ ദേവസഹായത്തിന് പാപസങ്കീർത്തനം നല്കി. ദിവ്യകാരുണ്യം കൊടുത്തു.

കുർബാന സ്വീകരിച്ചുകഴിഞ്ഞപ്പോൾ ദേവസഹായം എന്തെന്നില്ലാത്ത ഒരു സ്വാസ്ഥ്യം അനുഭവിച്ചു. മനസ്സിന്റെ കെട്ടുപാടുകൾ അഴിഞ്ഞുപോകുന്നു....

രാവേറെച്ചെന്നിരുന്നു. രാത്രി വിമൂകമായിത്തന്നെ കിടക്കുകയാണ്. പക്ഷേ, ആകാശച്ചെരുവിൽ വിളറിയ ചന്ദ്രക്കലയും അഞ്ചാറു നക്ഷത്രങ്ങളും പൊട്ടിയിരുന്നു. മധുരേന്ദ്രസ്വാമികൾ പറഞ്ഞു:

"മിത്രമേ, രാത്രിയിൽ യാത്രയില്ല."

ദേവസഹായം മധുരേന്ദ്രസ്വാമികളുടെ കരങ്ങൾ ചുംബിച്ചു. ആ വൈദികൻ ദേവസഹായത്തെ അനുഗ്രഹിച്ചാശീർവദിച്ചു.

മധുരേന്ദ്രസ്വാമികൾ ശെൽവത്തോടൊപ്പം വടക്കുംകുളത്തിനു തിരിച്ചു.

വിളക്ക് അണഞ്ഞിരുന്നു. സാന്ദ്രമല്ലാത്ത ഇരുട്ടിന്റെ നേർത്ത കമ്പളം പുതച്ച് ദേവസഹായം പൂഴിയിൽ നീണ്ടുനിവർന്നു കിടന്നു.

ഇപ്പോൾ ദേഹമാസകലമുള്ള മുറിവുകൾ വേദനിക്കുന്നില്ല. നീറ്റലോ ചൊറിച്ചിലോ അനുഭവപ്പെടുന്നില്ല. വിശപ്പോ ദാഹമോ തൊട്ടുതീണ്ടുന്നില്ല. പീഡനപർവങ്ങളുടെ, പീഡിതചിന്തകളുടെ ഒരു വേലിയിറക്കം അദ്ദേഹം അനുഭവിക്കുന്നു.

ഇപ്പോഴാണ് കാറ്റിന്റെ കെട്ടഴിഞ്ഞത്. ഇലച്ചില്ലകളിലുറക്കം പിടിച്ചിരുന്ന കാറ്റ് നിദ്രവിട്ടു. നേർത്ത കാറ്റിന്റെ അലകൾ വന്ന് ദേവസഹായത്തെ തലോടി. ഒരു തൂവൽമഴ തന്റെമേൽ പെയ്തിറങ്ങുന്നതുപോലെയാണ് ദേവസഹായത്തിനു തോന്നിയത്. അദ്ദേഹം മെല്ലെ ഇമകൾ ചാരി.

സ്വപ്നസന്നിഭമായ ഒരു രാത്രിയായിരുന്നത്. ഗാഢമായ ഉറക്കത്തിൽ ദേവസഹായത്തിലൂടെ സ്വപ്നങ്ങളുടെ രാജഹംസങ്ങൾ നീന്തിനടന്നു.

അനേകം ദൈവദൂതന്മാരെ ദേവസഹായം സ്വപ്നത്തിൽ കണ്ടു. അവർ വെള്ളിച്ചിറകുകളും കാഹളധ്വനികളുമായി വാനമേഘങ്ങളിലൂടെ പറന്നു നടന്നു. ക്യാപ്റ്റൻ ഡിലനായിയുടെ കാവൽദൈവം മിഖായേൽ മാലാഖ തനിക്കു കാവൽ നില്ക്കുന്നു.



പിന്നെയെപ്പോഴോ മിഖായേൽ മാലാഖയുടെ കൈയിലിരുന്ന വെള്ളിവാൾത്തിളക്കം കണ്ണുകളിലടിച്ചിട്ടെന്നവണ്ണമാണ് ദേവസഹായം ഉറക്കം ഞെട്ടിയത്.

ഉച്ചവെയിലിലേക്കാണ് ദേവസഹായം കണ്ണുകൾ മിഴിച്ചത്. ഇപ്പോൾ ദൈവദൂതന്മാരുടെ കാഹളമില്ല. മിഖായേൽ മാലാഖയുടെ കാവൽ ദൃശ്യമാകുന്നില്ല.

തൊട്ടടുത്ത് ഒരു പാത്രത്തിൽ തനിക്ക് കുടിക്കാനുള്ളതു വച്ചിരിക്കുന്നു. അത് തണുത്താറിയിരിക്കുന്നു. തണുത്താറിയ പ്രഭാതപാനീയം ആരാച്ചാരുടെ സന്മനസ്സാണ്.

ദേവസഹായം അത് മതിയാവോളം കുടിച്ചു. ഒരുപക്ഷേ, ഇതാകാം ഇന്നത്തേക്കു ഭക്ഷണം. ദേവസഹായം പക്ഷേ, അതിനെക്കുറിച്ചൊന്നും ആശങ്കപ്പെട്ടില്ല.

പുറത്ത് കത്തിക്കാളുന്ന വെയിലാണ്. വെയിൽ സഹിച്ച് നിരവധിയാളുകൾ അകലങ്ങളിലായി നില്പുണ്ട്. അവരെല്ലാം തനിക്കുള്ള സന്ദർശകരാണ്. താൻ ഉറക്കമുണരാൻവേണ്ടി കാത്തുനിന്നതാകും അവർ.

ആളുകൾക്കിടയിലെങ്ങും ശെൽവത്തെ കാണുന്നില്ല. ഇന്നലെ പാതിരാവോടടുത്ത നേരത്താണ് ശെൽവം മധുരേന്ദ്രസ്വാമികൾക്കു തുണയായി വടക്കുംകുളത്തേക്കു തിരിച്ചത്. ഒരു പക്ഷേ, സ്വാമികളെ വടക്കുംകുളത്തെത്തിച്ച് ശെൽവത്തിനു മടങ്ങിവരാനുള്ള നേരമായിട്ടുണ്ടാവില്ല.

ഇവിടെ നടക്കുന്ന കാര്യങ്ങളൊക്കെ ഒരോലക്കുറിമാനത്തിലൂടെ ശെൽവൻവഴി ക്യാപ്റ്റൻ ഡിലനായിയെ അറിയിക്കേണ്ടതുണ്ട്. അദ്ദേഹത്തിന് ഒരു കത്ത് കുറിച്ചയച്ചിട്ട് നാളുകൾ കഴിഞ്ഞിരിക്കുന്നു. ഡിലനായി തന്റെ വിശേഷങ്ങളറിയാൻ ജിജ്ഞാസപ്പെടുന്നുണ്ടാവും. അതു തീർച്ചയാണ്.

പുറത്തു കാത്തുനിന്നിരുന്ന ആളുകൾ ദേവസഹായത്തിന്റെ പക്കലേക്ക് എത്തിക്കൊണ്ടിരുന്നു. അശരണർ. പീഡിതർ. രോഗികൾ. അങ്ങനെ ആബാലവൃദ്ധം ജനങ്ങൾ.

ദേവസഹായം എല്ലാവരോടും സംസാരിച്ചു. അവരുടെ സങ്കടങ്ങൾ കേട്ടു. അവർക്കുവേണ്ടി പ്രാർത്ഥിച്ചു. കുട്ടികളെ അനുഗ്രഹിച്ചു.

അദ്ദേഹത്തിന്റെ അചിന്തനീയമായ സഹനശക്തിയിലും പ്രാർത്ഥനാശക്തിയിലും ജനങ്ങൾ വിസ്മയിച്ചു. അവർ പറഞ്ഞു:

''ഈ മനുഷ്യൻ തീർച്ചയായും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവൻ. അല്ലെങ്കിൽപ്പിന്നെ ഇത്രയേറെ സഹനശേഷി ഇവനിൽ എവിടുന്ന്... അദ്ഭുതകരമായ രോഗശാന്തിവരം എവിടുന്ന്?"

ആളുകൾ ഇടതടവിലില്ലാതെ വന്നുകൊണ്ടിരുന്നു. ദുഃഖങ്ങളും ആവലാതികളുമായി വന്നവർ ആഹ്ലാദത്തോടും ഉല്ലാസത്തോടും മടങ്ങിപ്പോയി. രോഗികളായി വന്നവർ സൗഖ്യമുള്ളവരായും.

സന്ദർശകരായി വന്നവരിൽ ചിലർ കൊണ്ടുവന്ന ഫലമൂലാദികൾ ദേവസഹായം വെറുംകൈയോടെ വന്നവരുമായി പങ്കുവച്ചു. നാളത്തേക്കായി ദേവസഹായം ഒന്നും കരുതിവച്ചില്ല. സ്വർഗരാജ്യത്തെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും ദേവസഹായം ആശങ്കപ്പെട്ടിരുന്നില്ല.

ഉറക്കമുണർന്നപ്പോൾമുതൽ തന്നെ പാർപ്പിച്ചിരുന്ന ഓലപ്പുരയ്ക്കു കുറച്ചകലത്തായി ഒരാൾ തന്നെമാത്രം നോക്കി നില്ക്കുന്നത് ദേവസഹായം കാണുന്നുണ്ടായിരുന്നു. അയാൾ തന്റെ പക്കലേക്കു വരുന്നില്ല. മടങ്ങിപ്പോകാനും കൂട്ടാക്കുന്നില്ല.

കാഴ്ചയിൽ തീർത്തും പ്രാകൃതനായ ഒരാൾ. ജടകെട്ടിയ മുടിയും താടിയും. ഏതോ പ്രാചീനശിലായുഗത്തിൽ ജീവിച്ചിരുന്ന ഒരാളെപ്പോലുണ്ട് അയാൾ. അയാൾക്കു പിന്നിലായി മറ്റു രണ്ടുപേരും.

ആളുകളുടെ തിരക്കൊഴിഞ്ഞപ്പോൾ ദേവസഹായം അവരെ കൈമാടി വിളിച്ചു. മടിച്ചുമടിച്ചാണവർ വന്നത്. വന്നപാടേ അവർ ദേവസഹായത്തിന്റെ മുമ്പിൽ മുട്ടുകുത്തി നമസ്കരിച്ചു.

നമസ്കരിച്ചു നിവർന്ന ജടാധാരിയായ മനുഷ്യന്റെ കണ്ണുകൾ തന്നിൽത്തന്നെ തറഞ്ഞുനില്ക്കുകയാണെന്ന് ദേവസഹായം കണ്ടു. രണ്ടു വെള്ളാരംകണ്ണുകൾ. ആഴങ്ങളുള്ള കണ്ണുകൾ...

ഒരു നിമിഷം. ഒരു മിന്നൽപ്പിണർ ദേവസഹായത്തിലൂടെ കടന്നുപോയി. ഒരർദ്ധനിമിഷത്തിന്റെ തിരിച്ചറിവിൽ ദേവസഹായം പിറുപിറുത്തു:

"വലിയ കപ്പിത്താൻ."

"താങ്കൾ മാത്രം എന്നെ തിരിച്ചറിഞ്ഞിരിക്കുന്നു, താങ്കൾ മാത്രം."

"ഞാൻ ചൊക്കലിംഗം. മറന്നുവോ എന്നെ?"

"ഞാൻ ധർമരാജ്...."

വീണുകിട്ടിയ ഓർമത്തെളിവിൽ ദേവസഹായം അവർക്കു നേരേ ശിരസ്സനക്കി ചിരിച്ചു.

ക്യാപ്റ്റൻ ഡിലനായിക്കും കൂട്ടുകാർക്കും അസഹ്യമായ മനോവേദന അനുഭവപ്പെട്ടു. പത്മനാഭപുരം കൊട്ടാരത്തിലെ കാര്യവിചാരകനായിരുന്ന ദേവസഹായംപിള്ളയുടെ അവസ്ഥ അത്രമേൽ ശോചനീയമായിരുന്നു. കൈകളിലും കാലുകളിലും വിലങ്ങു തറച്ചിരുന്നു. അരയിൽ പഴക്കംകൊണ്ടു പിഞ്ചിത്തുടങ്ങിയ ഒരു മുണ്ട്. ദേഹമാസകലം വാടിത്തുടങ്ങിയ മുറിവുകൾ. ആ ശരീരത്തിൽ സൂചികുത്താനൊരിടം മുറിവുകളില്ലാത്തതില്ല. പക്ഷേ, ആ കണ്ണുകളിൽമാത്രം ഒരു ശോകച്ഛായയും നിഴൽ പരത്തുന്നില്ല.

''ഇതെന്തു വേഷം കപ്പിത്താൻ..." ദേവസഹായം അദ്ഭുതത്തോടെ ചോദിച്ചു.

''രാജകല്പനയനുസരിച്ച് എനിക്കു താങ്കളെ കാണുന്നതിനോ താങ്കളുടെ യാതൊരു കാര്യത്തിലും ഇടപെടുന്നതിനോ അനുവാദമില്ല. എത്ര സംയമനം പാലിച്ചിട്ടും എനിക്കു താങ്കളെ കാണാതിരിക്കാനും കഴിയുന്നില്ല. ആയതിനാലാണ് ഈ പ്രച്ഛന്നവേഷം."

കുറച്ചുനേരത്തേക്ക് ദേവസഹായം ശബ്ദിച്ചില്ല. എല്ലാം ദൈവഹിതം. ക്യാപ്റ്റൻ ഡിലനായിയെ കാണണമെന്ന് ദേവസഹായം ആഗ്രഹിച്ചിരുന്നു. ഇപ്പോൾ ആ ആഗ്രഹം നിറവേറിയിരിക്കുന്നു. ദൈവനിയോഗമാണ് ഈ സമാഗമം. ദേവസഹായം കർത്താവിനോട് കൃതജ്ഞതയുള്ളവനായി.

"താങ്കൾക്കു ക്ഷേമംതന്നെയല്ലേ കപ്പിത്താൻ..."

അതേ എന്നൊരുത്തരം പറയാൻ ഡിലനായിക്കാവുമായിരുന്നില്ല. പകരം ഇങ്ങനെ പറഞ്ഞു:

"എന്നോടു ചോദിച്ച ചോദ്യം ഞാൻ അങ്ങയോടു തിരിച്ചു ചോദിക്കുന്നില്ല."

ദേവസഹായത്തിന്റെ മുഖത്ത് ഒരു മന്ദഹാസം മിന്നിമറഞ്ഞു. മുറിവുകൾ വാടി പൊറ്റംകെട്ടിയ മുഖത്തുനിന്ന് ആ മന്ദഹാസത്തിന്റെ പൊരുൾ ഡിലനായി വായിച്ചെടുത്തു.

ശേഷം 14-ാം പേജിൽ

# റബർകർഷകർക്കെന്നും കഷ്ടദിനങ്ങൾ!

ഒന്നാം പേജ് തുടർച്ച

ഇന്ത്യയിലെ വടക്കുകിഴക്കൻ റബർ വ്യാപനത്തെക്കാൾ ഭാവിയിൽ ആഘാതമേൽക്കുന്നത് ആഫ്രിക്കൻരാജ്യങ്ങളിൽനിന്നുള്ള അനിയന്ത്രിത ഇറക്കുമതിയായിരിക്കും. ഇവിടങ്ങളിൽനിന്നുള്ള ഇറക്കുമതിക്ക് ഇപ്പോഴുള്ള ചെറിയ പ്രതിസന്ധി കണ്ടെയ്നറുകളുടെ ലഭ്യതക്കുറവും സുരക്ഷിതത്വവും മാത്രമാണ്. അതേസമയം, കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ ആഫ്രിക്കൻരാജ്യങ്ങളിൽനിന്നുള്ള സ്വാഭാവികറബറിന്റെ ഇറക്കുമതി 2019-20 ലെ 30,886 ടണ്ണിൽനിന്ന് 2021-22 ൽ 97,282 ടണ്ണായി അഥവാ മൂന്നിരട്ടിയായി വർധിച്ചതും കേരളത്തിലെ റബർകർഷകർ കാണാതെപോകരുത്. ഇതിന്റെയെല്ലാം പ്രതിഫലനങ്ങൾ കേരളവിപണിയിലും തകർച്ചയായി രൂപപ്പെടുന്നു.

**രാജ്യാന്തരവിപണി സ്വാധീനം**

സ്വാഭാവികറബറിന്റെയും കോമ്പൗണ്ട് റബറിന്റെയും അനിയന്ത്രിത ഇറക്കുമതി വിലത്തകർച്ചയ്ക്കു മുഖ്യഘടകംതന്നെ. അതേസമയം, രാജ്യാന്തരമാർക്കറ്റിലെ പ്രത്യേകിച്ച്, ആസിയാൻരാജ്യങ്ങളിലെ ആഭ്യന്തരവിപണി വിലയിടിവും ഇന്ത്യൻ വിപണിയെ സ്വാധീനിച്ചിട്ടുണ്ട്. വിലത്തകർച്ച വ്യവസായികളുടെ സംഘടിതനീക്കത്തിന്റെ പ്രത്യാഘാതമായും വ്യാഖ്യാനിക്കാം. ആസിയാൻരാജ്യങ്ങൾക്കു ബദലായി ആഫ്രിക്കൻരാജ്യങ്ങളിൽ പ്രകൃതിദത്ത റബറിന്റെ ഉത്പാദനം വർധിച്ചതും രാജ്യാന്തരവിപണിയെ ഇന്നു സ്വാധീനിക്കുന്നു. ഇവയൊക്കെ കേരളത്തിന്റെ ആഭ്യന്തര റബർവിപണിയെ തകർച്ചയിലേക്കു തള്ളിവിടുന്ന സാഹചര്യമാണെങ്കിലും മഴമൂലം ടാപ്പിങ് തടസ്സപ്പെട്ടിട്ടും, അപ്രതീക്ഷിത ഇലപൊഴിച്ചിൽമൂലവും ഉത്പാദനത്തിൽ വൻകുറവ് വന്നിട്ടും വിപണിവില കുറയുന്നതിന്റെ പിന്നിൽ വ്യവസായികളുടെ സംഘടിതനീക്കം തന്നെയാണ്. വിപണിയിൽ ഉത്പന്നത്തിന്റെ കുറവു വരുമ്പോൾ വില ഉയരുമെന്ന സാമ്പത്തിക ശാസ്ത്രം റബറിന്റെ കാര്യത്തിൽ അട്ടിമറിക്കുക മാത്രമല്ല, ഉത്പാദനക്കുറവ് ഉയർത്തിക്കാട്ടി ഇറക്കുമതിക്ക് അവസരം ബോധപൂർവ്വം സൃഷ്ടിക്കുകയും ചെയ്യുന്നു.

**ലാറ്റക്സും തകർച്ചയിൽ**

ഷീറ്റ് റബറിനോടൊപ്പം ലാറ്റക്സിനും വിലയിടിഞ്ഞു. ലാറ്റക്സിന്റെ ഇറക്കുമതിച്ചുങ്കം 70 ശതമാനമായിട്ടുപോലും സംഘടിതവ്യവസായലോബിയുടെ ആഭ്യന്തരവിപണി തകർക്കുന്ന നീക്കത്തിനു റബർബോർഡും സർക്കാർസംവിധാനങ്ങളും പച്ചക്കൊടി കാട്ടുന്നു. ലാറ്റക്സിന്റെ ഇറക്കുമതിച്ചുങ്കം ഭാവിയിൽ വെട്ടിക്കുറച്ച് പൂജ്യത്തിലെത്തിക്കാൻ റബർബോർഡ് ശ്രമിക്കുന്നതിന്റെ പിന്നാമ്പുറം, ലോക വ്യാപാരസംഘടനയുടെ മന്ത്രിതലസമ്മേളനത്തിനു മുന്നോടിയായി 2022 ജൂൺമാസം കൊച്ചിയിൽ കേന്ദ്രവാണിജ്യ മന്ത്രി പീയൂഷ് ഗോയൽ വിളിച്ചുചേർത്ത മീറ്റിങ്ങിൽ കണ്ടതാണ്. കോവിഡനന്തരകാലത്ത് ഗ്ലൗസ് നിർമാണം പ്രതിസന്ധിയിലാകുമെന്നുറപ്പാണ്. അതിന്റെ പ്രത്യാഘാതം ലാറ്റക്സ് വിപണിയിലുമുണ്ടാകും. ഷീറ്റുറബറിൽ നിന്ന് ലാറ്റക്സിലേക്കു കർഷകർ മാറിയതിന്റെ പിന്നിൽ ഉത്പാദനച്ചെലവ് മുഖ്യഘടകമാണ്. വൻകിട വ്യാപാരികൾ കർഷകർ ഷീറ്റുറബറിലേക്കു മടങ്ങിവരണമെന്ന് മുറവിളി കൂട്ടുന്നുണ്ടെങ്കിലും അത്ര പ്രായോഗികമാകണമെന്നില്ല. വൻകിട വ്യാപാരികളുടെ കർഷകസ്നേഹത്തിനു പിന്നിൽ കർഷകന്റെ സംരക്ഷണമല്ല സ്വന്തം വ്യാപാരനിലനില്പാണു മുഖ്യമെന്ന് അനുഭവജ്ഞാനമുള്ള കർഷകർക്കറിയാം.

**കോമ്പൗണ്ട് റബർ കിഴടക്കുന്നു**

കാർബൺ അടങ്ങിയ കോമ്പൗണ്ട് റബറിന്റെ ഇന്ത്യയിലേക്കുള്ള ഇറക്കുമതി കുതിക്കുന്നുവെന്നാണ് പുറത്തുവരുന്ന വിവരങ്ങൾ. കോമ്പൗണ്ട് റബറിന്റെ ഇറക്കുമതിക്കണക്കുകൾക്ക് ഇനിയും വ്യക്തത വന്നിട്ടില്ല. ജൂലൈ മാസത്തിൽ 30,000 ടൺ ഇറക്കുമതി ചെയ്തുവെന്ന വാർത്തകൾ വ്യാപകമായിരുന്നു. സ്വാഭാവികമായും ഓഗസ്റ്റിലും ഇതു തുടർന്നിട്ടുണ്ട്. പത്തു ശതമാനമെന്ന കുറഞ്ഞ ഇറക്കുമതിച്ചുങ്കം മാത്രമാണ് കോമ്പൗണ്ട് റബറിനുള്ളത്. ഇത് വ്യവസായികൾക്ക് ഏറെ ആകർഷകമാണ്. കൂടാതെ, രാജ്യാന്തരവിപണിയിൽ സ്വാഭാവികറബറിനെക്കാൾ വിലക്കുറവുമുണ്ട്. കോമ്പൗണ്ട് റബറിന്റെ ഇറക്കുമതി ഈ രീതിയിൽ ഇനിയും കുതിച്ചുയർന്നാൽ കേരളത്തിലെ റബർകർഷകർക്ക് ഒരു തിരിച്ചുവരവ് വരുംനാളുകളിലൊന്നും പ്രതീക്ഷിക്കാനാവില്ല.

**250 രൂപ പ്രഖ്യാപനം അട്ടിമറിക്കുന്നു**

സംസ്ഥാന ഭരണമുന്നണി 2021 ലെ പൊതുതിരഞ്ഞെടുപ്പിലെ പ്രകടനപത്രികയിൽ ഉയർത്തിക്കാട്ടിയത് റബറിന്റെ തറവില ഘട്ടംഘട്ടമായി 250 രൂപയാക്കി ഉയർത്തുമെന്നാണ്. അധികാരത്തിലേറി ഒന്നരവർഷം പിന്നിടുമ്പോഴും നടപടിക്രമങ്ങളിലേക്കു കടന്നിട്ടില്ല. 170 രൂപ അടിസ്ഥാനവിലയായി നിശ്ചയിച്ചിട്ടുണ്ടെങ്കിൽപോലും വിലസ്ഥിരതാപദ്ധതി നിലവിൽ അടച്ചുപൂട്ടിയമട്ടാണ്. റബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പദ്ധതിയുടെ വെബ്സൈറ്റ് ഇതുവരെയും തുറന്നിട്ടില്ല. ബില്ല് സമർപ്പിക്കാൻ കഴിയാതെവരുന്നുവെന്നുമാത്രമല്ല, മുൻകാലങ്ങളിൽ സമർപ്പിച്ച ബില്ലുകളിന്മേലുള്ള തുകയിലെ കുടിശ്ശികയും തുടരുന്നു. സാമൂഹികസുരക്ഷാപദ്ധതിയിൽപ്പെടുത്തി കർഷകപെൻഷൻ ലഭിച്ചുകൊണ്ടിരുന്ന റബർകർഷകരെ പുറത്താക്കിയ ക്രൂരതയും കർഷകന് ഇരുട്ടടിയാകുന്നു.



**കേരളത്തിന്റെ റബർകമ്പനി**

സംസ്ഥാന സർക്കാരിന്റെ റബർകമ്പനി വെള്ളൂരിൽ സജീവമാകുകയാണ്. 2017 മേയ് മാസത്തിൽ പ്രഖ്യാപിച്ച സിയാൽ മോഡൽ റബർകമ്പനി ഏറെ രൂപമാറ്റങ്ങൾക്കുശേഷം 2023 മേയിൽ പ്രവർത്തനക്ഷമമാകുമെന്നാണ് സർക്കാർ സംവിധാനങ്ങൾ നൽകുന്ന സൂചന. ഇതിനോടകം ഡിപിആറും സമർപ്പിക്കപ്പെട്ടു. വ്യവസായങ്ങൾ ഒന്നൊന്നായി പൂട്ടിപ്പോകുന്ന അഥവാ കേരളത്തിൽനിന്ന് മറ്റു സംസ്ഥാനങ്ങളിലേക്കു ഒഴുകിപ്പോകുന്ന സാഹചര്യത്തിൽ ഈ പുതിയ സംരംഭവും മലയാളി സംശയദൃഷ്ടിയോടെ വീക്ഷിച്ചാൽ അദ്ഭുതപ്പെടാനാവില്ല. ഒന്നുറപ്പിക്കാം, റബർകമ്പനി വന്നതുകൊണ്ട് സ്വാഭാവികറബറിന്റെ ആഭ്യന്തര വിലയിൽ യാതൊരു ഉയർച്ചയും സൃഷ്ടിക്കപ്പെടില്ല. അതു സാധിക്കണമെങ്കിൽ പ്രകടനപത്രികയിൽ വാഗ്ദാനംചെയ്ത ഒരു കിലോഗ്രാം റബറിന് 250 രൂപ അടിസ്ഥാനവിലയിൽ കർഷകരിൽനിന്ന് ചെറുകിട വ്യാപാരികളോ ആർപിഎസ്സുകളോവഴി സർക്കാർ റബർ സംഭരിക്കണം. എങ്കിൽ മാത്രമേ ആഭ്യന്തരവിപണി കരുത്താർജിക്കൂ. മുൻകാലങ്ങളിൽ സ്റ്റേറ്റ് ട്രേഡിങ് കോർപ്പറേഷനും വിവിധ റബർമാർക്കറ്റിങ് ഏജൻസികളും നടത്തിയ സംഭരണം പരാജയപ്പെട്ടത് കർഷകരുടെ കുഴപ്പമല്ലായിരുന്നു. മറിച്ച്, സംവിധാനങ്ങളുടെ പാളിച്ചയും സാമ്പത്തികത്തട്ടിപ്പുമായിരുന്നുവെന്ന് ഓർമിക്കുക.

നിലവിലുള്ള പ്രഖ്യാപിത ഇൻസെന്റീവ് പദ്ധതിപോലും മുടക്കമില്ലാതെ കർഷകർക്കു ലഭ്യമാക്കാൻ സാധിക്കാതെ സംസ്ഥാന സർക്കാരിന്റെ പുത്തൻ റബർ സംരംഭത്തെ ഉള്ളുതുറന്നു സ്നേഹിക്കാൻ വരട്ടെ. അതിനു മുമ്പ് നിലവിലുള്ളതും റബർ ബോർഡ് മുൻകൈയെടുത്ത് ആരംഭിച്ചതുമായ കമ്പനികളുടെ ലാഭനഷ്ടക്കണക്കുകൾകൂടി കർഷകർ അന്വേഷിച്ചറിയുന്നതു നല്ലത്.

**വ്യവസായികൾ പാട്ടത്തിനിറങ്ങുന്നു**

റബർമേഖലയിലെ ടാപ്പിങ് തൊഴിലാളികളെ സംരക്ഷിക്കുവാനെന്നപേരിൽ വ്യവസായികൾ റബർത്തോട്ടങ്ങൾ പാട്ടത്തിനെടുത്ത് ഉത്പാദനം നടത്താനുള്ള പദ്ധതിയ്ക്കും കേരളത്തിൽ ആരംഭംകുറിച്ചിട്ടുണ്ട്. കേൾക്കുമ്പോൾ നല്ലതെന്നു പെട്ടെന്നു തോന്നുമായിരിക്കാം. പക്ഷേ കാലക്രമേണ കേരളത്തിലെ റബർകൃഷിയും വ്യവസായിയുടെ കൈകളിലേക്കു മാറും. കോട്ടയം ജില്ലയിൽ തൊഴിലാളികളും സ്ഥലമുടമകളും കമ്പനി ഉദ്യോഗസ്ഥരും ചേർന്നുള്ള വിശദീകരണസമ്മേളനങ്ങൾ നടന്നിട്ടുണ്ട്. ടാപ്പിങ് മുടങ്ങിക്കിടക്കുന്ന സ്ഥലങ്ങൾ നിശ്ചിത തുക സമ്മതിച്ച് നിശ്ചിതകാലാവധിയിലേക്കു തൊഴിലാളികളുടെ സംരക്ഷണത്തിനെന്ന ഓമനപ്പേരിൽ വ്യവസായികൾ നിയന്ത്രണത്തിലാക്കുന്നു. പൂർവികരിൽനിന്നു പരമ്പരാഗതമായി ലഭിച്ച റബർതോട്ടങ്ങളിൽനിന്ന് വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്ന മക്കൾക്ക് ഈ പദ്ധതിയിലൂടെ നേട്ടമുണ്ടാകുമെങ്കിലും കാലക്രമേണ തോട്ടങ്ങൾ കമ്പനികളേറ്റെടുക്കുന്ന സാഹചര്യവും സൃഷ്ടിക്കപ്പെടാം. റബറുത്പാദനപ്രക്രിയയിൽ വ്യവസായികളും കേരളത്തിൽ കരുത്താർജിക്കുമ്പോൾ ചെറുകിട റബർകർഷകരുടെ നിലനില്പ് ചോദ്യംചെയ്യപ്പെടുമെന്നുറപ്പാണ്. ഇത്തരം വിഷയങ്ങളിൽ സർക്കാരും ജനപ്രതിനിധികളും വ്യവസായികളുടെയും തൊഴിലാളികളുടെയും ഭാഗത്തായിരിക്കുമെന്നും അസംഘടിത കർഷകർ തിരിച്ചറിയണം.

**റബർമീറ്റിന്റെ പിന്നാലെ വിലത്തകർച്ച**

റബർമേഖലയുടെ സംരക്ഷണവും റബർവ്യവസായത്തിന്റെ രാജ്യാന്തരസാധ്യതകളും ഉയർത്തിക്കാട്ടി 2022 ജൂലൈയിൽ കൊച്ചിയിൽ നടത്തിയ റബർമീറ്റ് കർഷകനു നേട്ടമുണ്ടാക്കില്ലെന്നു കുറിച്ചത് അക്ഷരംപ്രതി ശരിവയ്ക്കുന്നതാണ് ഇപ്പോഴുണ്ടായിരിക്കുന്ന വിലത്തകർച്ച. കർഷകനുവേണ്ടി ഒറ്റപ്പെട്ട പതുവയ്ക്കലുകൾ മാത്രമായിരുന്നു റബർമീറ്റിൽ കേട്ടത്. അടിസ്ഥാനഘടകമായ ചെറുകിടകർഷകനെ അവഗണിച്ചും പുറന്തള്ളിയും കോർപ്പറേറ്റുകളുടെ കൈകളിലേക്കു റബർകൃഷിയും വഴിമാറുന്ന പ്രക്രിയയ്ക്ക് ആക്കമുണ്ടാക്കുകയാണ് റബർമീറ്റിലൂടെ റബർബോർഡും വ്യവസായികളും സാധിച്ചെടുത്തത്. കേരളത്തിൽനിന്ന് റബർ പറിച്ചുമാറ്റി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ പുതിയ ഇടങ്ങളിൽ വ്യാപകമാക്കുമ്പോൾ സ്വാഭാവികമായും ഉത്പാദനം വർധിക്കും. റബർവിപണി ഒന്നടങ്കം വ്യവസായികളുടെ കൈപ്പിടിയിലൊതുങ്ങും. അതിന്റെ ആഘാതമാണ് ഇപ്പോഴും തുടരുന്ന വിലത്തകർച്ച.

റബറിന്റെ ആഭ്യന്തരവിപണിയിലെ വിലയിടിവ് 180 രൂപയിൽനിന്ന് 148 രൂപയിലെത്തിയത് തുടരുമെന്നുറപ്പാണ്. ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ മഴമാറിനിന്നാൽ ഉത്പാദനം കൂടാം. വിലയിടിച്ച് ആഭ്യന്തരവിപണിയിൽ നിന്നു റബർ വാങ്ങാൻ സ്വാഭാവികമായുള്ള ശ്രമങ്ങൾ വ്യവസായികളിൽനിന്നുണ്ടാകും. റബർ വിപണിയിലിറക്കാതെ സ്റ്റോക്കു ചെയ്താൽ ഒരുപക്ഷേ, മാസങ്ങൾക്കുശേഷം നേട്ടമുണ്ടാകാം. എന്നാൽ, അതൊരിക്കലും മുൻകൂട്ടിക്കാണാൻ ഇന്നത്തെ നിലയിൽ സാധ്യമല്ല.

**ഏകവിളയുടെ കാലംകഴിഞ്ഞു**

മുൻകാലങ്ങളിൽ കേരളം എന്ന സംസ്ഥാനപരിധിക്കുള്ളിൽ നിന്നുകൊണ്ട് റബർകൃഷിയെ കണ്ടിരുന്ന മലയാളി ഇനിയെങ്കിലും മാറിച്ചിന്തിക്കുക. റബർബോർഡിന്റെ കണക്കുകളും പദ്ധതികളും ഇന്ത്യയെന്ന വിശാലമായ കാഴ്ചപ്പാടിലാണ്. കൂടാതെ, രാജ്യാന്തരവിപണിയിലെ ചലനങ്ങളും ഇറക്കുമതിയിലെ അനന്തസാധ്യതകളും മനസ്സിലാക്കിവേണം റബറിന്റെ ഭാവിയെക്കുറിച്ച് കർഷകർ സ്വപ്നം കാണാൻ. സംഘടിത ശക്തി ചോർന്നുപോയ കർഷകന് വാട്ട്സാപ്പുകളിലൂടെ പരസ്പരം പരദൂഷണം നടത്താനും പഴിചാരാനുമല്ലാതെ സംസാരിക്കാൻ ഈയവസ്ഥയിൽ സാധിക്കില്ലെന്നുറപ്പാണ്. റബർകർഷക പ്രസ്ഥാനങ്ങളുടെപോലും കരുത്തു ചോർന്നുതുടങ്ങി. കർഷകരുടെ രാഷ്ട്രീയ അടിമത്തവും മറ്റൊരു പ്രധാനകാരണമാണ്. ബഫർസോൺ, വന്യമൃഗശല്യം തുടങ്ങി ജീവനും ജീവിതത്തിനും ഉയരുന്ന വെല്ലുവിളികളും അതിരൂക്ഷമായിരിക്കുന്നു. ഇതു കൂടാതെ, കാലാവസ്ഥാവ്യതിയാനം വരുത്തിയിരിക്കുന്ന ഇലപൊഴിച്ചിലും പട്ടമരപ്പും പുതിയതരം റബർരോഗങ്ങളും ടാപ്പിങ് ചെലവുകളും വിലത്തകർച്ചയോടൊപ്പം റബർകൃഷി ആദായകരമല്ലാതാക്കിയിരിക്കുമ്പോൾ വിളമാറ്റകൃഷിയെക്കുറിച്ചും ഗൗരവമായി കർഷകർ ചിന്തിച്ചുതുടങ്ങേണ്ടിയിരിക്കുന്നു. ■

# മലയാളിയുടെ ഹൃദയം എന്തുകൊണ്ടു പരാജയപ്പെടുന്നു?



**ഡോ. ജോർജ് തയ്യിൽ**

18.6 ദശലക്ഷം ആളുകളെ വർഷം പ്രതി കൊന്നൊടുക്കിക്കൊണ്ടു രോഗങ്ങളിൽ ഒന്നാമനായി ഹൃദ്രോഗം പടർന്നേറുന്നു. കൊവിഡ് 19 മൂലം മരണപ്പെട്ടവരിൽ നല്ലൊരു ശതമാനം ഹൃദയധമനീരോഗങ്ങളുള്ളവരാണെന്നോർക്കണം. ഇതുവരെ കൊവിഡ് 19 മഹാമാരിയെത്തുടർന്ന് മരണപ്പെട്ടവരുടെ കണക്കെടുത്താലും ഹൃദ്രോഗംമൂലം മരിച്ചവരുടെ എണ്ണംതന്നെ മുൻപന്തിയിൽ.

കേരളത്തിലെ ജനസംഖ്യ 36 ദശലക്ഷമാണ്. ഇതിൽ പുരുഷന്മാരുടെ ശരാശരി ആയുർദൈർഘ്യം 72 വയസ്സും സ്ത്രീകൾക്ക് എഴുപത്തിനാലുമാണ്. കേരളത്തിൽ പ്രതിവർഷം 1.80 ലക്ഷം ഹാർട്ടറ്റാക്കുകളാണ് ഉണ്ടാകുന്നത്. ഇതിൽ ഏതാണ്ട് 38000 പേർ മരണപ്പെടുന്നു. 50–70 വയസ്സിനിടയിലുള്ളവരിലാണ് ഹൃദയാഘാതം ഏറ്റവും കൂടുതലായി കാണുന്നത്. 2018 ൽ നടത്തപ്പെട്ട ഒരു പഠനത്തിൽ കേരളത്തിൽ ഹാർട്ടറ്റാക്ക് സംഭവിച്ചവരിൽ 15 ശതമാനത്തോളം പേർക്കുമാത്രമാണ് ഫലപ്രദമായ 'പ്രൈമറി ആൻജിയോപ്ലാസ്റ്റി' എന്ന കത്തീറ്റർ ചികിത്സ ഉടനടി നടത്തി ജീവൻ രക്ഷിക്കാൻ സാധിച്ചത്. കേരളത്തിൽ ഇപ്പോൾ കാത്ത്‌ലാബ് സൗകര്യമുള്ള 140 ൽപരം ആശുപത്രികളുണ്ട്. ഇതു ലോകത്തെ മികച്ച രാജ്യങ്ങളുടേതുമായി താരതമ്യപ്പെടുത്താം. ഇത്ര സാങ്കേതികമികവുള്ള ഹൃദ്രോഗചികിത്സാസൗകര്യങ്ങൾ ലഭ്യമായ മറ്റൊരു സംസ്ഥാനം ഇന്ത്യയിലില്ലെന്നുതന്നെ പറയാം. എന്നിട്ടും നമ്മുടെ നാട്ടിൽ ഏതാണ്ട് 80 ശതമാനം രോഗികൾക്കും ഹാർട്ടറ്റാക്കുണ്ടാകുമ്പോൾ കൃത്യസമയത്തു ചികിത്സ ലഭിക്കാതെ പോകുന്നു. തെറ്റായ രോഗനിർണയം, സ്വയംചികിത്സ, മറ്റ് ആൾട്ടർനേറ്റീവ് ചികിത്സാശാഖകൾക്കു പിറകേ പോകുക തുടങ്ങിയവ പ്രധാന തടസ്സം തന്നെ. ഈ കാരണങ്ങൾ ഉണ്ടെങ്കിലും ഹാർട്ടറ്റാക്കുണ്ടായ സിംഹഭാഗം രോഗികൾക്കും ജീവൽപ്രധാനമായ പ്രൈമറി ആൻജിയോപ്ലാസ്റ്റിയും മറ്റ് അനുബന്ധചികിത്സകളും ചെയ്യാൻ പറ്റാതെ പോകുന്നത് സാമ്പത്തികപരാധീനതകൾ കൊണ്ടുതന്നെ. തത്ഫലമായി ചികിത്സിച്ചുഭേദപ്പെടുത്തുവാൻ സാധിക്കുമായിരുന്ന പലരുടെയും ജീവൻ അകാലത്തിൽ പൊലിഞ്ഞുപോകുകയാണ്.

ഇനി കേരളത്തിലെ ഹൃദ്രോഗികളുടെ എണ്ണത്തിലുള്ള സ്ഫോടനാത്മകമായ വർധനയുടെ ചില കാരണങ്ങളിലേക്കു കടക്കാം. ഹൃദ്രോഗചികിത്സയ്ക്കു പൂർണ സജ്ജീകരണങ്ങളോടുകൂടിയ 'കാത്ത് ലാബ്' സൗകര്യമുള്ള ആശുപത്രികളുടെ എണ്ണം കേരളത്തിൽ ആശ്ചര്യകരമാംവിധം വർദ്ധിച്ചുവരികയാണ്. എവിടെയും ഹൃദ്രോഗികളെ ചികിത്സിക്കാനുള്ള സാമഗ്രികൾ മോടിപിടിപ്പിക്കുന്ന വ്യഗ്രതയിലാണ് ആശുപത്രിയുടമകൾ. സാങ്കേതികമികവുള്ള ചികിത്സാലയങ്ങൾ സജ്ജമാക്കാൻ ആക്രാന്തം കാണിക്കുന്ന മലയാളികൾ പക്ഷേ, കാതലായ പലതും മറന്നുപോകുന്നു. പറഞ്ഞുവന്നത് പ്രതിരോധമാർഗങ്ങളെപ്പറ്റിത്തന്നെ. ഇത്രയൊക്കെ ചികിത്സാസൗകര്യങ്ങളുള്ള പടുകൂറ്റൻ ആശുപത്രിസൗധങ്ങൾ കേരളത്തിൽ തലയുയർത്തിനിന്നിട്ടും ഇവിടത്തെ ഹൃദ്രോഗികളുടെ എണ്ണത്തിൽ കുറവുകാണുന്നുണ്ടോ? ഇല്ല. കാരണം, ചികിത്സയ്ക്കുമാത്രം പ്രാമുഖ്യം കൊടുക്കുന്ന ഒരു വികല ആരോഗ്യസംസ്കാരം നമ്മുടെ നാട്ടിൽ ആപത്കരമാംവിധം വളർന്നുവരുന്നതുകൊണ്ടുതന്നെ. ഹൃദ്രോഗത്തെ 85 ശതമാനംവരെ പടിപ്പുറത്തുനിർത്താൻ സാധിക്കുന്ന പ്രതിരോധമാർഗങ്ങൾ ഇന്നു നമ്മുടെ കൺമുമ്പിലുണ്ട് എന്നു പറഞ്ഞാൽ കേൾക്കാൻ മലയാളിക്കു മനസ്സില്ല. നാവും കണ്ണും മനസ്സുമൊക്കെ തുറക്കുന്നത് എന്തെങ്കിലും അപായങ്ങൾ ഉണ്ടാകുമ്പോൾ മാത്രമാണ്. ഹാർട്ടറ്റാക്കോ സ്ട്രോക്കോ ഒക്കെയായി തീവ്രപരിചരണവിഭാഗത്തിലകപ്പെടുന്ന രോഗി വിതുമ്പുകയാണ്. അവിടെ വച്ചെടുക്കുന്ന രക്തത്തിലെ കൊളസ്ട്രോളും പ്രഷറും ഷുഗറുമൊക്കെ ഭീഷണമാംവിധം ഉയർന്നിരിക്കുന്നു. ഇവയൊക്കെ നേരത്തേ കണ്ടുപിടിച്ചു നിയന്ത്രിച്ചിരുന്നെങ്കിൽ ഇപ്പോൾ അകപ്പെട്ട മരണാസന്നമായ ദുരവസ്ഥ ഒഴിവാകുമായിരുന്നെന്നോർത്ത് പൊട്ടിക്കരയുന്നു. ഇതാണ് ഇപ്പോൾ കേരളത്തിൽ എവിടെയും കാണുന്ന അവസ്ഥ.

കേരളത്തിലെ ഒരു സാധാരണ വീട്ടിലെ കുടുംബനാഥന് ഹൃദ്രോഗമുണ്ടായാൽ പിന്നെ ആ കുടുംബം ദാരിദ്ര്യത്തിലേക്കു കൂപ്പുകുത്തുകയാണ്. ഏതാണ്ട് 40 ശതമാനം അധികച്ചെലവാണ് ഹൃദ്രോഗപരിശോധനയ്ക്കും ചികിത്സയ്ക്കുമായി വരുന്നത്. ആജീവനാന്തം നിർവിഘ്നം കൊണ്ടുപോകേണ്ടതാണ് ഹൃദ്രോഗചികിത്സയെന്നോർക്കണം. കുടുംബനാഥനെ മാത്രം ആശ്രയിച്ചുകഴിയുന്ന കുടുംബാംഗങ്ങൾ ആ അവസ്ഥയിൽ സാമ്പത്തികമായി തകരുകതന്നെ ചെയ്യും. ഈ ദാരുണാവസ്ഥയിൽനിന്നു രക്ഷപ്പെടാൻ മാർഗങ്ങളുണ്ടെന്നോർക്കണം. കഷ്ടപ്പെട്ടുണ്ടാക്കുന്ന പണം ചെലവാക്കി ആശുപത്രികൾ കയറിയിറങ്ങുന്നതിനേക്കാൾ നല്ലത് രോഗത്തിന്റെ പിടിവിട്ടുനിൽക്കുന്നതുതന്നെ. അതു സാധ്യമാണെന്നു പറഞ്ഞാൽ കേൾക്കാനും പ്രാവർത്തികമാക്കാനും തുറവുള്ള ഒരു ഹൃദയം വേണം. പ്രതിരോധത്തിന്റെ പാത തിരഞ്ഞെടുക്കണമെന്നു പറഞ്ഞുകൊണ്ടാണ് എല്ലാ വർഷവും സെപ്റ്റംബർ 29–ാം തീയതി 'വേൾഡ് ഹാർട്ട് ഡേ' ആഗോളമായി ആചരിക്കപ്പെടുന്നത്. ഈ വർഷത്തെ ഹൃദയദിനസന്ദേശം 'ഏവർക്കും ഹൃദയാരോഗ്യസുരക്ഷ ഉറപ്പുവരുത്തുക' എന്നതാണ്. കോവിഡ് മഹാമാരി നമ്മെ വിട്ടുപോകുന്നുണ്ടെങ്കിലും ഇപ്പോഴും പലരും ഭയപ്പാടുമൂലം വീടുവിട്ട് പുറത്തിറങ്ങാതെയിരിക്കുന്നു. ഹൃദ്രോഗസംബന്ധമായ ലക്ഷണങ്ങൾ ഉണ്ടായാലും ആശുപത്രികളിൽ പോകാൻ മടിക്കുന്നു. തന്മൂലം രോഗം കലശലാകുകവരെ ചെയ്യുന്നു. ഈ സാഹചര്യങ്ങളിൽ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ചും സമൂഹത്തിൽ ഒറ്റപ്പെട്ടവരെ ഒന്നിപ്പിക്കാൻ സാധിക്കും. ഏവർക്കും ഹൃദയാരോഗ്യ പരിരക്ഷണം സമഗ്രമായി ലഭ്യമാകുന്ന വിധം പ്രതിരോധനടപടികളും സമൂഹത്തിൽ വ്യാപകമാക്കണം. ആപത്ഘടകങ്ങളുടെ കർശനമായ നിയന്ത്രണത്തിന്റെ പ്രാധാന്യം ഏവർക്കും ഹൃദിസ്ഥമാകത്തക്കവിധം പ്രചാരണങ്ങൾ സജീവമാക്കണം. ഏവരെയും ശക്തീകരിക്കാൻ സാങ്കേതികവിദ്യ സുലഭമാക്കുക. വാട്സ് ആപ്പും ഫെയ്സ് ബുക്കും ഇൻസ്റ്റഗ്രാമും തുടങ്ങി എല്ലാ സോഷ്യൽ മീഡിയാ പ്രസ്ഥാനങ്ങളും ആരോഗ്യത്തിനായി ഒത്തുചേരുക. മറ്റ് അപ്രസക്തവാർത്തകൾ പ്രചരിപ്പിക്കുന്നതിനുപകരം ഏവരുടെയും ആരോഗ്യസംരക്ഷണത്തിനു സഹായിക്കുന്ന വാർത്തകളും പ്രസ്താവനകളും പ്രചരിപ്പിക്കുക. ലോകത്തുള്ള 520 ദശലക്ഷം ഹൃദ്രോഗികൾ കൊവിഡ് മഹാമാരിയുടെ മൂർദ്ധന്യാവസ്ഥയിൽ പലതരം കഷ്ടപ്പാടുകൾക്കിരയായി. സമൂഹത്തിലെ ഒറ്റപ്പെടലും മരുന്നുകൾ കിട്ടാനുള്ള ബുദ്ധിമുട്ടും വൈദ്യസഹായം ലഭിക്കുവാനുള്ള സാമ്പത്തികപരാധീനതകളുമെല്ലാം അവരെ കൂടുതൽ രോഗാതുരരാക്കി.

## സെപ്റ്റംബർ 29 ലോകഹൃദയദിനം



ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം പലതിലും മുൻപന്തിയിൽ നിൽക്കുന്നു. സാക്ഷരതയിൽ ഒന്നാമത്, ആയുർദൈർഘ്യത്തിന്റെ കണക്കെടുത്താൽ ഇന്ത്യൻ ശരാശരിയെക്കാൾ മുമ്പിൽ, ചികിത്സാസംവിധാനങ്ങളുടെ കാര്യമെടുത്താലും പിറകിലല്ല. പക്ഷേ, ഹൃദയധമനീരോഗങ്ങളിലേക്കു നയിക്കുന്ന ആപത്ഘടകങ്ങളുടെ നിയന്ത്രണവിഷയമെടുത്താൽ മലയാളികൾ തലകുനിക്കണം. അമിതരക്തസമ്മർദ്ദം (51.32 ശതമാനം), പ്രമേഹം (33.30 ശതമാനം), കൊളസ്ട്രോൾ (41 ശതമാനം), വ്യായാമക്കുറവ് (31 ശതമാനം), ജനിതകപ്രവണത (25.29 ശതമാനം) തുടങ്ങിയവയും അമിതഭാരവും സ്ട്രെസ്സും മദ്യപാനവുമെല്ലാം ഹൃദ്രോഗത്തിലേക്കുള്ള വഴിമരുന്നായി കേരളീയരിൽ ഏറിനിൽക്കുന്നു. ഇനി, ഒരു പ്രാവശ്യം ഹാർട്ടറ്റാക്കുണ്ടായശേഷമുള്ള ദ്വിതീയപ്രതിരോധത്തിന്റെ കാര്യത്തിലും മലയാളികൾ പിറകിലാണ്. ഹൃദയാഘാതത്തിന്റെ പ്രധാന ഉദ്ദീപനഘടകങ്ങളായ അമിതവണ്ണം, രക്താതിമർദ്ദം, പുകവലി, പ്രമേഹം, എൽ.ഡി.എൽ. കൊളസ്ട്രോൾ തുടങ്ങിയവ സമഗ്രമായി നിയന്ത്രണവിധേയമാക്കുന്നതിലും കേരളീയർ തോൽക്കുന്നു.

ഈ ദിനങ്ങളിൽ ചില പ്രതിജ്ഞകൾ നാമെടുക്കണം.

വീടുകളിൽ ഹൃദയസൗഹൃദ ഭക്ഷണം മാത്രമേ പാകപ്പെടുത്തുകയുള്ളൂവെന്ന് പ്രതിജ്ഞയെടുക്കണം.

കുട്ടികളുടെ വ്യായാമശീലത്തിനും ശരീരഭാരത്തിനും ഏറെ പ്രാധാന്യം കൊടുത്ത് മാതാപിതാക്കൾ അവരുടെ സമഗ്ര ആരോഗ്യസംരക്ഷണച്ചുമതല പുനരാവിഷ്കരിക്കണം. അവരുടെ ഭക്ഷണകാര്യങ്ങളിൽ അതീവ ശ്രദ്ധ പുലർത്തുക. അവർ ഇന്ന് എന്തു കഴിക്കുന്നു എന്നതനുസരിച്ചാണ് ഭാവിയിൽ അവരുടെ ആരോഗ്യനിലവാരം അളക്കപ്പെടുന്നത്.

ഡോക്ടർമാരും നേഴ്സുമാരും മറ്റ് ആരോഗ്യപ്രവർത്തകരും തങ്ങളുമായി ബന്ധപ്പെടുന്ന രോഗികളിൽ കോളസ്ട്രോൾ, പുകവലി, മദ്യപാനശീലം, പ്രഷർ, പ്രമേഹം, അമിതവണ്ണം, വ്യായാമരാഹിത്യം, സ്ട്രെസ്സ് തുടങ്ങിയ ആരോഗ്യവിരുദ്ധമായ എല്ലാ ആപത്ഘടകങ്ങളും പൂർണമായി നിയന്ത്രണവിധേയമാകാൻ യത്നിക്കുമെന്നു പ്രതിജ്ഞയെടുക്കണം.

പണ്ടൊക്കെ വയോധികരിൽ മാത്രം കണ്ടിരുന്ന ഹൃദ്രോഗം പിന്നീട് മധ്യവയസ്കരിലേക്കും ഇപ്പോൾ ചെറുപ്പക്കാരിലേക്കും അതിഭീഷണമായവിധം പടരുകയാണ്. ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് 1978 – 2017 കാലയളവിൽ നടത്തിയ അതിബൃഹത്തായ ഗവേഷണത്തിന്റെ ഫലം ഞെട്ടിപ്പിക്കുന്ന പല വിവരങ്ങളും അനാവരണം ചെയ്യുകയാണ്. ഇതുവരെയുള്ള പഠനങ്ങളെല്ലാം പ്രാഥമികമായി 30–74 വയസ്സിനിടയ്ക്കുള്ളവരിലാണു നടത്തിയിട്ടുള്ളത്. എന്നാൽ, 30 വയസ്സിനു താഴെയുള്ളവരെ ഉൾപ്പെടുത്തി നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ വിരളമാണ്. 30 വയസ്സിനു താഴെയുള്ളവർ ഹൃദയാഘാതവുമായി ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശിക്കപ്പെട്ട് ചികിത്സ ലഭിച്ചശേഷം അടുത്ത വർഷക്കാലത്തെ അതിജീവനസ്വഭാവം നിരീക്ഷിച്ചപ്പോൾ 30 ശതമാനം പേരും മരണത്തിനു കീഴടങ്ങിയതായി കണ്ടു. 20 വർഷം കഴിഞ്ഞപ്പോൾ 48 ശതമാനം പേർ മരണപ്പെട്ടു. ഈ ഭീമമായ മരണശതമാനം ഏവരെയും അത്ഭുതപ്പെടുത്തി. ഹാർട്ടറ്റാക്കുണ്ടായ മുതിർന്നവരെക്കാൾ ഏറെ ശോചനീയമാണ് മുപ്പതു വയസ്സിനു താഴെയുള്ളവരുടെ സ്ഥിതിയെന്നു കണ്ടെത്തി. പ്രായമേറിയവരെക്കാൾ ചെറുപ്പക്കാരിൽ കൂടുതലായ മരണസംഖ്യയുടെ കാരണം പ്രധാനമായും ചികിത്സ ലഭിക്കുന്നതിനുള്ള കാലതാമസവും ചികിത്സയ്ക്കുശേഷം കൃത്യമായി ചെയ്യേണ്ട ആപത്ഘടകങ്ങളുടെ നിയന്ത്രണത്തിലും ഔഷധസേവയിലും വരുന്ന പിഴവുകളുമാണ്. ഹാർട്ടറ്റാക്കുമായി പ്രവേശിപ്പിക്കപ്പെട്ട 95 ശതമാനം ആൾക്കാരിലും പരമ്പരാഗതമായി ആപത്ഘടകങ്ങളുടെ അതിപ്രസരം കണ്ടു. 88.3 ശതമാനം പേരിൽ കൊളസ്ട്രോൾ വർദ്ധിച്ചുകണ്ടു. പുകവലി 63.5 ശതമാനം, മദ്യപാനം 20.8 ശതമാനം, അമിതപ്രഷർ 8.8 ശതമാനം, പ്രമേഹം 4.4 ശതമാനം ഇങ്ങനെ വർദ്ധിച്ചുകണ്ടു. അറ്റാക്കുകഴിഞ്ഞും പുകവലിച്ചുകൊണ്ടിരിക്കുന്നവർ 34 ശതമാനം, മദ്യപിച്ചവർ 16.8 ശതമാനം, വ്യായാമം ചെയ്യാതിരുന്നവർ 50 ശതമാനം, ചികിത്സകർ നിഷ്കർഷിച്ച മരുന്നുകൾ നിർത്തിയവർ 41 ശതമാനം, ഭക്ഷണച്ചിട്ടകൾ പാലിക്കാത്തവർ 79 ശതമാനം. ചെറുപ്പക്കാരിലെ വർദ്ധിച്ച മരണശതമാനത്തിന്റെ കാരണങ്ങൾ ഇവയൊക്കെത്തന്നെ.

രോഗങ്ങളെ പേടിക്കുന്നവരാണ് പൊതുവെ മലയാളികൾ, പ്രത്യേകിച്ചും ജീവിതശൈലീരോഗങ്ങളെ. പിന്നെയും അല്പം പേടിയുള്ളത് പകർച്ചവ്യാധികളെയാണ്. അതിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നു. എന്നാൽ, എല്ലാ പകർച്ചവ്യാധികളെക്കാളും കൂടുതലായി മനുഷ്യകുലത്തെ കൊന്നൊടുക്കുന്ന ജീവിതശൈലീരോഗങ്ങളെ, പ്രത്യേകിച്ച് ഹൃദ്രോഗത്തെ പ്രതിരോധിക്കാനുള്ള ക്രിയാത്മക മാർഗ്ഗങ്ങൾ അനുവർത്തിക്കാൻ മലയാളികൾക്കു താത്പര്യമുല്ലെന്നു പറയാം. ഈ അവസ്ഥ മാറിയില്ലെങ്കിൽ ഹൃദയധമനീ രോഗങ്ങൾ സമൂഹത്തിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾക്ക് ആരോഗ്യകേരളം ഭാവിയിൽ വലിയ വിലകൊടുക്കേണ്ടിവരും.

*(ലേഖകൻ എറണാകുളം ലൂർദ്ദ് ആശുപത്രിയിലെ ഹൃദ്രോഗവിദഗ്ദ്ധനാണ്.)*

■

## ശ്രേഷ്ഠമലയാളം

**ഡോ. ഡേവിസ് സേവ്യർ**



# ലാഘവം

ഇരുത്തം വന്ന ഗദ്യകാരന്മാർക്കും നോട്ടപ്പിശകുമൂലം പിഴകൾ പറ്റിപ്പോകാം. അവ അച്ചടിച്ചു വന്നുകഴിഞ്ഞാൽപ്പിന്നെ തിരുത്തുക പ്രയാസമാണ്. പതിപ്പുകളുടെ എണ്ണം വർദ്ധിക്കുന്തോറും തെറ്റുകളുടെ ആവൃത്തിയും കൂടിക്കൂടിവരും. ഗ്രന്ഥകാരൻ പിന്നീട് സ്വന്തം പുസ്തകം മറിച്ചുനോക്കണമെന്നില്ലല്ലോ! അതോടെ സ്ഖലിതരൂപങ്ങൾക്ക് സ്ഥിരപ്രതിഷ്ഠ ലഭിക്കുകയുണ്ടായി. പരിണതപ്രജ്ഞരായ രചയിതാക്കളുടെ തെറ്റുകൾ എഴുതിത്തുടങ്ങുന്നവർ ആവർത്തിക്കാനേ സാധ്യതയുള്ളൂ.

കവിയും ഗ്രന്ഥകാരനുമായ കെ. ജയകുമാർ രചിച്ച ലളിതജീവിതം എന്ന കൃതിയിലെ ഒരു വാചകം ഇങ്ങനെ: "അർഹവും അനർഹവുമായ മാർഗങ്ങളിലൂടെ പണം നേടാമെന്ന തീരുമാനം വിശ്രാന്തിയും 'ലാഘവത്വ'വും അന്യമാക്കുന്നു."* ലാഘവത്വം എന്ന പദമാണ് ഈ വാക്യത്തെ വികലമാക്കുന്നത്. രണ്ടാംപതിപ്പിലും തെറ്റ് തിരുത്തപ്പെടാതെ ആവർത്തിച്ചിട്ടുണ്ട്. സംസ്കൃതത്തിൽ ഒരേ ശബ്ദത്തിൽനിന്ന് ഭാവവാചകസംജ്ഞകൾ നിർമിക്കാം. ലഘു എന്ന വിശേഷണത്തിൽനിന്നു സൃഷ്ടിച്ചെടുക്കുന്ന (നാമനിഷ്പന്ന)രൂപങ്ങളാണ് ലാഘവം, ലഘുത, ലഘുത്വം, ലഘിമ എന്നിവ. നിസ്സാരത, കനക്കുറവ്, ചാപല്യം എന്നൊക്കെ അർത്ഥം. ഇവയിൽ താ, മാ എന്നീ പ്രത്യയങ്ങൾ മലയാളമാക്കുമ്പോൾ 'അനേകാക്ഷരപദങ്ങൾ ഹ്രസ്വാന്തമാക്കണം' എന്ന നിയമപ്രകാരം ത, മ എന്നൊക്കെയാകും. ദൃഢത, ദ്രഢിമ; മൃദുത, മ്രദിമ; കൃശത, ക്രശിമ; ഗുരുത, ഗരിമ; തരുണത, തരുണിമ; ജഡത, ജഡിമ എന്നെല്ലാം സാധുരൂപങ്ങൾ സൃഷ്ടിക്കാം. **ലഘു എന്ന വിശേഷണം ലാഘവം എന്നാകുന്നതോടെ നാമമായിക്കഴിഞ്ഞു. വീണ്ടും ത്വം ചേർത്ത് ലാഘവത്വം എന്നു പ്രയോഗിക്കേണ്ടതില്ല. ത ചേർക്കണമെന്നു നിർബന്ധമാണെങ്കിൽ ലഘുത എന്നോ ലഘുത്വം എന്നോ പ്രയോഗിക്കണം. 'ലാഘവത്വം' തികച്ചും തെറ്റാണ്; ഒഴിവാക്കണം. എഴുത്തുകാർ പേരും പെരുമയും ഉള്ളവരാണെന്നു കരുതി തെറ്റ് തെറ്റല്ലാതെയാകുന്നില്ലല്ലോ!

* ജയകുമാർ, കെ., ലളിതജീവിതം, മാതൃഭൂമി ബുക്സ് കോഴിക്കോട്, 2021, പുറം – 75

** വാസുദേവഭട്ടതിരി, സി.വി., നല്ല മലയാളം, ഡി.സി. ബുക്സ് കോട്ടയം, 1999, പുറം – 71.

# ഈശോ

FROM THE BIBLE 27



**ഫാ. തോമസ് പാട്ടത്തിൽചിറ CMF**

# പാദക്ഷാളനം



അരത്താലം വെള്ളത്തിന്റെയും അരയിൽ ചുറ്റിയ ഒരു മുറി വെള്ളക്കച്ചയുടെയുമൊക്കെ അന്തരാർത്ഥങ്ങൾ വിണ്ണ് മണ്ണിനെ പഠിപ്പിച്ച ഒരു പാവനകർമത്തിനു സെഹിയോൻ മാളിക മൂകസാക്ഷിയായി. ശിഷ്യൻ ഗുരുവിനെക്കാൾ വലിയവനല്ലെന്നു വിളിച്ചുപറഞ്ഞവൻതന്നെ ശിഷ്യരെക്കാൾ ചെറിയവനും വിനീതനുമായി അവരുടെ പൊടിപുരണ്ട പാദങ്ങൾ കഴുകിത്തുടച്ചു. സ്നേഹത്തിന്റെയും സേവനത്തിന്റെയും സഹനത്തിന്റെയുമൊക്കെ പുതിയ പാഠങ്ങൾ ഉരുവിട്ടുതന്ന ഗുരുമുഖം തങ്ങളുടെ പാദങ്ങൾ ചുംബിക്കാൻ താണുചെന്നപ്പോൾ അവർ സ്തബ്ധരായി. അന്നത്തെ അന്ത്യഭോജനവേളയിൽ സ്വന്തം ശരീരരക്തങ്ങൾ അത്താഴവിരുന്നായി വിളമ്പിക്കൊടുത്തവനു മിച്ചമുണ്ടായിരുന്നത് ഒന്നുമില്ലാത്ത, ആശ്രിതനായ വെറുമൊരു വേലക്കാരന്റെ അവസ്ഥമാത്രം. പുൽക്കൂട്ടിൽ തുടങ്ങിയതാണ് ഇല്ലായ്മയോടുള്ള അവന്റെ ഈ വല്ലാത്ത അഭിനിവേശം, ദാസനാകാനുള്ള ദാഹം. ഇഹലോകജീവിതത്തിന്റെ അന്തിമനാഴികകളിലും അവനു തുടങ്ങാനുള്ളത് പാദങ്ങളിൽനിന്നുതന്നെ.

പെസഹാവ്യാഴത്തിലെ പാദക്ഷാളനം വലിയ വെളിപാടുകൾ നല്കുന്നുണ്ട്. മറ്റുള്ളവരെ വിശുദ്ധീകരിക്കാനുള്ള വിളിയാണ് വിശ്വാസികളായ നമുക്കുള്ളത്. അന്യരുടെ പാദങ്ങൾ കഴുകുക എന്നാൽ അവരെ വിശുദ്ധീകരിക്കുക എന്നർത്ഥം. അവരുടെ അശുദ്ധിക്കു നാമായിട്ട് കാരണമാകാതിരിക്കുക. മറ്റുള്ളവരുടെ പാദങ്ങൾ നാം കഴുകുമ്പോൾ അവരെ നമ്മെക്കാൾ കൂടുതൽ ശ്രേഷ്ഠരായി നാം കണക്കാക്കുന്നു എന്ന മാനംകൂടിയുണ്ട്. വലിയൊരു വെല്ലുവിളിയാണത്. കാരണം, പലപ്പോഴും മറ്റുള്ളവരെക്കാൾ എല്ലാംകൊണ്ടും മിടുക്കും മാന്യതയും നമുക്കുണ്ട് എന്നു നാം കരുതാറില്ലേ? എന്നാൽ, മറ്റൊരാളുടെ കാലുകൾ കഴുകണമെങ്കിൽ നാം നന്നായി കുനിഞ്ഞേ മതിയാവൂ. അതിനു വിനയമെന്ന വരം വേണം. വിനയത്തെ ബലഹീനതയും ഭീരുത്വത്തിന്റെ പര്യായവുമായി എണ്ണുന്ന, കുമ്പിടുന്നതിനെ കുറവായിക്കാണുന്ന ലോകത്തിൽ ചെറുതാകാൻ നാം മടിക്കരുത്. മറ്റുള്ളവരുടെ കാലുകൾ തുടയ്ക്കുന്നതിന് കുറേക്കൂടി കരുതലും വാത്സല്യവും വേണം. ഒപ്പിയെടുക്കുക എന്നത് പരിചരിക്കുന്നതിനു സമമാണ്. നമ്മുടെ സഹജരുടെ കദനങ്ങളും കണ്ണീരുമൊക്കെ ഒരു പരിധിവരെ ഒപ്പിയെടുക്കാൻ ക്രിസ്ത്യാനികളായ നമുക്കു കടമയുണ്ട്. അരപ്പാത്രം വെള്ളവും അരയിൽ കെട്ടാനുള്ള ഒരു കച്ചക്കഷണവും നമ്മുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും എന്നാളും നാം സൂക്ഷിച്ചുവയ്ക്കണം. ഓരോ ജീവിതാന്തസ്സിനും തനതായ പാദക്ഷാളനതലമുണ്ട്. ഓർക്കണം, പരസ്പരം കരങ്ങൾ കോർത്തു തുടങ്ങേണ്ടതും കാലുകൾ കഴുകി തുടരേണ്ടതുമായ ഒന്നാണ് ദാമ്പത്യജീവിതം. അന്നു സെഹിയോൻ ഊട്ടുമുറിയിൽ നടന്നതും ഇന്നു നമ്മുടെ ഭവനങ്ങളിൽ നടക്കുന്നതുമായ 'കൂദാശ' യാകട്ടെ പാദക്ഷാളനം. മനുഷ്യരായ നമുക്കു പരസ്പരം പാദങ്ങൾ കഴുകിത്തുടയ്ക്കാൻ കഴിയുന്നില്ലെങ്കിൽ മനുഷ്യപുത്രൻ നടത്തിയ പാദക്ഷാളനം വെറുതെ കണ്ടിരിക്കാവുന്ന ഒരു കർമം മാത്രം.

■

# ദേവാങ്കണം



*11-ാം പേജ് തുടർച്ച*

അവർ ഏറെനേരം സംസാരിച്ചിരുന്നു. സംസാരത്തിനിടയിൽ ഒരിക്കൽപ്പോലും ദേവസഹായം താനനുഭവിക്കുന്ന പീഡനങ്ങളെക്കുറിച്ചു പരിതപിച്ചില്ല. സങ്കടങ്ങൾ പറഞ്ഞില്ല.

ദേവസഹായത്തെ കാണുവാനായി അനേകർ എത്തിക്കൊണ്ടിരുന്നതിനാൽ തങ്ങൾക്കു യാത്ര പറയാനുള്ള സമയമായിരിക്കുന്നു എന്നു ഡിലനായിയും സഹചാരികൾക്കും മനസ്സിലായി.

"മാന്യമിത്രമേ, താങ്കളുടെ അനുവാദത്തോടെ ഞങ്ങൾ മടങ്ങാനൊരുങ്ങുന്നു. ഞങ്ങളിനിയും അങ്ങയെ കാണുവാനായി വരും."

കുറച്ചുനേരത്തേക്ക് ദേവസഹായം കണ്ണുകളടച്ചിരുന്നു. അടഞ്ഞ കണ്ണുകൾക്കുള്ളിൽ ദർശനങ്ങളുടെ പ്രവാചകഗരിമയുള്ള നീലനക്ഷത്രങ്ങൾ മിന്നിമറയുന്നു.

ദൂരെയെവിടെയോ ഒരു കുന്നിൻമുകളിൽ സൂര്യപൂർണിമയോടെ ഒരു മരണം ദേവസഹായം കാണുന്നു. തനിക്ക് ഇനി ഭൂമിയിൽ അധികസൂര്യോദയങ്ങളില്ലെന്ന് ദേവസഹായത്തിനു വെളിപ്പെടുന്നു.

കുറച്ചുനേരം കഴിഞ്ഞ് അദ്ദേഹം ഇമകൾ നിവർത്തി ക്യാപ്റ്റൻ ഡിലനായിയെ നോക്കി. എന്നിട്ടു പറഞ്ഞു:

"മാന്യമിത്രമേ, നമ്മൾതമ്മിൽ ഇനിയൊരു കൂടിക്കാഴ്ച ഉണ്ടാവില്ല." ഒരു ശീതക്കാറ്റ് വീശുന്നതുപോലെയായിരുന്നു ദേവസഹായത്തിന്റെ ശബ്ദം.

എവിടെനിന്നോ ഒരു കടൽപ്പെരുപ്പം ഡിലനായി കേട്ടു. വൃക്ഷച്ചില്ലകളിൽ കാറ്റു പിടയുന്നു.

എന്തൊക്കെയോ ദേവസഹായത്തോടു സംസാരിക്കണമെന്നുണ്ടായിരുന്നു ഡിലനായിക്ക്. പക്ഷേ, വാക്കുകൾ അദ്ദേഹത്തിനു വഴങ്ങിയില്ല. ഹൃദയം ഛിന്നഭിന്നമാക്കപ്പെടുന്നതുപോലെ. അന്തരംഗത്തിലെവിടെയോ രക്തം കിനിയുന്നുണ്ട്.

ഏറെനേരം മൗനം അവർക്കിടയിൽ തിരയടങ്ങിയ സമുദ്രംപോലെ നിർജീവം കിടന്നു. ഏറെ പാടുപെട്ടാണ് ഡിലനായി അതിലൊരു ചെറുതിരയുയർത്തിയെടുത്തത്. അദ്ദേഹം പറഞ്ഞു:

"മിത്രമേ, ഞാനും കുടുംബവും താങ്കൾക്കുവേണ്ടി ദൈവത്തോട് സദാനേരവും പ്രാർത്ഥനാനിരതരായിരിക്കും..."

"അതു മാത്രമാണ് കപ്പിത്താൻ, ഈയുള്ളവനും ആഗ്രഹിക്കുന്നത്..."

അവർ പിന്നീടധികം നിന്നില്ല. ദേവസഹായത്തിന്റെ പാദങ്ങളിൽ നമസ്കരിച്ചു പിൻതിരിഞ്ഞു.

പെരുവിളയിൽനിന്ന് അധികദൂരത്തല്ലാതെ പാർവതീപുരം എന്ന സ്ഥലത്ത് ക്യാപ്റ്റൻ ഡിലനായിയുടെ കുതിരയും കുതിരവണ്ടിയും വിശ്രമിക്കുന്നുണ്ടായിരുന്നു. അവിടെയെത്തിയ ഡിലനായി തന്റെ പ്രച്ഛന്നവേഷം അഴിച്ചുമാറ്റി. ഔദ്യോഗികവേഷങ്ങളിലേക്കു ചേക്കേറി.

ക്യാപ്റ്റൻ ഡിലനായിയും ചൊക്കലിംഗവും കുതിരവണ്ടിയിൽ കയറി. ധർമരാജ് കുതിരവണ്ടി ഉദയഗിരിയിലേക്കു തെളിച്ചു.

യാത്രയ്ക്കിടയിൽ മൂവരും ശബ്ദിച്ചില്ല. പക്ഷേ, എല്ലാവരുടെയും മനസ്സുകളിൽ ദേവസഹായം തെളിഞ്ഞുനിന്നു. ക്രിസ്തുവിനെപ്രതിയുള്ള സഹനത്തിന്റെ മൂർത്തരൂപം. അത് അവരെ വല്ലാതെ വേദനിപ്പിക്കുകയും ചെയ്തു.

അന്ന് പതിവിലേറെ സന്ദർശകരുണ്ടായിരുന്നു ദേവസഹായത്തിന്. ആയതിനാൽ, പകൽ പോയതറിഞ്ഞില്ല.

ഇന്നലെ പാതിരാവിൽ മധുരേന്ദ്രസ്വാമികളോടൊപ്പം വടക്കുംകുളത്തിനു തിരിച്ച ശെൽവം അസ്തമയനേരമായിട്ടും മടങ്ങിയെത്തിയിട്ടില്ല. അത് ദേവസഹായത്തെ ചെറുതായി അസ്വസ്ഥപ്പെടുത്താനും തുടങ്ങിയിരുന്നു.

ഇരുട്ടുവീണപ്പോഴാണ് ആരാച്ചാർ ഒരു വിളക്കുമായി ദേവസഹായത്തിനടുത്തെത്തിയത്. അങ്ങനെയൊരു പതിവില്ല.

വന്നപാടേ വിളക്ക് നിലത്തുവച്ച് ആരാച്ചാർ ദേവസഹായത്തിനടുത്തിരുന്നു. എന്നിട്ട് ശബ്ദം താഴ്ത്തി പറഞ്ഞു:

"അല്ലയോ പുണ്യാത്മാവേ, ആരുമറിയാതെ നിങ്ങളുടെ വിലങ്ങുകൾ ഞാൻ പൊട്ടിച്ചു തരാം. ഈ രാത്രിയിൽത്തന്നെ എവിടേക്കെങ്കിലും ഓടി രക്ഷപ്പെട്ടുകൊള്ളുക...."

(തുടരും)

# വേണം, പുതിയൊരു കായികസംസ്കാരം



ജിസ് ജോസഫ്

പ്രാചീന കാലംമുതൽ കായികവിദ്യാഭ്യാസത്തിനും കായികസംസ്കാരത്തിനും വ്യക്തമായ പ്രാധാന്യം നൽകിയിരുന്ന നാടാണ് നമ്മുടേത്. ഗുരുകുല വിദ്യാഭ്യാസത്തിന്റെ ആവിർഭാവത്തോടെ ഭാരതത്തിൽ കായികവിദ്യാഭ്യാസത്തിനും സംസ്കാരത്തിനും തുടക്കം കുറിക്കപ്പെട്ടു എന്നു വേണം പറയാൻ. പക്ഷേ, പലപ്പോഴും കായികഭൂപടത്തിൽ ഇന്ത്യയ്ക്കു വ്യക്തമായ ഒരു സ്ഥാനം രേഖപ്പെടുത്താൻ സാധിക്കാത്തത് വലിയൊരു പോരായ്മയായിത്തന്നെ നിലനിൽക്കുന്നു. ചില മേഖലകളിൽ അവിടവിടായി ഉണ്ടാകുന്ന മെഡൽനേട്ടങ്ങൾ ചെറിയൊരാശ്വാസം തരുന്നുണ്ടെങ്കിലും സ്വന്തമായി ഒരു കായികനയം പോലും രാജ്യത്തിനു സ്വീകരിക്കാനാവാത്തത് വലിയ ആശങ്കയാണുളവാക്കുന്നത്. 130 കോടി വരുന്ന ജനതയുടെ കായികനിലവാരം കടലാസുകളിൽമാത്രമായി ഒതുങ്ങുന്നു.

കളിസ്ഥലങ്ങളിലൂടെ ഒരു കായികസംസ്കാരം രൂപപ്പെടുന്നതും അതു സമൂഹത്തിന്റെ മൊത്തം ജീവിതത്തിൽ സ്വാധീനം ചെലുത്തുന്നതെങ്ങനെയെന്നും മനസ്സിലാക്കാനുള്ള ശ്രമം ഇവിടെ നടക്കുന്നില്ല. മെച്ചപ്പെട്ട കായികസംസ്കാരം സമൂഹത്തിന്റെ സന്തുലിതാവസ്ഥയെ വളരെ ഗുണപരമായ രീതിയിൽ സ്വാധീനിക്കുന്നുണ്ടെന്ന കാര്യവും പലപ്പോഴും വിസ്മരിക്കപ്പെടുന്നു. ഇതൊരു സാമൂഹികശാസ്ത്ര വിഷയമാണ് എന്നതു പലപ്പോഴും അംഗീകരിക്കപ്പെടുന്നില്ല. നവോത്ഥാനത്തെയും രാഷ്ട്രീയമുന്നേറ്റങ്ങളെയും കലാപരമായ പ്രവർത്തനങ്ങളും കലാരൂപങ്ങളും സ്വാധീനിച്ചതുപോലെതന്നെ കായികരംഗത്തിനും സാമൂഹികമാറ്റങ്ങളിൽ വ്യക്തമായ സ്വാധീനം ചെലുത്താൻ സാധിക്കും. അതിന്, മറ്റു മേഖലകൾക്കു നൽകുന്നത്ര പ്രാധാന്യം കായികമേഖലയ്ക്കും ലഭിക്കേണ്ടതുണ്ട്. ഒരു നവകായികസംസ്കാരം ഇവിടെ രൂപപ്പെടുത്തിയെടുക്കേണ്ടിയിരിക്കുന്നു.

പ്രാഥമിക വിദ്യാഭ്യാസഘട്ടംമുതൽ ഈ സംസ്കാര രൂപവത്കരണം ഉറപ്പുവരുത്തേണ്ടതുണ്ട്. വിദ്യാഭ്യാസവിദഗ്ധരുടെ വിലയിരുത്തൽപ്രകാരം കളി, എഴുത്ത്, വായന, ഗണിതം എന്നീ നാല് അടിസ്ഥാന ഘടകങ്ങളടങ്ങിയതാണ് പ്രാഥമികവിദ്യാഭ്യാസം. അതിൽത്തന്നെ, കുട്ടികളുടെ യുക്തിവിചാരത്തെയും ഓർമശക്തിയെയും തീരുമാനങ്ങൾ എടുക്കാനുള്ള കഴിവിനെയും സൃഷ്ടിപരതയെയും നിശ്ചയിക്കുന്നതിൽ കളികൾക്ക് നിർണായകമായ സ്വാധീനമുണ്ട്.

പ്രഫ. റോബർട്ട് എം. മലിന കളികളെയും കായികവിദ്യാഭ്യാസത്തെയുംകുറിച്ചു പറഞ്ഞതു ശ്രദ്ധേയമാണ്: "കായികവിദ്യാഭ്യാസത്തിന് ഒരു കുട്ടിയുടെ വ്യക്തിത്വവികാസത്തിൽ അനിഷേധ്യസ്ഥാനമുണ്ട്. മാത്രമല്ല, ഒരു കുട്ടിക്കു ഭാവിയിലേക്കുവേണ്ട ജീവിതപരിചയം പകർന്നുനൽകുന്നതിലും കളികൾക്കു വലിയ സ്ഥാനമുണ്ട്." പക്ഷേ, പല മാതാപിതാക്കളും വളരെ ഭയത്തോടെയാണ് കായികമേഖലയെയും കളികളെയും കാണുന്നത്. കായികരംഗത്ത് ഒരു കുട്ടിക്കു താത്പര്യം ജനിച്ചാൽ അവന്റെ കരിയർ നഷ്ടമാകുമെന്ന പൊതുഅവബോധത്തെ, ഭയത്തെ മാറ്റിനിർത്താനായെങ്കിൽ മാത്രമേ മെച്ചപ്പെട്ട ഒരു കായികസംസ്കാരം സൃഷ്ടിക്കാനാകൂ.

ഇന്ത്യൻ കൗൺസിൽഫോർ മെഡിക്കൽ റിസർച്ചും പബ്ലിക് ഹെൽത്ത് ഫൗണ്ടേഷൻ ഓഫ് ഇന്ത്യയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് മെട്രിക്സ് ആൻഡ് ഇവാലുവേഷനും ചേർന്നു നടത്തിയ ഒരുപഠനം കാണിക്കുന്നത് 40 നും 69 നും മധ്യേ പ്രായമുള്ളവരിലെ മരണത്തിൽ 37.8 ശതമാനവും നടക്കുന്നത് ഹൃദ്രോഗം മൂലമാണെന്നാണ്. അതുപോലെതന്നെ 70 വയസ്സിൽ കൂടുതലുള്ളവരുടെ മരണത്തിൽ 45.7 ശതമാനത്തിനു കാരണവും ഹൃദ്രോഗംതന്നെ.

കൊവിഡുപോലുള്ള മഹാമാരികൾമൂലമുണ്ടായ മരണങ്ങളൊഴിച്ചാൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായി പകർച്ചവ്യാധികളടക്കമുള്ള മരണകാരണങ്ങളെ കവച്ചുവയ്ക്കുകയാണ് ജീവിതശൈലീരോഗങ്ങൾ. ഒരു കാലത്ത് ഭയത്തോടെ കണ്ടിരുന്ന കാൻസർ തുടങ്ങിയ രോഗങ്ങളൊക്കെ ഇന്നു ജീവിതശൈലീരോഗങ്ങളുടെ ഗണത്തിലാണ്. ടെക്നോളജിയുടെ ആവിർഭാവത്തോടുകൂടി ദ്രുതഗതിയിൽ ഓടിക്കൊണ്ടിരിക്കുന്ന സമൂഹത്തിന്റെ ജീവിതശൈലിയിൽ കായികാഭ്യാസങ്ങളിലുണ്ടായ കുറവ് ഇത്തരം രോഗങ്ങൾക്കുള്ള പ്രധാന കാരണമായി ആരോഗ്യവിദഗ്ധർ വിലയിരുത്തുന്നു. ഇവിടെയാണ് കുട്ടികളിൽ ചെറുപ്രായത്തിൽത്തന്നെ കായികാഭ്യാസങ്ങളോട് ആഭിമുഖ്യം പുലർത്തുന്ന ഒരു നവകായികസംസ്കാരം പടുത്തുയർത്തുന്നതിന്റെ ആവശ്യകത ഉയർന്നുവരുന്നത്.

ഇന്ത്യയ്ക്കു നിരവധി മാതൃകകൾ നൽകിയ സംസ്ഥാനമായ കേരളത്തിനുപോലും കായികമേഖലയിൽ ഒരു 'കേരളമോഡൽ' നൽകാൻ ഇനിയും കഴിഞ്ഞിട്ടില്ല; ഒരു ജനകീയകായികസംസ്കാരം രൂപപ്പെടുത്താൻ സാധിച്ചിട്ടില്ല. എങ്കിലും കായികക്ഷമതാമിഷൻപോലുള്ള പദ്ധതികളിലൂടെ നൂറു ശതമാനം ശാരീരികക്ഷമതയും ഫിസിക്കൽ ഫിറ്റ്നസും കൈവരിക്കാനുള്ള സംസ്ഥാനത്തിന്റെ ശ്രമം പ്രതീക്ഷകൾ നൽകുന്നുണ്ട്.

ജനകീയകായികസംസ്കാരത്തിലൂന്നിയുള്ള ജനക്ഷേമത്തിന്റെ ഇന്ത്യൻ മാതൃകയാണ് ഇഷ ഗ്രാമോത്സവം. കായികവിനോദങ്ങൾ സമഗ്രമായ സൗഖ്യത്തിന് അത്യാവശ്യമാണെന്നു കണ്ടതനുസരിച്ച് യൂണിസെഫും ഇഷ ഫൗണ്ടേഷനും ചേർന്ന് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതിയാണിത്. വിശാഖപട്ടണം ജില്ലയിൽ ആനന്ദപുരം മണ്ഡലത്തിലെ 26 ഗ്രാമപ്പഞ്ചായത്തുകളിലാണ് ഇതു നടപ്പിലാക്കിയത്. ഇത്തരം കായികവിനോദങ്ങൾ സാമുദായികൈക്യം വർദ്ധിപ്പിക്കുകയും ആരോഗ്യം മെച്ചപ്പെടുത്തുകയും സ്ത്രീശക്തീകരണം സാധ്യമാക്കുകയും തൊഴിൽ ചെയ്യാനുള്ള ക്ഷമത കൂട്ടുകയും അനാരോഗ്യകരമായ സ്വഭാവങ്ങളിൽനിന്ന് ആളുകളെ അകറ്റിനിർത്തുകയും ചെയ്യാൻ സഹായകമാണെന്നു തെളിഞ്ഞിട്ടുണ്ട്.

ആശുപത്രികൾപോലുള്ള അടിസ്ഥാനസൗകര്യങ്ങൾക്കു കൊടുക്കുന്ന പ്രാധാന്യം കായികമേഖലയിലുള്ള വികസനത്തിനും അടിസ്ഥാനസൗകര്യങ്ങൾക്കും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിലവിൽ നൽകിവരുന്നുണ്ടെങ്കിലും മുന്നോട്ടുള്ള യാത്രയിൽമാത്രമേ ഒരു കായികസംസ്കാരം കെട്ടിപ്പടുക്കാൻ തക്ക പ്രാധാന്യം അതിനു നൽകിയിരുന്നോ എന്നു വ്യക്തമാവുകയുള്ളൂ.

മൊത്തത്തിൽ, സ്പോർട്സിനെയും ഫിറ്റ്നസിനെയും കുറിച്ചുള്ള അവബോധം ആരോഗ്യകരവും ഊർജസ്വലവുമായ ഒരു രാജ്യത്തെയാണ് സംഭാവന ചെയ്യുന്നത്. ഒരു വിജയിയുടെ അഭിമാനത്തിലും മനോഭാവത്തിലുമുള്ള 'പുതിയ ഇന്ത്യ'യുടെ രൂപവത്കരണത്തിന് ജനകീയകായികസംസ്കാരത്തിന് വിലപ്പെട്ട സംഭാവന നൽകുവാൻ സഹായകമാകും. ■







*ചരിത്രകാരനും ക്രൈസ്തവപണ്ഡിതനുമായ പ്രഫ. ഷെവലിയാർ ജോർജ് മേനാച്ചേരി തയ്യാറാക്കിയ 'എക്യുമെനിസം ആൻഡ് ചർച്ച് യൂണിറ്റി ഇൻ ഇന്ത്യാ' എന്ന ഇംഗ്ലീഷ് ഗ്രന്ഥം ജർമനിയിൽ കാന്റർബറി സഭാതലവൻ ആർച്ചുബിഷപ് ഡോ. ജസ്റ്റിൻ വെബ്ലി മാർത്തോമ്മാസഭയിലെ മാർ ഫിലിക്സിനോസ് തിരുമേനിക്കു നല്കി പ്രകാശനം ചെയ്യുന്നു. ആർച്ചുബിഷപ് മാർ അബ്രാഹം തിരുമേനി, റവ. അസറിയ, പ്രഫ. ഇന്ദിര ജെട്ടി എന്നിവരാണു സമീപം. ജർമനിയിലെ കാർസ് റൂഹായിൽ ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ എട്ടുവരെ തീയതികളിൽ നടന്ന പതിനൊന്നാം വേൾഡ് ചർച്ച് കൗൺസിലിലായിരുന്നു പ്രകാശനകർമം.*

Deepanalam Weekly
RNI No : 16998/68
Vol. 55 No. 29 Date of Publication 22 Sept 2022
Annual Subscription Rate ₹400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment



# ദീപനാളം സാഹിത്യോത്സവം

**ദീപനാളത്തിന്റെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ - ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കായി അഖിലകേരളാടിസ്ഥാനത്തിൽ സാഹിത്യരചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു.**
**ഉപന്യാസം, ചെറുകഥ, കവിത, ചിത്രരചന**
**എന്നീ വിഭാഗങ്ങളിലാണ് മത്സരങ്ങൾ.**

## പൊതുനിബന്ധനകൾ

- രണ്ടു ഘട്ടങ്ങളിലായാണ് മത്സരം. ആദ്യഘട്ടത്തിൽ കാലികപ്രാധാന്യമുള്ള ഏതു സാമൂഹികവിഷയവും തിരഞ്ഞെടുത്ത് എഴുതാവുന്നതാണ്. രചനാമികവിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്നവർക്കു മാത്രമായിരിക്കും രണ്ടാം ഘട്ടത്തിൽ പ്രവേശനം.
- ഉപന്യാസം അഞ്ചു പേജിലും, കഥ മൂന്നു പേജിലും, കവിത ഇരുപതു വരിയിലും കവിയരുത്.
- ചിത്രരചനയ്ക്ക് വാട്ടർകളർ, പോസ്റ്റർ കളർ, ക്രയോൺസ് എന്നിവ മീഡിയമായി ഉപയോഗിക്കാവുന്നതാണ്.
- ഹൈസ്കൂൾ - ഹയർ സെക്കൻഡറി വിഭാഗങ്ങൾക്ക് പ്രത്യേകം മത്സരങ്ങൾ ഉണ്ടായിരിക്കുന്നതല്ല.
- എൻട്രികൾ editordeepanalam@gmail.com എന്ന ഇ-മെയിൽ ഐഡിയിലേക്കോ 7306874714 എന്ന വാട്സാപ്പ് നമ്പരിലേക്കോ അയയ്ക്കേണ്ടതാണ്.
- എൻട്രികൾ **2022 സെപ്റ്റംബർ 30** നുമുമ്പ് ലഭിച്ചിരിക്കണം.
- രജിസ്ട്രേഷൻഫീസ് 100 രൂപ. Deepanalam A/C No: 435 922 000 334 59, IFSC : CNRB 001 43 59 (Canara Bank, Pala Branch) എന്ന നമ്പരിലേക്ക് രജി. ഫീസ് ഗൂഗിൾപേ ചെയ്യേണ്ടതാണ്.
- എൻട്രികളോടൊപ്പം E-mail ID യും ഫോൺ നമ്പരും ബാങ്ക് ട്രാൻസാക്ഷൻ രേഖയും നിർബന്ധമായും ചേർത്തിരിക്കണം.
- ഫൈനൽ മത്സരങ്ങൾ (രണ്ടാം റൗണ്ട്) **ഒക്ടോബർ 24 തിങ്കളാഴ്ച** രാവിലെ 10 മണി മുതൽ ദീപനാളം ഓഡിറ്റോറിയത്തിൽ നടത്തുന്നതാണ്.
- ഫൈനൽ റൗണ്ട് മത്സരങ്ങളിലേക്കു യോഗ്യരാകുന്നവർക്കുള്ള നിർദേശങ്ങൾ ഫോൺ മുഖേന അറിയിക്കുന്നതാണ്.
- ഫൈനൽ റൗണ്ടിലേക്കു തിരഞ്ഞെടുക്കപ്പെടുന്ന എല്ലാവർക്കും പ്രോത്സാഹനസമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും ഉണ്ടായിരിക്കും.




**കാഷ് അവാർഡുകളും ആകർഷകമായ സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും വിജയികളെ കാത്തിരിക്കുന്നു.**

ഓരോ വിഭാഗത്തിലും
ഒന്നും രണ്ടും മൂന്നും
സ്ഥാനങ്ങൾ നേടുന്നവർക്ക്

**1-ാം സമ്മാനം ₹ 3001**
**2-ാം സമ്മാനം ₹ 2001**
**3-ാം സമ്മാനം ₹ 1001**

**മികച്ച രചനകൾ ദീപനാളത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.**




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org